നാന

സിനിമാവാരിക

150



ശ്രീകുമാരൻതമ്പി
അഭിമുഖത്തിന്
ടിപ്പണി എഴുതുന്നു



പ്പോ
നന്ദമസ
ചെയ്യും. വ
മററാന്ന്. ഇ
സൃഷ്ടിയോടൊപ്പ
ഭൗതികാതീത ശ
മല്ല. മനുഷ്യരെ
യോഗ്യത പ്രകാര
നിയമിക്കുന്ന
ത്രങ്ങളുടെ ഗുണദോ
യാം. സ്വയം
പലച്ചിത്രങ്ങളു
കള് വിരാമമി

തെററിദ്ധ
ന്ന പലതര
അതിക്രമിച്ചിരിക

—പത്രാധിപർ

'ആമ്പൽ

മുഖചിത്രം മധു, ഫോട്ടോ: കൃഷ്ണൻകുട്ടി

രാജലക്ഷ്മി: എം. കെ. രാമമൂർത്തി

വില
~~1 രൂപ 60 പൈസ~~
6.0

പുസ്തകം 9 ലക്കം 44 1981 സെപ്തംബർ 6 വില 1 രൂപ 50 പൈസ

മാനേജിംഗ് എഡിററർ:
ആർ. കൃഷ്ണസ്വാമി

എഡിററർ:
എസ്. രാമകൃഷ്ണൻ

അസിസ്റ്റൻറ് എഡിററർ:
നിർമ്മല

നാന
സിനിമാവാരിക

സെൻസർ ബോർഡിൻെറ ചിററമ്മ നയം

ചിത്രങ്ങളുടെ സെൻസറിംഗിന് ചില മാനദണ്ഡങ്ങളും തത്വവുമൊക്കെ ഉണ്ടെന്നാണ് വയ്പ്. നമ്മുടെയൊക്കെ ധാരണയും അതുതന്നെ. ഈ മാനദണ്ഡങ്ങളും തത്വവുമൊക്കെ സെൻസറിംഗിനെത്തുന്ന എല്ലാ ചിത്രങ്ങൾക്കും ഒരുപോലെ ബാധകമാണെന്നും, പൊതുവായ സമീപനമാണ് ഇക്കാര്യത്തിലവലംബിക്കുന്നതെന്നും ആരൊക്കെയോ പറഞ്ഞു വിശ്വസിപ്പിച്ചിട്ടുമുണ്ട്. എന്നാൽ സെൻസർബോർഡ് പച്ചക്കൊടി കാണിച്ച്, 'സപ്പും ക്ലീൻ' എന്ന ഭാവേന നമ്മുടെ മുന്നിലേക്കിറക്കുന്ന ചിത്രങ്ങൾ കാണുമ്പോൾ, നമ്മെ വിഡ്ഢികളാക്കാനുള്ള ചില അടവുകൾ മാത്രമാണവയെന്ന് ബോദ്ധ്യമാകും. 'ഒരു പന്തിയിൽ രണ്ടു വിളമ്പ്' എന്നു പറയാറില്ലേ, അതുപോലെയാണ് സെൻസറിംഗിനെത്തുന്ന ചിത്രങ്ങളോടുള്ള സെൻസർബോഡിൻെറ സമീപനം. പൊതുവായ മാനദണ്ഡവും പൊതുവായ സമീപനവുമാണ് എല്ലാ ചിത്രങ്ങളോടും പ്രകടിപ്പിക്കുന്നതെന്നും, സെൻസർബോർഡിൻെറ 'സൃഷ്ടി സ്ഥിതി സംഹാര' ശക്തിയുള്ള കത്രിക ചലിക്കുന്നത് അതിൻെറ അടിസ്ഥാനത്തിലാണെന്നും, പച്ചവെള്ളം ചവച്ചുകുടിക്കുന്ന ശുദ്ധാത്മാക്കൾപോലും വിശ്വസിക്കാൻ തരമില്ല. ആളിൻെറ മുഖവും വലിപ്പവും നോക്കിയാണ് സെൻസർബോർഡിൻെറ സദാചാരം വിജൃംഭിക്കുന്നതെന്ന്, അടുത്തകാലത്തിറങ്ങിയ ചില ചിത്രങ്ങൾ വിളിച്ചോതുന്നു. പേരും പെരുമയുമുള്ള വമ്പന്മാരുടെ ചിത്രങ്ങളിൽ എന്തുമാകാം. അതൊന്നും സദാചാര വിരുദ്ധമാവില്ല. സെൻസർ നിയമങ്ങൾക്ക് എതിരുമല്ല. വേണമെങ്കിൽ 'അത്യുഗ്രം' എന്നൊരു സർട്ടിഫിക്കറ്റുമെഴുതിക്കൊടുക്കും. എന്നാൽ നവാഗതരായ സാധുക്കളോടാണ് സെൻസർബോർഡ് വീര്യം തീർക്കുന്നത്. ഉറങ്ങിപ്പോയ സദാചാരബോധം സടകുടഞ്ഞെഴുന്നേല്ക്കുകയും, സ്ഥാനത്തുമസ്ഥാനത്തും കത്രിക പ്രയോഗിച്ച് വികൃതമാക്കുകയും ചെയ്യും. വമ്പന്മാരോട് ഒരു സമീപനം— അല്ലാത്തവരോട് മററൊന്ന്. ഈ ചിററമ്മനയം, സെൻസർബോർഡിൻെറ സൃഷ്ടിയോടൊപ്പമുണ്ടായതാണ്. സെൻസർബോർഡെന്നത് ഭൗതികാതീത ശക്തിയുള്ള, അമാനുഷിക പ്രതിഭാസമൊന്നുമല്ല. മനുഷ്യരെക്കൊണ്ടുള്ള ഒരു ബോഡിയാണത്. എന്തു യോഗ്യത പ്രകാരമാണ് സെൻസർബോർഡിലെ അംഗങ്ങളെ നിയമിക്കുന്നതെന്ന് നമുക്കറിയില്ലെങ്കിലും, അവരാണ് ചിത്രങ്ങളുടെ ഗുണദോഷ വിചിന്തനം നടത്തുന്നതെന്ന് നമുക്കറിയാം. സ്വയം ദൈവങ്ങളായി തെററിദ്ധരിച്ചിട്ടുള്ള ഇക്കൂട്ടർ, ചലച്ചിത്രങ്ങളോട് പ്രകടിപ്പിക്കുന്ന പലതരം സമീപനങ്ങൾക്ക് വിരാമമിടേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്.


—പത്രാധിപർ



'ആമ്പൽപ്പൂവിൽ' രൂപ

മുഖചിത്രം മധു, ഫോട്ടോ: കൃഷ്ണൻകുട്ടി

രാജലക്ഷ്മി: എം. കെ. രാമമൂർത്തി



എറണാകുളത്തിനടുത്തുള്ള ഒരു ഗ്രാമത്തിൽ. വയലേലകളുടെ നടുവിലൊരു തുരുത്തിൽ വച്ചു നടന്ന, സംഭവം എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് ഇടവേളയിൽ മധുവുമായി സംസാരിക്കവേയാണ് അദ്ദേഹം ഈ വിവരം വെളിപ്പെടുത്തിയത്.

മലയാള സിനിമയെക്കുറിച്ചോ, അതിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ചോ മററാരേക്കാളും കൂടുതൽ പറയാനുള്ള യോഗ്യത മധുവിനുണ്ട്. കാരണം അദ്ദേഹം ഇന്ന് വെറുമൊരു നടൻ മാത്രമല്ല. സംവിധായകൻ, നിർമ്മാതാവ്, സ്ററുഡിയോ ഉടമ എന്നീ നിലകളിൽ ഈ രംഗത്ത് തന്റെ വ്യക്തിമുദ്ര പതിപ്പിച്ചയാളാണ്. മധു അഭിനയിച്ച, മധു സംവിധാനം ചെയ്ത ചിത്രങ്ങൾ, മലയാള സിനിമയുടെ പുരോഗതിയുടെ വഴിത്താരകളുമായി ബന്ധപ്പെട്ടുകിടക്കുന്നു.

ഒരു നടനെന്ന നിലയിലായാലും, സംവിധായകനെന്ന നിലയിലായാലും, നിർമ്മാതാവെന്ന നിലയിലായാലും ഒരു പ്രത്യേക നിലവാരം വിട്ട് താഴ്ന്നുപോകാൻ മധു ഇതുവരെ ഒരുങ്ങിയിട്ടില്ല. അത് ആ നടന്റെ, ചലച്ചിത്ര പ്രവർത്തകന്റെ സവിശേഷതയാർന്ന വ്യക്തിത്വമാണ്.

വളരെ കരുത്തനായ ഒരു കഥാപാത്രത്തെ അവതരിപ്പിക്കണമെങ്കിൽ, ഇന്നത്തെ ഏതു സംവിധായകന്റെയും ഓർമ്മയിൽ ആദ്യമെത്തുന്ന പേര് മധുവിന്റേതാണ്. സ്വാതന്ത്ര്യ ശേഷം മലയാള സിനിമ കണ്ട ശക്തനായ നടനാണ് മധു എന്ന കാര്യത്തിൽ തർക്കമില്ല.

ഈയിടെ അദ്ദേഹം രണ്ടു ചിത്രങ്ങൾ നിർമ്മിച്ചു. ഒന്ന് പി എൻ മേനോൻ സംവിധാനം ചെയ്ത 'അർച്ചന ടീച്ചർ'. മറെറാന്ന് എം. കൃഷ്ണൻനായർ സംവിധാനം ചെയ്ത 'ഏഴുനില മാളിക.' ഈ രണ്ടു ചിത്രങ്ങളുടെയും ജോലികൾ മുഴുവൻ പൂർത്തിയായിട്ടും, അവ തിയേററുകളിലെത്തിക്കുന്നതിന് ഏതെങ്കിലും വിതരണക്കാരെ ഏല്പിക്കാൻ മധു തയാറായില്ല. വിതരണക്കാരിൽ നിന്നും ഇതുവരെയുണ്ടായ തിക്തമായ അനുഭവങ്ങളായിരിക്കും ഈ നടപടിക്ക് അദ്ദേഹത്തെ പ്രേരി

മധു

നേട്ടങ്ങൾ സർക്കാരിനും തിയേററുടമകൾക്കും വിതരണക്കാർക്കും മാത്രം.

'ഒരു സ്ററുഡിയോ ഉടമയും, നടനും, സംവിധായകനും എന്ന നിലയിൽ എന്റെ സൗകര്യങ്ങളും സാദ്ധ്യതകളും വളരെ കൂടുതലാണ്. ആ എന്റെ സ്ഥിതി ഇതാണെങ്കിൽ പുതുതായി ഈ രംഗത്തെത്തുന്ന നിർമ്മാതാക്കളുടെ കാര്യം എന്താണെന്നൂഹിക്കാവുന്നതേയുള്ളു. ഇന്ന് സിനിമാരംഗത്തു നിന്നും ഒന്നും നേടാനാകാതെ പോകുന്ന ഒരേയൊരു വർഗ്ഗം നിർമ്മാതാക്കളാണെന്നു പറഞ്ഞാൽ അതൊരു സത്യമായിരിക്കും. അവരുടെ പ്രയത്നത്തിൽ രൂപം കൊള്ളുന്ന ഒരു ചിത്രത്തിന്റെ എല്ലാ ഗുണഫലങ്ങളും അനുഭവിക്കാൻ മററു ചിലർക്ക് യോഗമുണ്ടാകുന്നു. ഇതൊന്നും മനഃപൂർവം ആരും ചെയ്യുന്നതല്ല. ഇവിടെയുള്ള വ്യവസ്ഥയാണിതിന് കാരണം' മധു പറഞ്ഞു.

പ്പിലത്ത്. എന്തായാലും ഇപ്പോൾ മധു ഒരു വിതരണക്കമ്പനിക്ക് 'അർച്ചന ടീച്ചർ' നല്ല തുകയ്ക്ക് വില്ക്കുകയാണുണ്ടായത്.

ഒരു സ്റ്റുഡിയോ ഉടമയും, നടനും, സംവിധായകനും എന്ന നിലയിൽ, എന്റെ സൗകര്യങ്ങളും സാദ്ധ്യതകളും വളരെ കൂടുതലാണ്. ആ എന്റെ സ്ഥിതി ഇതാണെങ്കിൽ പുതുതായി ഈ രംഗത്തെത്തുന്ന നിർമ്മാതാക്കളുടെ കാര്യം എന്താണെന്നൂഹിക്കാവുന്നതേയുള്ളൂ. ഇന്ന് സിനിമാരംഗത്തു നിന്നും ഒന്നും നേടാനാകാതെ പോകുന്ന ഒരേയൊരു വർഗ്ഗം നിർമ്മാതാക്കളാണെന്ന് പറഞ്ഞാൽ അതൊരു സത്യമായിരിക്കും. അവരുടെ പ്രയത്നത്തിൽ രൂപം കൊള്ളുന്ന ഒരു ചിത്രത്തിന്റെ എല്ലാ ഗുണഫലങ്ങളും അനുഭവിക്കാൻ മററു ചിലർക്ക് യോഗമുണ്ടാകുന്നു. ഇതൊന്നും മനഃപൂർവ്വം ആരും ചെയ്യുന്നതല്ല. ഇവിടെയുള്ള വ്യവസ്ഥയാണിതിന് കാരണം.' മധു പറഞ്ഞു.

മററു പലരുടേയും ചിത്രങ്ങളിൽ ഓടിനടന്നഭിനയിക്കുന്നതിലും ഭേദം ആണ്ടിൽ സ്വന്തമായി മൂന്നോ നാലോ ചിത്രങ്ങൾ നിർമ്മിച്ച് സംവിധാനം ചെയ്ത്, അവയിൽ അഭിനയിക്കുന്നതാണ് നല്ലതെന്ന് മധു തീരുമാനിച്ചുകഴിഞ്ഞു. എടുക്കുന്ന ചിത്രങ്ങൾ സ്വന്തമായി വിതരണം നടത്താനുള്ള പദ്ധതിയെപ്പററിയും അദ്ദേഹം ആലോചിച്ചു തുടങ്ങിയിട്ടുണ്ട്.

'ഞാൻ എന്റെ നഷ്ടങ്ങൾ നികത്തി വരുന്നത് അഭിനയിച്ചുകിട്ടുന്ന കാശുകൊണ്ടായിരുന്നു. മുഖത്ത് ചായം തേച്ച് സമ്പാദിച്ച തുകയെല്ലാം കടം വീട്ടാനേ ഉപകരിച്ചുള്ളൂ. ഇത് അധികമാർക്കും അറിയാൻ പാടില്ലാത്ത കാര്യമാണ്. ഒരു നടനായി മാത്രം കഴിഞ്ഞാൽ കുഴപ്പമില്ല. മററു ചില കാര്യങ്ങളിൽക്കൂടി ബന്ധപ്പെട്ടുപോയ സ്ഥിതിക്ക് അത് തുടർന്നുകൊണ്ടുപോകാതെ തരമില്ലല്ലോ?

എന്റെ എല്ലാ ചിത്രങ്ങളും സാമ്പത്തിക വിജയങ്ങളായിരുന്നു എന്നതാണ് രസകരമായ വസ്തുത. എന്നിട്ടും എനിക്കുണ്ടായ നേട്ടം അഞ്ചരലക്ഷത്തോളം രൂപയുടെ കമ്മിയാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഞാൻ ചില പുതിയ തീരുമാനങ്ങളെടുക്കാൻ മുതിരുന്നത്. നല്ല കഥാപാത്രങ്ങളും, ഒഴിയാൻപററാത്ത നിർമ്മാതാക്കളുമായാൽ ഞാൻ മററു ചിത്രങ്ങളിലഭിനയിക്കേണ്ടി വരുമെന്നും എനിക്കറിയാം.'

ഈ ഓണക്കാലത്ത് മധു അഭിനയിക്കുന്ന രണ്ടു ചിത്രങ്ങൾ പുറത്തിറങ്ങുന്നു. രക്തവും, സംഭവവും.

സംഭവത്തിലെ മത്തായി വളരെ ശക്തമായൊരു കഥാപാത്രമാണ്. സ്വന്തം അദ്ധ്വാനശീലംകൊണ്ട്, പലതും നേടിയെടുത്ത കരുത്തനായൊരു മനുഷ്യൻ. മകൻ തന്റെ ശത്രുവിനോടൊത്ത് കൂട്ടു ബിസിനസ്സ് ചെയ്യാനൊരുങ്ങിയപ്പോൾ ആ പിതാവിന്റെ ഉള്ളുവിറച്ചു....പിന്നെ നീണ്ടുനിന്ന ഏററുമുട്ടലുകളായിരുന്നു. സ്വന്തം ലക്ഷ്യത്തെ സാധൂകരിക്കാൻവേണ്ടിയുള്ള ഏററുമുട്ടലുകൾ....

മറെറാന്നു രക്തത്തിലെ വിശ്വമാണ്. ഈ ചിത്രത്തിനുവേണ്ടി മധുവും നസീറും അഞ്ചുദിവസം തുടർച്ചയായി സ്റ്റണ്ടുരംഗത്തിലഭിനയിച്ചു ജോഷിയാണ് ചിത്രത്തിന്റെ സംവിധായകൻ

—എസ്സാർ

'ഞാൻ ഒൻപത് ചിത്രങ്ങളെടുത്തു. ഇവയിൽ മിക്കതും എന്റെ സ്വന്തം സ്റ്റുഡിയോയിൽ രൂപം കൊണ്ടവയാണ്. എല്ലാ സിനിമകളും വിജയങ്ങളായിരുന്നു. ഈ ചിത്രങ്ങളുടെ നികുതിയിനത്തിൽ ഗവൺമെൻറിന് ഏറെക്കുറെ ഒരു കോടി രൂപയോളം ലഭിച്ചിട്ടുണ്ട്. ഇത്രയും തുക തന്നെ തീയേററുടമകൾക്കും കിട്ടിയിട്ടുണ്ടാവണം. വിതരണക്കാർക്കാകട്ടെ, ഇരുപത്തിയഞ്ചു ലക്ഷം രൂപ നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

എന്നാൽ ഇത്രയും ചിത്രങ്ങൾ നിർമ്മിക്കുകയും, അതിലെല്ലാം അഭിനയിക്കുകയും ചെയ്ത എനിക്ക് ഇതുവരെ അഞ്ചേമുക്കാൽ ലക്ഷം രൂപ നഷ്ടമാണുണ്ടായിട്ടുള്ളത്.'



'താറാവി'ൽ മധു, സോമൻ, മാള അരവിന്ദൻ,

ഗൃഹലക്ഷ്മിയുടെ നാലാമത്തെ ചിത്രം

ഗൃഹലക്ഷ്മി പ്രൊഡക്ഷൻസ് അങ്ങാടിക്കു ശേഷമുള്ള അവരുടെ പുതിയ ചിത്രത്തിന്റെ ഷൂട്ടിങ്ങ് ആഗസ്റ്റ് പതിനഞ്ചിന് കോഴിക്കോട് നഗരത്തിന്റെ മാറിലും മറവിലും ആരംഭിക്കുകയാണ്. ജനകീയ സംവിധായകനായ ഐ. വി. ശശിയാണ് നാമകരണം നല്കിക്കഴിഞ്ഞിട്ടില്ലാത്ത ഈ ചിത്രത്തിന്റെ സംവിധായകൻ. ഗൃഹലക്ഷ്മിയുടെ ഈ നാലാമത്തെ ചിത്രത്തിന്റെയും തിരക്കഥ–സംഭാഷണം ടി. ദാമോദരൻ തന്നെയാണ്. ജനഹൃദയങ്ങളിൽ, സമൂഹ മനസ്സിൽ പതിഞ്ഞ, പ്രേക്ഷക ലക്ഷങ്ങളെ ഇന്നും ആവേശപൂർവ്വം കാണാൻ താല്പര്യം കാണിക്കുന്ന ജനകീയ സിനിമയായ അങ്ങാടിയെപ്പോലെ തന്നെ അതിശക്തമായ ഒരു റിയലിസ്റ്റിക് കഥയാണ് ഈ ചിത്രത്തിനും തിരഞ്ഞെടുത്തിരിക്കുന്നത്. അഭിനേതാക്കൾ സുകുമാരൻ, മമ്മൂട്ടി, ബാലൻ കെ. നായർ, കുതിരവട്ടം പപ്പു, രതീഷ്, ലാലു അലക്സ്, നെല്ലിക്കോട് ഭാസ്കരൻ, സണ്ണി, സീമ, സുമലത, മേനക, സുകുമാരി, വിലാസിനി തുടങ്ങിയ ചലച്ചിത്ര താരങ്ങളും കോഴിക്കോട്ടെ പ്രമുഖ സ്റ്റേജ് കലാകാരന്മാരും കലാകാരികളുമാണ്.

ബിച്ചു തിരുമല കവിതയെഴുതി എ. ടി. ഉമ്മർ ഈണം നൽകുന്നു. ആഗസ്റ്റ് പതിനഞ്ചു മുതൽ സെപ്റ്റംബർ പതിനഞ്ചു വരെ ഒററ ഷെഡ്യൂളിൽ ഇതിന്റെ ചിത്രീകരണം പൂർത്തിയാകുന്നതാണ്.

അപർണ്ണയുടെ അമ്മ

മലബാർ മൂവി മേക്കേഴ്സിനു വേണ്ടി കെ. എ. ദേവരാജ് തിരക്കഥയും സംഭാഷണവുമെഴുതി സംവിധാനം ചെയ്യുന്ന മലയാള വർണ്ണ ചിത്രമാണ് അപർണ്ണയുടെ അമ്മ. കിഷൻ സാഗർ ഛായാഗ്രഹണവും രമേശ് ചിത്രസംയോജനവും നിർവ്വഹിക്കുന്നു. മധു കായലാട്ട് നിർമ്മാണനിർവ്വഹണം നടത്തുന്ന ഈ ചിത്രത്തിന്റെ കലാസംവിധായകൻ വിദ്യാസാഗറാണ്. സരിതാ മേനോന്റെ കവിതയ്ക്ക് ജോഷ് സംഗീതം നല്കുന്നു. സുരേഷ് നായകനായഭിനയിക്കുന്ന ഈ ചിത്രത്തിൽ മലയാളത്തിലെ പ്രമുഖ താരങ്ങളോടൊപ്പം നിരവധി പുതുമുഖങ്ങളും വേഷമിടുന്നു.

സതീഷിച്ചറും രതീഷ്ബാബുവും


ജെയിംസ് പെങ്ങന്നൂരും മെയ്ററൂർ സുരേന്ദ്രനും ചേർന്ന് ജെയിംസ് ഫിലിംസിന്റെ ബാനറിൽ അനുപമ ആർട്ട് പിക്ചേഴ്സിനു വേണ്ടി നിർമ്മിക്കുന്ന ആദ്യ ചിത്രമാണ് 'സതി ഷീച്ചറും രതീഷ് ബാബുവും.' സതിഷീച്ചറിൽ കൂടി ഷീലയുടെ അഭിനയ ജീവിതത്തിലെ അപൂർവ്വമായ ഒരു കഥാപാത്രത്തെ അവർ പ്രതിനിധീകരിക്കുമ്പോൾ മലയാളത്തിലെ നിത്യവസന്തമായ പ്രേംനസീറിന്റെ മകൻ ഷാനവാസ് സതിഷീച്ചറിന്റെ മനസ്സിൽ അലകളും ചുഴികളും ഉണർത്തിവിട്ട രതീഷ്ബാബു എന്ന വിദ്യാർത്ഥിക്ക് രൂപവും ഭാവവും നല്കുന്നു. ഈ താര രാജാധികാരികൾക്ക് പുറമേ പ്രേംനസീർ, വിൽസൺ, സുകുമാരി, പ്രമീള, രതിദേവി, ജഗതി ശ്രീകുമാർ, മാള അരവിന്ദൻ തുടങ്ങിയവരോടൊപ്പം കാലടി ശ്രീശങ്കരാ കോളേജിലെ ചില വിദ്യാർത്ഥികളും പ്രത്യക്ഷപ്പെടുന്നു. ഗാനങ്ങൾ എഴുതിയിരിക്കുന്നത് പൂവ്വച്ചൽ ഖാദറും, സംഗീതം പകർന്നിരിക്കുന്നത് ജി. കെ. വെങ്കിടേശ്രുമാണ്.

വഴികൾ യാത്രക്കാർ

നൈൻ ജെംസ് പ്രൊഡക്ഷൻസിന്റെ പ്രഥമ ചിത്രമായ വഴികൾ യാത്രക്കാർ എന്ന വർണ്ണ ചിത്രത്തിന്റെ ഷൂട്ടിംഗ് സേലം മോഡേൺ തീയറേറഴ്സ് സ്റ്റുഡിയോയിൽ സമാപിച്ചിരിക്കുന്നു. സോമൻ, സുകുമാരൻ, ബാലൻ കെ. നായർ, ഭരതൻ, ജഗതി ശ്രീകുമാർ, ശുഭ, രൂപ, സുമതി, ജലജ, പുഷ്പ തുടങ്ങിയ താരങ്ങളാണ് അണിനിരക്കുന്നു. ഗോപിയുടെ കഥയ്ക്ക് എസ്. എൽ. പുരം സദാനന്ദൻ തിരക്കഥ–സംഭാഷണം എഴുതിയിരിക്കുന്നു. ആർ. കെ. ദാമോദരന്റെ ഗാനങ്ങൾക്ക് ഈണം പകർന്നിരിക്കുന്നത് അർജ്ജുനനാണ്. ചന്ദ്രമോഹൻ, ബാബു ഛായാഗ്രഹണം നിർവ്വഹിക്കുന്നു. സംവിധായകൻ എ. ബി. രാജാണ്. ഈ ചിത്രം ഓണത്തിന് സെഞ്ച്വറി ഫിലിംസ് തീയേറററുകളിൽ എത്തിക്കുന്നു.

സോമൻ, ശ്രീവിദ്യ

'എന്നെ സ്നേഹിക്കു എന്നെ മാത്രം'



'ശവണനാഗറള്ളി', സിനിമ ചിത്രം: അർച്ചനാ ടീച്ചർ

ചാട്ട

ചൈതന്യധാരയ്ക്കുവേണ്ടി ഭരതൻ സംവിധാനം ചെയ്യുന്ന ഒരു ഈസ്റ്റ്മാൻ കളർ ചിത്രമാണ് ചാട്ട. കേരളത്തിലേയും തമിഴ്നാട്ടിലേയും നിരവധി കാളച്ചന്തകളുമായി ബന്ധപ്പെട്ടു കഴിയുന്ന പരമ്പരാഗത കാളക്കച്ചവടക്കാരുടെ ജീവിതത്തെ ആസ്പദമാക്കി പി. ആർ. നാഥൻ എഴുതിയ നോവൽ അവാർഡിനർഹമായിട്ടുണ്ട്. വിപിൻദാസ് ഛായാഗ്രഹണവും സുരേഷ് എഡിററിങ്ങും നിർവ്വഹിക്കുന്ന ചാട്ടയിൽ അച്ചൻകുഞ്ഞ്, ടി. ജി. രവി, നെടുമുടിവേണു, അരവിന്ദാക്ഷമേനോൻ, രാഘവൻനായർ, ബെന്നി, ശുഭ, ഫിലോമിന, ലളിത, സന്ധ്യ, മഞ്ജു, ജ്യോതി എന്നിവർ അഭിനയിക്കുന്നു. ജോൺസൺ സംഗീതമൊരുക്കുന്ന ചാട്ടയുടെ വിതരണാവകാശികൾ എയ്ഞ്ചൽ ഫിലിംസാണ്.

ഗുഹ


രേഷ്മിനി സിനി ആർട്ട്സിന്റെ ബാനറിൽ പി. എച്ച്. റഷീദ് നിർമ്മിക്കുന്ന 'ഗുഹ' എന്ന വർണ്ണചിത്രം പ്രദർശനത്തിനെത്തുന്നു. എം. ആർ. ജോസ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'ഗുഹ'യിൽ ശങ്കർ, വിജയൻ, പൗർണ്ണമി, മേനക, അംബിക, ബഹദൂർ, വനിത, ജഗതി ശ്രീകുമാർ, തുടങ്ങിയ താരങ്ങൾ കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു. ഗാനങ്ങൾ മങ്കൊമ്പ് ഗോപാലകൃഷ്ണന്റേതാണ്. ശങ്കർ– ഗണേഷ് സംഗീതം ഒരുക്കിയിരിക്കുന്നു. കൃഷ്ണൻകുട്ടി ഛായാഗ്രഹണം നിർവ്വഹിച്ചിരിക്കുന്നു. മണി ചിത്രസംയോജനം നിർവ്വഹിക്കുന്നു.

പൊന്നിൻകുരിശു മുത്തപ്പൻ

'പൊന്നിൻകുരിശു മുത്തപ്പോ പൊന്മല കയററം.....' മലയാററൂർ വനാന്തരങ്ങളിലെ ഒററയടിപ്പാതയിൽ മുഴങ്ങുന്ന ജന ലക്ഷങ്ങളുടെ ഭക്തിഗീതത്തിന്റെ ചരിത്രം, വിശുദ്ധ അപ്പോസ്തലനായ തോമാശ്ലീഹയെ ചുററിപ്പററിയുള്ള ഒരു ഡോക്യുമെന്ററി ചിത്രം, നന്ദിനി മൂവി മേക്കേഴ്സിന്റെ ബാനറിൽ ഫാദർ അബ്രഹാം ജെ. കരേടൻ നിർമ്മിക്കുന്നു. എം. കെ. ശിവശങ്കരന്റെ തിരക്കഥയെ അടിസ്ഥാനമാക്കി ശ്രീമൂലനഗരം മോഹൻ സംവിധാനം ചെയ്യുന്ന ഈ ചിത്രം എല്ലാ ഭാരതീയ ഭാഷകളിലും അതിനു പുറമേ ഇംഗ്ലീഷിലും ഡബ്ബ് ചെയ്ത് അവതരിപ്പിക്കും. സെപ്റ്റംബർ രണ്ടാംവാരത്തിൽ ചിത്രീകരണം നടക്കും.

ദാഹിക്കുന്നവരുടെ വഴി

മലയാള ചലച്ചിത്രവേദിയിൽ ശ്രദ്ധാർഹമായ വ്യതിയാനങ്ങൾക്ക് വഴിയൊരുക്കിയ നഖങ്ങൾ, മാധവിക്കുട്ടി, ശേഷം, വൈകൃതം, ചന്ദ്രശേഖരൻ നായർ തയ്യാറാക്കിയിട്ടുള്ളതാണ് ദാഹിക്കുന്നവരുടെ വഴി. പ്രേംനസീറും മകൻ ഷാനവാസും ഒരുമിച്ച് ഈ ചിത്രത്തിൽ അഭിനയിക്കുന്നു. തണ്ണീർമുക്കം പത്മനാഭൻ രചിച്ച ഗാനങ്ങൾക്ക് ദേവരാജൻ സംഗീതം നൽകി യേശുദാസും മാധുരിയും ചേർന്നു പാടുന്നു. യു. രാജഗോപാൽ ഛായാഗ്രഹണവും രാജഗോപാൽ എഡിററിംഗും നിർവ്വഹിക്കുന്ന ഈ ചിത്രം വിദ്യാസാഗർ സംവിധാനം ചെയ്യുന്നു.



സീമ, രതീഷ് ചിത്രം: കരിമ്പൂച്ച



വഴികൾ യാത്രക്കാർ

സുകുമാരൻ,

സോമൻ ചിത്രം:



നസീർ, ലക്ഷ്മി,

ചിത്രം:

വിട പറയും മുമ്പേ

ഇന്ത്യൻ സിനിമയിൽ വിദേശ ചിത്രങ്ങളുടെ സ്വാധീനം

രണ്ട്-

ടി. ശശിധരൻ.

ഭാരതീയ സംസ്കാരം പാരമ്പര്യത്തിലധിഷ്ഠിതമാണെന്നും അത് വിദേശീയ സംസ്കാരത്തിൽ നിന്ന് വ്യതിരിക്തമാണെന്നുമുള്ള സത്യം ഇന്ത്യൻ നിർമ്മാതാക്കൾ സൗകര്യപൂർവ്വം മറക്കുന്നു വിദേശീയരുടെ ആചാരവിചാരങ്ങളും വേഷാലങ്കാരങ്ങളും അനുകരിക്കുക മാത്രമല്ല, തങ്ങളുടെ മസ്തിഷ്കം തന്നെ വിദേശീയർക്ക് പണയം വെയ്ക്കുകയാണ് ഇത്തരം നിർമ്മാതാക്കൾ ചെയ്യുന്നത്. പാശ്ചാത്യരുടെ ഭൗതികമായ പുരോഗതി അനുകരിക്കുന്നത് തെറ്റാണെന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല. മസ്തിഷ്കത്തെ വികൃതമാക്കി പാശ്ചാത്യരുടെ ദാസ്യത ഏറ്റുവാങ്ങുന്ന അനുകരണഭ്രമം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു.

എന്നാൽ വിദേശ ചിത്രങ്ങളുടെ കഥാശില്പത്തെ മനഃശാസ്ത്രപരമായി വിശ്ലേഷണം ചെയ്തും, തിരക്കഥ സൂക്ഷ്മമായി നിരീക്ഷിച്ചും, സജീവവും കലാത്മകവുമായ ഫോട്ടോഗ്രാഫിയുടെ പഠനം നടത്തിയും അഭിനേതാക്കൾ കഥാപാത്രവുമായി ഇഴുകിച്ചേർന്ന് അഭിനയിക്കുന്ന രീതി കണ്ടും, വ്യക്തിയും സമൂഹവും തമ്മിലുള്ള പരസ്പര ബന്ധങ്ങളും അന്തഃസംഘർഷങ്ങളും സ്വാഭാവികമായി എങ്ങിനെ വ്യഞ്ജിപ്പിക്കാമെന്നും മനസ്സിലാക്കിയ ചില ഇന്ത്യൻ നിർമ്മാതാക്കളുണ്ട്. 1914-ൽ ദാദാസാഹിബ് ഫാൽക്കെയുടെ പുരാണ ചിത്രങ്ങളായ 'രാജാ ഹരിശ്ചന്ദ്ര', 'ഭസ്മാസുരമോഹിനി', 'സത്യവാൻ സാവിത്രി' എന്നിവ ലണ്ടനിൽ പ്രദർശിപ്പിച്ചു. ഈ ചിത്രങ്ങളുടെ യാന്ത്രികശില്പം വിദേശിയായിരുന്നു; എന്നാൽ കഥാശില്പം തികച്ചും ഭാരതീയവും. ചിത്രം കണ്ട ലണ്ടൻ നിവാസികൾ അവയിലെ പൗരാണികമായ അന്തരീക്ഷത്തിന്റെയും നാടകീയതത്വങ്ങളുടെയും അവതരണ രീതിയെ കലാത്മകമെന്ന് വാഴ്ത്തി. 1924-ൽ മഹാരാഷ്ട്ര ഫിലിം കമ്പനി നിർമ്മിച്ച 'പത്മിനി' എന്ന പുരാണ ചിത്രം ലണ്ടനിലെ 'വെമ്പ്ലെ പ്രദർശനത്തിൽ' കാണിച്ചപ്പോൾ ചിത്രത്തെ പുകഴ്ത്തിക്കൊണ്ട് 'ഡെയിലി എക്സ്പ്രസ്സ്' എഴുതി: 'ഈ ചിത്രം വളരെ ആകർഷകമാണ്. അറിയപ്പെടാത്ത, അത്ഭുതകരമായ സൗന്ദര്യവും അത്യുന്നതമായ അഭിനയരീതിയും കാണേണ്ടതുതന്നെയാണ്.' രവീന്ദ്രനാഥ ടാഗോറിന്റെ നാടകത്തെ ആധാരമാക്കി 1930-ൽ നവൽഗാന്ധി നിർമ്മിച്ച 'ബലിദാനം.' ശൂദ്രകന്റെ 'മൃച്ഛകടിക'ത്തെ ആധാരമാക്കി മോഹൻ ഭവനാനി നിർമ്മിച്ച 'വസന്തസേന'യും വിദേശങ്ങളിൽ ഭാരതത്തിന്റെ മഹിമ കൊട്ടിഘോഷിച്ച ചിത്രങ്ങളാണ്.

ഹിമാംശു റോയിയുടെ 'ലൈറ്റ് ഓഫ് ഏഷ്യ' (1926)-യെ ഭാരതത്തിലെ ശ്രേഷ്ഠ ചിത്രങ്ങളിലൊന്നായി വിദേശീയർ സ്വീകരിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം നിർമ്മിച്ച ചേതൻ ആനന്ദിന്റെ 'നീചാനഗർ' (1946) ഉദയശങ്കറിന്റെ നൃത്തപ്രധാന ചിത്രമായ 'കല്പന' (1948) കെ. എ. അബ്ബാസിന്റെ 'ധർതീ കെ ലാൽ' (1946) 'മുന്ന' (1954) ബിമൽറോയിയുടെ 'ദോ ബീഘാ സമീൻ' (1953) തുടങ്ങിയ ചിത്രങ്ങളിൽ മർദ്ദിതരുടെ പീഡനങ്ങളാണ് ചിത്രീകരിച്ചത്. വിദേശങ്ങളിലെ ബുദ്ധിജീവികളും നിരൂപകരും ഈ ചിത്രങ്ങളെ മുക്തകണ്ഠം പ്രശംസിച്ചു. രാജ് കപൂറിന്റെ 'ബൂട്ട് പോളിഷ്', 'ആവാരാ', 'ജാഗ്തേ രഹോ' എന്നിവ റഷ്യയിൽ സഘോഷം സ്വീകരിക്കപ്പെട്ടു. കൂടാതെ വി. ശാന്താറാമിന്റെ 'ഡോക്ടർ കോട്നീസ് കീ അമർ കഹാനി', 'ദോ ആംഖേം ബാരഹ് ഹാഥ്', ഇസ്മയിൽ മർച്ചന്റിന്റെ 'ഹൌസ്ഹോൾഡർ' നവകേതന്റെ 'ഗൈഡ്' എന്നിവ വിദേശങ്ങളിൽ നിന്ന് പ്രശംസയും പുരസ്കാരങ്ങളും നേടി.

ബംഗാളിലെ 'ബാബ്‌ല', റേയുടെ 'പഥേർ പാഞ്ചാലി', 'മഹാനഗർ', 'അപരാജിതോ', 'ചാരുലത', 'നായക്' എന്നിവ വിദേശങ്ങളിൽ ഇന്ത്യൻ സിനിമയുടെ നിലവാരം ഉയർത്തിക്കാട്ടി. ഗാങ്ങ് റിനോയറുടെ ('ദി റിവറി'ന്റെ ശില്പി) സ്വാധീനം റേയുടെ 'പഥേർ പാഞ്ചാലി'യിൽ കാണാം.

കാലത്തിനനുസരിച്ച് മുന്നോട്ടു നീങ്ങിയ ചില നിർമ്മാതാ-സംവിധായകരുടെ ചിത്രങ്ങളെപ്പറ്റിയാണ് മുകളിൽ പറഞ്ഞത്. വിശ്വസിനിമയുടെ വികാസത്തിന്റെ ആരോഗ്യകരമായ പ്രഭാവം ഇവരിലുണ്ടായിരുന്നു. ഈ പ്രഭാവമാകട്ടെ, ഇന്ത്യൻ സിനിമയുടെ 'ചലച്ചിത്ര സങ്കല്പ'ത്തിൽ നിന്ന് വളരെ മുന്നോട്ടുപോയതാണ്. എന്നാൽ ഇവരാരും വിശ്വസിനിമയെ കണ്ണടച്ച് അനുകരിച്ചിട്ടില്ല.

അല്പം ചരിത്രം

ക്യാമറ കലാകാരന്റെ അടുത്തു കൊണ്ടുവന്ന കലാകാരനാണ് ഡി. ഡബ്ല്യു. ഗ്രിഫ്ത്ത്. ജീവിതത്തിലെയും ജഗത്തിലെയും സൂക്ഷ്മമായ ഭാവങ്ങളും ചലനങ്ങളും അദ്ദേഹം ക്യാമറയിൽ പകർത്തി; സ്റ്റേജിലെ അഭിനയത്തിനും തിരശ്ശീലയിലെ അഭിനയത്തിനും അതിർവരമ്പിട്ടു. തന്മൂലം സിനിമ, നാടകത്തിന്റെ ശില്പത്തിൽ നിന്ന് അകന്നകന്നു പോയി. ഈ രഹസ്യം വെളിവായപ്പോൾ ഭാരതത്തിലെന്നു മാത്രമല്ല, ലോകം മുഴുവൻ ഉള്ള ചലച്ചിത്രരംഗം ആശ്ചര്യമിശ്രിത കൌതുകത്തോടെ ഈ പുതിയ നേട്ടത്തിന്റെ പ്രഭാവം ഉൾക്കൊണ്ടു. ഗ്രിഫ്ത്തിന്റെ ചിത്രങ്ങളായ 'ദി ബർത്ത് ഓഫ് എ നേഷനും' (1915) 'ഇൻടോളറൻസും' (1916) അജ്ഞതയും ആവേശവും മാത്രം കൈമുതലായി രംഗത്തു വരുന്ന സംവിധായകർക്ക് എന്നും വഴികാട്ടിയാണ്. വിഷയം, ശില്പം, അഭിനയം എന്നീ മേഖലകളിൽ ഗ്രിഫ്ത്തിന്റെ സംഭാവനകൾ മഹനീയങ്ങളാണ്.

മനുഷ്യ മനസ്സിന്റെ അടിത്തട്ടിലെ സംഘർഷങ്ങളെ കലാപരമായി ചിത്രീകരിക്കുവാനുള്ള ശ്രമം ആദ്യം നടത്തിയത് ജർമ്മനിയിലെ സംവിധായകരാണ്. 'ദി കാബിനറ്റ് ഓഫ് കാലിഗറി', 'ദി ലാസ്റ്റ് ലാഫ്' എന്നിവ ഉദാഹരണങ്ങളായെടുക്കാം.

റഷ്യയിലെ ഐസൻസ്റ്റീൻ എഡിറ്റിംഗിൽ വിപ്ലവകരമായ പരിവർത്തനങ്ങളുണ്ടാക്കി വ്യത്യസ്തങ്ങളായ രണ്ടു ഷോട്ടുകൾ ചേർത്ത് മൂന്നാമതൊരു അർത്ഥതലം സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മനുഷ്യസഹജമായ പ്രവർത്തികളാണ് പുഡോവ്കിന്റെ ഇഷ്ട പ്രമേയം. മാനവിക ഭാവനയെ ഉണർത്തുക എന്നതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. ഇതേ സമയം ഫ്രാൻസിൽ നിന്ന് ബീഭത്സത ഉൾക്കൊള്ളുന്ന ചില റിയലിസ്റ്റിക് ചിത്രങ്ങൾ പുറത്തുവന്നു. പ്രേക്ഷകർ അവയെ നിരാകരിച്ചു.

അങ്ങിനെ, ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിദേശങ്ങളിലെ കലാകാരന്മാർ 'ചലച്ചിത്രപരമായ വ്യക്തിത്വം' സ്ഥാപിച്ച് വിഷയം, കഥാശില്പം, എന്നിവയുടെ അവതരണത്തിന് പുതിയ മാനങ്ങൾ നേടിയപ്പോൾ ഇന്ത്യയിൽ ചലച്ചിത്രശില്പം ശൈശവാവസ്ഥയിലായിരുന്നു. അപ്പോൾ, ഈ പുതിയ മാധ്യമത്തിന്റെ നേട്ടങ്ങൾ കണ്ടറിയാൻ ഭാരതം പാശ്ചാത്യദേശങ്ങളിലേക്ക് നോക്കിയെങ്കിൽ അത് സ്വാഭാവികം മാത്രം. ആ നോട്ടത്തിൽ സ്വന്തം മൌലികത ബലിയർപ്പിക്കാത്ത നിർമ്മാതാക്കളും ഇന്ത്യയിലുണ്ടായിരുന്നു. അവരെപ്പറ്റിയാണ് മുമ്പ് സൂചിപ്പിച്ചത്.

ഒന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ സ്ഥിതിയാകെ മാറി. ഫ്രാൻസ്, ഇറ്റലി, ജർമ്മനി, ബ്രിട്ടൻ, റഷ്യ എന്നീ രാജ്യങ്ങളിലെ ചലച്ചിത്ര വ്യവസായത്തെ യുദ്ധം തന്റെ കൈപ്പിടിയിലൊതുക്കി. 'കല' യുദ്ധത്തിനിടയിൽ ഞെരിഞ്ഞമർന്ന അപ്പോഴാണ് അമേരിക്കയിൽ ഹോളിവുഡിന്റെ ജനനം. ലൈംഗികോത്തേജനമേകുന്നതും കുറ്റകൃത്യങ്ങൾ നിറഞ്ഞതും തരംതാണ റൊമാൻസുമുള്ള ചിത്രങ്ങളുടെ വെള്ളപ്പൊക്കം തന്നെ ഉണ്ടായി. ഈ ചിത്രങ്ങൾ കണ്ടപ്പോൾ ആരോ പറഞ്ഞു—'ഹോളിവുഡ് ചിത്രങ്ങൾ ലോകം മുഴുവൻ ഉള്ള കുളിമുറികളെ കാമദേവന്റെ മന്ദിരം പോലെ ആക്കിത്തീർത്തിരിക്കുന്നു. ശരീരത്തിൽനിന്ന് വസ്ത്രം ഉരിയുക എന്നത് ഒരു കല പോലെയായിരിക്കുന്നു. ഈ നഗ്നതയുടെ താണ്ഡവം ഇന്നും ഹോളിവുഡ് ചിത്രങ്ങളിൽ കാണാം. ഇന്ത്യയിലെ അധികം നിർമ്മാതാക്കളും ഈ നഗ്നതയെ കണ്ണടച്ച് അനുകരിക്കുകയാണ്.

ഒന്നാം ലോക മഹായുദ്ധത്തിന്റെ അവസാനത്തിനും രണ്ടാം ലോക മഹായുദ്ധത്തിന്റെ ആരംഭത്തിനുമിടയിൽ ലോക ചലച്ചിത്രമണ്ഡലത്തിൽ എന്തെന്തെല്ലാം മഹത്തരമായ മാറ്റങ്ങളുണ്ടായി! ഏറ്റവും പ്രധാനപ്പെട്ട വസ്തുത സിനിമ സംസാരിക്കാൻ തുടങ്ങി എന്നതാണ്. ഈ അത്ഭുതകരമായ നേട്ടത്തോടെ വിശ്വസിനിമയുടെ മുഖച്ഛായ തന്നെ മാറി. വിഷയത്തിന്റെ വൈവിദ്ധ്യത സാർവ്വത്രികമായി കാണപ്പെട്ടു. മനുഷ്യന്റെ സാഹസികത,

ശക്തി, സൌന്ദര്യം, ചാരിത്രം, മതം, സമൂഹം, രഹസ്യം, പ്രേമം, കാമം കററവാസന എന്നിവയെ ആധാരമാക്കി ചിത്രങ്ങൾ നിർമ്മിക്കപ്പെട്ടു. എങ്കിലും സെക്സും സ്റ്റണ്ടും വിലകൂടിയ സെററുകളും നിറഞ്ഞ ഹോളിവുഡ് ചിത്രങ്ങളുടെ മായിക വലയത്തിൽനിന്നും സിനിമാവേദിക്ക് രക്ഷപ്പെടാനായില്ല.

എന്നാൽ, രണ്ടാം ലോകമഹായുദ്ധത്തിന്റെ സമാപനത്തോടെ, യുദ്ധത്തിന്റെ ഭീകരതയും ബീഭത്സതയും നിരാശയും സഹിച്ച മനുഷ്യർ, ഒരിക്കൽക്കൂടി മനുഷ്യന്റെ ശോഷണവും അടിച്ചമർത്തലും നിരാശയും ക്ഷോഭവും പീഢയും സാമൂഹ്യമായ അസ്വാസ്ഥ്യതകളും നിറഞ്ഞ ജീവിതത്തിന്റെ മദ്ധ്യത്തിൽനിന്നുകൊണ്ട്, ഒരു പുതിയ റിയലിസ്റ്റിക് സമൂഹത്തിന്റെ സ്വരൂപം വികസിപ്പിച്ചെടുത്തു. ഈ മാററം ആദ്യം ഇററലി, ഫ്രാൻസ്, പോളണ്ട്, ജപ്പാൻ, സ്വീഡൻ, പിന്നീട് ഭാരതം എന്നീ രാജ്യങ്ങളിലെ സംവിധായകരുടെ ശ്രദ്ധ ആകർഷിച്ചു. അങ്ങിനെ ഹോളിവുഡ്ഡിന്റെ മായികക്കോട്ട തകർക്കപ്പെട്ടു. പുതിയ യഥാർത്ഥ്യത്തിൽ അധിഷ്ഠിതമായ അത്തരം ചിത്രങ്ങൾ വിശ്വസിനിമയിൽ ഉയർന്നുവന്നു; ലോകം മുഴുവൻ ഉള്ള പുതിയ സിനിമയുടെ വക്താക്കളായ സംവിധായകർ ഇററലിയിൽനിന്ന് രൂപംകൊണ്ട ഈ തരംഗത്തെ അംഗീകരിച്ചു.

ഇററലിയിൽ നിന്നുള്ള ചിത്രങ്ങളാണ് ഡിസീക്കയുടെ 'ഷൂ ഷൈൻ' (1946) 'ബൈസിക്കിൾ തീവ്സ്' (1948) 'മിറക്കിൾ ഇൻ മിലാൻ' (1951) എന്നിവ. തികച്ചും യഥാതഥമായി യുദ്ധാനന്തര വിഭീഷികയും സാമ്പത്തിക പരാധീനതകളും ചിത്രീകരിച്ചതാണ് ഡി. സെൻറിസിന്റെ 'ബിററർ റൈയിസ്.' മത്സ്യത്തൊഴിലാളികളുടെ കഥ പറയുന്ന ചിത്രമാണ് വിസ്കോന്തിയുടെ



'ലാ തേറാട്രീമാ' (1948). പുതിയ സംവിധായകരിൽ മൈക്കൽ ഏഞ്ചലോ അന്തോനിയോനി, എർമാനോ ഓൾമി, ലിനാ വർട്ട്മുലർ എന്നിവർ ശ്രദ്ധേയരാണ്. ഇവരുടെ സ്വാധീനവും വിശ്വസിനിമയിൽ പ്രകടമാണ്.

പോളണ്ടിലെ പുതിയ തലമുറയിലെ സംവിധായകൻ റോമൻ പൊളാൻസ്കി (നൈഫ് ഇൻ ദി വാട്ടർ) ജപ്പാനിലെ അകിരാ കുറോസാവ (റോഷോമൻ) ജീവിതത്തിലെ അനുഭൂതികളെയും സംവേദനക്ഷമതയേയും ചലച്ചിത്രം വഴി വ്യഞ്ജിപ്പിക്കുന്നതിൽ കൃതഹസ്തനായ സ്വീഡിഷ് സംവിധായകൻ ഇംഗ്മാർ ബർഗ്മാൻ ('വൈൽഡ് സ്ട്രാബെറീസ്', 'വിർജിൻ സ്പ്രിംഗ്', 'ദി മെജീഷ്യൻ', 'സയലൻസ്') ഫ്രാൻസിലെ പുതിയ തലമുറയിലെ അത്യുന്നതനായ ഫ്രാൻസിസ് ത്രൂഫോ ('ജൂൾസ് ആൻറ് ജിം') പ്രതീകാത്മക ശൈലിയുടെയും ഫ്രീസ്ഷോട്ട് ശൈലിയുടെയും തരംഗത്തിന് ജന്മംകൊടുത്ത ചെക്കോസ്ലോവാക്യയിലെ ജോൺ നിർമെക്ക് ('ഡയമണ്ട് ഓഫ് ദി നൈററ്') എഡ്വേർഡ് ഗ്രെസ്നർ (ഈച്ച് ഡേ ഓഫ് എവരി വീക്ക്') തുടങ്ങിയവർ വിശ്വസിനിമക്ക് പുതിയ മാനങ്ങൾ തീർത്തവരാണ്. ഇവരുടെ സ്വാധീനം ലോകത്തിലെ ജാഗരൂകരായ സംവിധായകരിലുണ്ട്. ഭാരതത്തിലെ ഒരു സത്യജിത് റേ മാത്രമാണ് തന്റെ മൌലിക പ്രതിഭയാൽ മുകളിൽപ്പറഞ്ഞവരുടെ പ്രതിഭയ്ക്കു മുന്നിൽ തലയുയർത്തിനില്ക്കുന്ന ഒരാൾ.

അനുകരണം അഭിനന്ദനത്തിന്റെ ശരിയായ രൂപമാണോ? മൌലികതയും ജീവിത യഥാർത്ഥ്യവും ബലികഴിക്കാത്ത, സോദ്ദേശ്യവും ആരോഗ്യപരവുമായ അനുകരണമാണെങ്കിൽ അത് അഭിനന്ദനാർഹമാണ്.






അതുല്യമായ മനോഹര
ചർമ്മത്തിന്റെ രഹസ്യം
രാധാസ്
ആയുർവ്വേദിക്
ടോയ്‌ലറ്റ് സോപ്പ്
Radhas
Radhas
ഒരു രാധാസ് ഉൽപ്പന്നം

കാമ്പസ്സിലെ സിനിമ





അഗ്നിയുദ്ധം

സുകുമാരൻ, സോമൻ തുടങ്ങിയ പ്രസിദ്ധരായ നടന്മാരുടെ കഴിവുകളെ എങ്ങിനെ ദുരുപയോഗപ്പെടുത്താമെന്നു് അഗ്നിയുദ്ധം കണ്ടാൽ മനസ്സിലാകും. ഒരു അറുബോറൻ സിനിമ എന്നേ അഗ്നിയുദ്ധത്തെ വിശേഷിപ്പിക്കാൻ സാധിക്കുകയുള്ളൂ.

ഫിലിപ്പ്
ബസേലിയസ് കോളേജ്
കോട്ടയം.

അഗ്നിയുദ്ധം പോലെയുള്ള ചിത്രങ്ങൾ ഒരുകൂട്ടം പ്രേക്ഷകർക്ക് എങ്കിലും ഇഷ്ടമാകമായിരുന്നു. ഒരു പത്തു വർഷം മുമ്പായിരുന്നെങ്കിൽ. ഇന്നത്തെ പരിതസ്ഥിതികൾ പ്രേക്ഷകർ ഒന്നടങ്കം സ്വാഗതം ചെയ്യുന്നതു് പുതിയ പ്രമേയത്തേയും പുത്തൻ പ്രതിഭകളെയുമാണു്.

രാധിക
എസ്. എൻ. കോളേജ്
കൊല്ലം.

സംഘർഷം

ദസ്സ്ലാടനത്തിനു ശേഷം വിശ്വംഭരൻ സംവിധാനം ചെയ്ത ഈ ബിഗ് ബജററ് ചിത്രം... ഡൽഹി, നൈനിററാൾ, രാജസ്ഥാൻ എന്നീ സ്ഥലങ്ങളും കാണാം. അത്ര തന്നെ. താരങ്ങളിൽ ആരും തന്നെ ഭേദം എന്നു പറയാൻ വയ്യ. ഛായാഗ്രഹണവും പാട്ടുകളും മെച്ചമാണു്.

റീന മാത്യു
കറവിലങ്ങാട് ദേവമാതാ
കോളേജ്.

എത്ര ചന്തമുള്ള ഒരു നടിയാണു് റാണിപത്മിനി. പക്ഷേ ആ കുട്ടിയെക്കൊണ്ടു് ഇത്തരം ആഭാസങ്ങൾ കാട്ടിക്കണോ? ഇങ്ങനെയൊക്കെ തുണി അഴിച്ചാൽ ഇനിയും കൂടുതൽ ചാൻസ് കിട്ടുമെന്നാണു് ആ നടിയുടെ വിശ്വാസമെങ്കിൽ അവിടെ തെററി. ഇപ്പോഴത്തെ യുവതലമുറയ്ക്കു് ഏറെ ഇഷ്ടം തുണി ഉരിയലല്ല പുതിയ പ്രമേയവും പുതുമുഖങ്ങളെയുമാണു്.

വിജയൻ, ബിഷപ്‌മൂർ
പത്തനംതിട്ട.

സംഘർഷം കണ്ടിട്ടു് മനസ്സിൽ നിന്നു മായാത്ത ഒരേ ഒരു കഥാപാത്രം മാസ്റ്റർ കുമാർ കൈകാര്യം ചെയ്തതാണു്. എത്ര തന്മയത്വത്തോടെ ആ കുട്ടി അഭിനയിച്ചു. സീമയുടെ റോളും ചെറുതെങ്കിലും മികച്ചു നിന്നു. നസീറും ശ്രീവിദ്യയും പതിവുപടി തന്നെ. സ്വപ്ന എന്ന മറുനാടൻ സൗന്ദര്യധാമത്തിനു് മലയാളത്തിൽ കാലുറപ്പിക്കാൻ പററില്ല എന്നതിനു് ഉത്തമ ഉദാഹരണമാണു് സംഘർഷം.

രഘുരാജ്
എൻ. എസ്. എസ്.
പന്തളം.

സംഘർഷം കണ്ടപ്പോഴുണ്ടായ ഒരു സംശയമാണു്. രാജസ്ഥാനിലെ കൊള്ളക്കാരെ ചിത്രത്തിൽ കാട്ടിയല്ലോ— അവർ എത്ര ഭംഗിയായി മലയാളം സംസാരിക്കുന്നു. സംവിധായകൻ വിശ്വംഭരൻ ഈ സംശയം ഒന്നു പരിഹരിച്ചു തരുമോ?

ഷാജി
എസ്. ഡി. കോളേജ്
ആലപ്പുഴ.

കാഹളം

കാഹളം കണ്ടിട്ടു് തിയേററിൽ നിന്നു പുറത്തു വന്നപ്പോഴും കേട്ട ഒരു കമൻറാണു് 'തലച്ചോറു് വീട്ടിൽ വച്ചിട്ടു് വന്നാൽ കൊള്ളാമായിരുന്നു', നസീറിനെ പററിയ റോളാണു് കാഹളത്തിലേതു്. വെറുതെ കണ്ടിരിക്കാം. അത്രമാത്രം.

ശിവശങ്കരൻ
ക്രിസ്ത്യൻ കോളേജ്
ചെങ്ങന്നൂർ.

കാഹളം പോലുള്ള ഒരു ചിത്രം യുവജനങ്ങളെ ആകർഷിക്കുമെന്നു തോന്നുന്നില്ല. പക്ഷേ അതിലെ പാട്ടുകളും എല്ലാം നല്ലവയാണു്. നൃത്തവും കണ്ടിരിക്കാം. അല്ലാതെ പുതുമകളൊന്നും തന്നെ ഇല്ലാത്തൊരു ചിത്രം. സംവിധാനം ചെയ്തുവെന്നു മാത്രം ജോഷിക്കു് അവകാശപ്പെടാം.

ജോൺജോസഫ്
എസ്. ബി. കോളേജ്
ചങ്ങനാശ്ശേരി.

സിനിമ



ഒളിവില്ലാത്ത ഓർമ്മകൾ

എന്റെ മരണം-3

തിക്കുറിശ്ശി

എന്റെ കഴിഞ്ഞ രണ്ടു മരണങ്ങളെ അപേക്ഷിച്ച് തികച്ചും വ്യത്യസ്തമായ ഒരു സ്വഭാവമാണ് ഈ മൂന്നാമത്തേതിനുള്ളത്. എന്റെ ജീവിതാന്തരീക്ഷത്തിൽ ഏതാണ്ട് മരണത്തിന്റെ മണം വീശിയിരുന്ന ഒരു സംഭവം അക്കാലത്തുണ്ടാകാതിരുന്നില്ല. അപ്രതീക്ഷിതമായ ചില ഏടാകൂടങ്ങളാൽ മനസ്സും ബുദ്ധിയും ഒരുപോലെ തകിടം മറിഞ്ഞിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. സംഭവങ്ങളുടെ ഒരു ഘോഷയാത്രയായിരുന്നു അന്നെന്റെ ജീവിതം. തെററിന്റെ തെരുവീഥികളിൽക്കൂടി ഞാനൊരു വിനോദയാത്ര ചെയ്യുകയാണെന്ന് എന്നെ പരിചയമുള്ളവർ അന്ന് വ്യാഖ്യാനിച്ചു. അഭിലാഷങ്ങളുടെ താളക്രമമനുസരിച്ചുള്ള എന്റെ ഓരോ ചുവടുവെയ്പും പിഴച്ചുപിഴച്ചു പോകുന്നതായി ഇഷ്ടജനങ്ങൾ പിറുപിറുത്തു. ലക്ഷ്യം ലഗാനുമില്ലാത്ത ആ ജീവിതയാത്രയിൽ അപരിഹാര്യമായ പല കഷ്ടനഷ്ടങ്ങളും എനിക്ക് നേരിട്ടു.

എങ്കിലും അസൂയാർഹമായ പ്രസിദ്ധിയും ആവശ്യത്തിലധികം പണവും അന്നെനിക്ക് കലാപ്രകടനങ്ങളിൽ നിന്നും ലഭിക്കുക തന്നെ ചെയ്തു. പണത്തിന് ഒരു ഉണങ്ങിയ തൃണത്തിന്റെ വിലയേ ഞാനന്ന് കല്പിച്ചിരുന്നുള്ളു. അവസരവും പരിസരവും നോക്കാതെ എന്തും ചെയ്യുവാനുള്ള ഒരു ഭ്രാന്തന്റെ ധൈര്യമായിരുന്നു അന്നെനിക്ക്.

സൗന്ദര്യത്തിൽ വൈരൂപ്യവും വൈരൂപ്യത്തിൽ സൗന്ദര്യവും ദർശിക്കാനുള്ള അസാധാരണവും പ്രത്യേകതയുമുള്ള ഒരു പ്രേരണയും പ്രവണതയും എങ്ങിനെയോ എന്നിൽ നുഴഞ്ഞുകയറി. തൻനിമിത്തം എന്റെ പെരുമാററത്തിലും— സ്വഭാവത്തിലും ചില പ്രലോഭനങ്ങളും പ്രമാദങ്ങളും കടന്നുകൂടി. മററുള്ളവർക്ക് അത്ഭുതാവഹവും അസാധാരണവുമായി തോന്നിയതെല്ലാം എനിക്ക് നിസ്സാരങ്ങളും നിരർത്ഥകങ്ങളുമായിരുന്നു. ഹൃദയം തുറന്ന് അക്കാലത്തു ഞാൻ ചിരിച്ചിട്ടില്ല. അതുപോലെ തന്നെ മററാരെങ്കിലും ചിരിക്കുന്നതും എനിക്ക് വെറുപ്പാണ്. ജീവിതസമരത്തിൽ എതിർകക്ഷികളിൽ നിന്നും എന്റെ ഹൃദയത്തിനു കിട്ടിയ പ്രത്യാഘാതങ്ങളുടെ ഒരു ആകെത്തുക എന്റെ മുഖത്ത് രേഖപ്പെടുത്തിക്കൊണ്ടാണ് ഞാനന്ന് നടന്നിരുന്നത്. എന്നോട് കുശലപ്രശ്നം ചെയ്യുന്നവരോടൊക്കെ ഞാൻ അലക്ഷ്യമായും അപൂർണ്ണമായും ഉത്തരം പറഞ്ഞിരുന്നു. എന്റെ ചുററുപാടുകളെക്കുറിച്ച് മൂലംകഷമായി അന്വേഷിക്കുന്നവരെ ഞാൻ വളരെ ദൂരം അകററിനിർത്തി. അനിഷേധ്യരായ ദിവ്യന്മാരെന്ന് സ്വയം നടിച്ചിരുന്ന എല്ലാ വമ്പന്മാരേയും എനിക്ക് പുച്ഛമായിരുന്നു. കേവലം അനുകൂല സന്ദർഭങ്ങളുടെ ചെറു തെന്നലിൽക്കൂടി മുകളിലോട്ടു പറന്നു എത്തുന്ന അപ്പൂപ്പൻതാടികളായി മാത്രമേ ഞാനവരെ ഗണിച്ചിരുന്നുള്ളു. ബുദ്ധിയിലും സംസ്കാരത്തിലും ഞാനവരെക്കാളൊക്കെ എത്രയോ മെച്ചമാണെന്ന് തോന്നിയിരുന്നു. സദാചാരത്തിന്റെയും സന്മാർഗ്ഗത്തിന്റെയും സർവ്വകലാശാലകളിൽ നിന്ന് ബഹുമാന ബിരുദങ്ങളും നേരിട്ടെടുത്തതായി തമ്പേറടിച്ച് വിളംബരം ചെയ്തിരുന്ന പലരും നട്ടപ്പാതിരാനേരത്ത് വെറും കാടന്മാരും കാപ്പിരികളുമായി രൂപഭേദാന്തരപ്പെടുന്നത് വളരെയേറെ ദർശിച്ചിട്ടുള്ളവനാണ് ഞാൻ. ഈ ലോകത്തു നടന്നതെല്ലാം തന്നെ തെററാണെന്നുള്ള ഒരു നിഗമനത്തിൽ ഞാനെങ്ങിനെയോ എത്തിച്ചേർന്നിരുന്നു. 'തെററ്' ശരിയെ പ്രസവിക്കുന്നു. തെററിൽക്കൂടി, തെററിന്റെ ശവക്കുഴിയിൽക്കൂടി ശരി വിജയക്കൊടി നാട്ടുന്നു. തെററില്ലെങ്കിൽ ശരിയില്ല. തെററ് ശരിക്ക് ശക്തികൂട്ടുന്നു. ജീവൻ കൊടുക്കുന്നു. ശാശ്വതത്വം നൽകുന്നു. തെററിന്റെ രക്തം കുടിച്ചാണ് ശരി തടിച്ചുകൊഴുക്കുന്നത്. എന്നു ഞാൻ ഇതിന് മുമ്പെഴുതിയ എന്റെ 'മായ' നാടകത്തിൽ രേഖപ്പെടുത്തിയത് ഒരു നഗ്നസത്യം മാത്രമാണെന്ന് എനിക്കനുഭവപ്പെട്ടു. ദൈനംദിനമുള്ള സ്വാനുഭവങ്ങളെ ചിന്തയുടെ മൂശയിൽ വെച്ച് സ്ഫുടം ചെയ്തെടുത്ത് എന്റേതായ ചില തത്വസംഹിതകൾ സഹൃദയരായ സുഹൃൽജനങ്ങളുടെ മുമ്പിൽ ഞാനന്ന് വിളമ്പിയിരുന്നു. പല വിഷയങ്ങളെക്കുറിച്ചും വാദപ്രതിവാദത്തിന് മുതിർന്നിട്ടുള്ള പണ്ഡിതമാന്യന്മാരെ കൊമ്പുകുത്തിക്കുവാൻ എനിക്കന്ന് സാധിച്ചിട്ടുണ്ട്.

അന്ന് ഒരിടത്തും ഞാൻ സ്ഥിരമായൊരു താവളമോ താമസമോ ഉറപ്പിച്ചിരുന്നില്ല. കേരളത്തിലങ്ങോളമിങ്ങോളം ആവർത്തിച്ചാവർത്തിച്ച് സഞ്ചരിക്കുകയാണ് ജോലി. എല്ലാ നാടുകളും എനിക്ക് സ്വദേശമാണ്". സ്വന്തം നാടിനേക്കാൾ സ്വാതന്ത്ര്യവും സ്വാധീനതയും മററു സ്ഥലങ്ങളിൽ എനിക്ക് ലഭിച്ചിരുന്നു. ഓരോ നാട്ടിലെയും തലയെടുപ്പുള്ള സാഹിത്യകാരന്മാരും കവികളും കലാകാരന്മാരും എന്റെ ആത്മസുഹൃത്തുക്കളായിത്തീർന്നു. വളർന്നുവരുന്ന കൊച്ചുകൊച്ചു കലാകാരന്മാരും എന്റെ പരിചയ മേഖലയിൽ പെടാതിരുന്നില്ല. കേരളത്തിലെ എല്ലാ നഗരങ്ങളിലേയും ഒന്നാംകിടയിലുള്ള ഹോട്ടലുകളിലേ ഞാൻ തങ്ങാറുള്ളു. എല്ലായിടത്തും എനിക്ക് കണക്കിലേറെ സ്നേഹിതന്മാരെ കിട്ടി. ഒരിക്കലും ഞാൻ ഒററതിരിഞ്ഞു നടന്നിരുന്നില്ല. ഏതൊരു സന്ദർഭത്തിലും ഞാനൊരു സുഹൃൽസംഘത്തിന്റെ നടുവിൽപ്പെട്ടിരിക്കുന്നതു കാണാം. ആകാശത്തിനു കീഴെയുള്ള ഏതു വിഷയ

ത്തെക്കുറിച്ചും ഞങ്ങൾ സംസാരിക്കും. ചിലപ്പോൾ സഭ്യേതരങ്ങളായവയും. ഉൾക്കൊള്ളാറുണ്ട് ആ സംഭാഷണ ശ്രവണേച്ഛുക്കളായി അപരിചിതന്മാർ പോലും അമ്മാതിരി സമ്മേളനങ്ങളിൽ ഭാഗഭാക്കുകളായിരുന്നു. മററുള്ളവരിൽ നിന്നും ഏററവും വിഭിന്നമായ ഒരു വീക്ഷണകോണത്തിൽ നിന്നുകൊണ്ടാണ് ഞാൻ സകലതും ദർശിച്ചിരുന്നത്. ഏതൊന്നിൻെറയും മറുവശത്തെക്കുറിച്ച് ചിന്തിക്കുകയും പറയുകയുമെന്നുള്ളതാണ് എൻെറ നേട്ടം. അതിനുവേണ്ടി കരുതിക്കൂട്ടി മുഷിഞ്ഞിരുന്ന് പലതും ശേഖരിച്ചുവച്ചു. അന്നുവരെ ആരും പറയാത്ത എൻെറ തലതിരിഞ്ഞ അഭിപ്രായങ്ങളുമായി വിയോജിക്കുന്ന സുഹൃത്തുക്കളോട് ഞാൻ ഒരിക്കലും കലമ്പിയിട്ടില്ല. നേരെമറിച്ച് അന്നുവരെ ആരും ചെയ്യാത്ത ഒരു ശരി ആദ്യമായി ഒരുവൻ ചെയ്യുമ്പോൾ അതു തെററാണെന്ന് ലോകം വിധിയെഴുതും.' എന്നും മററും സവ്യാഖ്യാനം സമർത്ഥിച്ച് അവരെക്കൊണ്ട് സമ്മതിപ്പിക്കാനും അംഗീകരിപ്പിക്കുവാനും യത്നിച്ചിട്ടുണ്ട്. അന്നത്തെ രസാവഹങ്ങളായ പല തമാശകളുടെയും കൂട്ടത്തിൽ ഒരു 'Thikkurissy time' 'തിക്കുറിശ്ശി ടയം.' സ്നേഹിതന്മാരുടെയിടയിൽ പ്രചാരത്തിൽ വന്നത് ഇന്നും എൻെറ ഓർമ്മയിൽ പച്ചപിടിച്ചു നില്ക്കുന്നു.

കൊല്ലവർഷം 1122 കർക്കടകമാസം അവസാനിക്കുന്ന ദിവസം. അന്ന് രാത്രി ഞാനും മററു ചില സുഹൃത്തുക്കളും കൊല്ലം ടൗണിലെ ഒരു ഒന്നാംകിട ഹോട്ടലിൽ ഒന്നിച്ചിരുന്ന് സംസാരിക്കുകയായിരുന്നു. കല, മതം, രാഷ്ട്രം, സമുദായം വേദാന്തം, ശാസ്ത്രം ഇങ്ങനെ എല്ലാ ശാഖകളിലും ചാടിച്ചാടി പൊയ്ക്കൊണ്ടിരുന്നു. ഞങ്ങളുടെ സംഭാഷണം ഒടുവിൽ നാളത്തെ നവവത്സരാഗമന വൃത്താന്തത്തിലെത്തി. കഴിഞ്ഞ മുന്നൂററിയറുപത്തിയഞ്ചു ദിവസവും പല നന്മതിന്മകൾക്കും സാക്ഷി നിന്ന് നമ്മോടൊന്നിച്ച് കരയുകയും ചിരിക്കുകയും ചെയ്തിട്ട് അന്ത്യശ്വാസം വലിക്കാൻ പോകുന്ന ആ 1122-നെ പിരിയുന്നതിൽ എനിക്കുള്ള സഹതാപം ഞാൻ അവരുടെ മുമ്പിൽ സമർപ്പിച്ചു. പരസ്പരം പഴകി ഒരു വിധം ഇണങ്ങിച്ചേർന്ന ആ മത്സരത്തിൻെറ ശവക്കുഴിയിൽ നിന്നുകൊണ്ട് നമ്മുടെ അടുത്തെത്തിച്ചേരുവാൻ അണിഞ്ഞൊരുങ്ങിയ 1123-നെ എതിരേല്ക്കുവാൻ എനിക്ക് മനസ്സില്ലെന്ന് ഞാൻ സ്നേഹിതന്മാരെ അറിയിച്ചു. സദാ പുതുമയുടെ ആകർഷകത്വത്തെപ്പററി ഗിരിപ്രസംഗം നടത്തുന്ന താങ്കൾ എന്താണിങ്ങനെ പരാതിപ്പെടുവാനെന്ന ചോദ്യത്തിലൂടെ സഖാക്കൾ എൻെറ നേർക്കൊരു കല്ലേറു നടത്തി. തൻേറടമായി അതിന് പകരം കൊടുക്കുവാൻ എനിക്ക് കഴിഞ്ഞില്ലെന്നു വേണം പറയുവാൻ. ഞാൻ ചിലപ്പോഴെല്ലാം പുതുമ ആസ്വദിക്കുന്നത് പഴയതിൻെറ സ്മരണയിലും സ്വപ്നത്തിലും കൂടിയാണെന്ന് ഒരു നൂതന സരണി വെട്ടിത്തുറന്ന് എൻെറ സഖാക്കളെ അങ്ങോട്ടേയ്ക്ക് ക്ഷണിച്ചു. എന്തായാലും നമ്മെത്തൊട്ടുരുമ്മി നില്ക്കുന്ന നവവത്സരാരംഭദിനത്തിൽ എന്തെങ്കിലും കൗതുകകരമായ ഒരു പുതുമ സൃഷ്ടിക്കണമെന്ന് ഞങ്ങളെല്ലാപേരും ഐകകണ്ഠ്യേന തീരുമാനിച്ചു.

'നാളെ മുതൽ നമ്മുടെ സമയമങ്ങു മാററാം. പുതുവർഷം തുടങ്ങുന്ന നാളത്തെ പുലർകാലം മുതൽ നമ്മുടെ സമയത്തിന് സാരമായ വ്യത്യാസം വരുത്തണം.' പൊടുന്നനവേയുള്ള എൻെറ ഈ പ്രമേയം ചങ്ങാതികൾക്ക് ഒരു പുത്തിരിയായി തോന്നിയില്ല. ഒരു അദ്ധ്യാപകൻെറ ഭാവഹാവാദികളോടെ ഞാൻ പാഠവിവരണമാരംഭിച്ചു. 'നേരം വെളുക്കുമ്പോൾ മണി ഒന്ന്. മണി ഒന്ന് എന്നായാൽ നേരം വെളുത്തുവെന്നർത്ഥം. അതായത് പകലു തുടങ്ങി. അങ്ങിനെ പന്ത്രണ്ടുമണിയാകുമ്പോൾ പകലു തീരും. പിന്നത്തെ ഒന്ന് രാത്രിയുടെ ഒന്നാണ്. രാത്രിയായി എന്നു സൂചന.'

'അതെങ്ങിനെ' മിത്രങ്ങളുടെ ആ ഇടച്ചോദ്യം എൻെറ വാക്കുകൾക്ക് ഒരു ബ്രേക്കിട്ടു. ഞാൻ കുറേക്കൂടി വ്യക്തമായും ശാന്തമായും തുടർന്നു.


'ലോകത്തുള്ള സകലതും 'ഒന്നിൽ' നിന്നു തുടങ്ങിയതാണ്. എണ്ണാൻ പഠിക്കുന്നതു തന്നെ 'ഒന്നു' മുതലാണ്. അങ്ങിനെ എല്ലാത്തിൻെറയും ആരംഭം 'ഒന്നിൽ' നിന്നെന്നിരിക്കെ ഈ പകലും രാത്രിയും മാത്രം 'ആറ്'' എന്നാരംഭിക്കുന്നത് അബദ്ധമാണ്. ഒന്നിൻെറ ആരംഭം മറെറാന്നിൻെറ മദ്ധ്യത്തിൽ അതാണ് നമ്മുടെ 'ദിവസ'ത്തിൻെറ ഇന്നത്തെ നില. പകൽ ആരംഭിക്കുന്നത് രാത്രിയുടെ മദ്ധ്യത്തിലും രാത്രിയുടെ 'ഒന്ന്'' പാതിരാത്രിയിലും. തെററ്. സർവ്വത്ര തെററ്. പകലും രാത്രിയും നമുക്ക് തിരിച്ചറിയാം. അവ രണ്ടിൻെറയും തുടക്കവും നമുക്കറിയാം. നേരം വെളുക്കുമ്പോൾ പകലിൻെറ കൈ വിരലുകൾ രാത്രിയുടെ കരിശ്ശീല മാററുന്നു. പക്ഷികൾ ചിലക്കുന്നു. തണുത്ത കാററു വീശുന്നു. പൂക്കൾ വിരിയുന്നു. സൂര്യൻെറ ഇളം കതിരുകൾ എങ്ങും വ്യാപിക്കുന്നു. ഉറങ്ങിയവരെല്ലാം ഉണർന്നെണീക്കുന്നു. എല്ലാത്തിലും ഒരു പുതിയ ചൈതന്യം പ്രസരിക്കുന്നു. മറഞ്ഞു കിടന്നതെല്ലാം കൺമുമ്പിൽ തെളിഞ്ഞു തെളിഞ്ഞു വരുന്നു. പകലിൻെറ ആരംഭമാണത്. പകലിൻെറ 'ഒന്ന്'' ആണത്. അങ്ങിനെ പകലിൻെറ പന്ത്രണ്ടു മണിക്കൂർ കഴിഞ്ഞാൽ പിന്നെ വരുന്നതു രാത്രിയാണ്. രാത്രിയുടെ തുടക്കവും നമുക്കറിയാത്തതല്ല. സൂര്യൻ അസ്തമിക്കും. കാഴ്ച മങ്ങും. പക്ഷികൾ ചേക്കേറും. ജനസഞ്ചാരം കുറയും. ലോകത്തിൻെറ ശബ്ദം നിലച്ചു വരും. ഇരുട്ടു പരക്കും. ഒടുക്കം ഉറക്കവുമെത്തും. അങ്ങിനെ രാത്രിയുടെ 'ഒന്ന്'' തുടങ്ങുന്നതും നമുക്കു കാണാം.' ഞാൻ ഒററ ശ്വാസത്തിൽ പറഞ്ഞു നിർത്തി. 'ഈ വാദം ശരിയല്ല.' ഒരാൾ അരികത്തിരുന്നവൻെറ ചെവിയിൽ മന്ത്രിച്ചു.

എന്തുകൊണ്ട് ശരിയല്ല. ഒരാളുടെ ശരി മറെറാരാൾക്ക് തെററും ഒരുവൻെറ തെററ് മറെറാരാൾക്ക് ശരിയുമാണ്. അതുകൊണ്ട് ശരിയും തെററും ഒരു പ്രശ്നമല്ല. എന്തോ ആവട്ടെ. നാളെ മുതൽ നമ്മുടെ 'ദിവസം' തുടങ്ങുന്ന മണിക്കണക്ക് 'ഒന്ന്'' എന്നുതന്നെയായിരിക്കണം. ഞാൻ ഒരു ഉറച്ച സ്വരത്തിൽ നിർദ്ദേശിച്ചു

'ആരെതിർത്താലും വേണ്ടില്ല. ഞാൻ ഇപ്പോൾ മുതൽ 'തിക്കുറിശ്ശി ടൈം.' അംഗീകരിക്കുന്നു.' ഒരു സ്നേഹിതൻ എഴുന്നേററുനിന്ന് പ്രഖ്യാപനം ചെയ്തു. സകലരും കൈ പൊക്കി 'ഞങ്ങളും ഞങ്ങളും.' എന്നു വിളിച്ചു പറഞ്ഞു. അങ്ങിനെ ആ കർക്കിടക രാത്രിയിൽ ഒരു 'തിക്കുറിശ്ശി ടൈം.' ആദ്യമായി രൂപം കൊണ്ടു.

നേരം പുലർന്നു. കുരുവികൾ നവവത്സരത്തിൻെറ നാന്ദി ഗാനം പാടി. ഞാനും കൂട്ടുകാരും 'ഒന്ന്'' എന്നു തുടങ്ങുന്ന വാച്ചുകളുമായി പുറത്തിറങ്ങി. പല പരിചയക്കാരെയും കണ്ടുമുട്ടി. എൻെറ ചങ്ങാതികൾ അവർക്കറിയാവുന്ന ഭാഷയിൽ വിവരം മററുള്ളവരെയും ധരിപ്പിച്ചു. ചുരുക്കത്തിൽ കൊല്ലം പട്ടണത്തിലെ പല പെരുപ്പക്കാരും 'തിക്കുറിശ്ശി ടൈം.' സ്വീകരിച്ചുതുടങ്ങി. ആലപ്പുഴയിലും എറണാകുളത്തുമുള്ള എൻെറ സുഹൃൽ





സംഘവും ഈ പുതിയ സമ്പ്രദായത്തിൽ വാച്ചുകരം തിരിച്ചു വച്ചു. ഇന്നും ചില ചങ്കുറപ്പുള്ള സ്നേഹിതന്മാർ ഈ 'തിക്കുറിശ്ശി ടൈം' തന്നെ മുറുകെ പിടിച്ചു നടക്കുന്നുണ്ട്.

അക്കാലത്ത് ഞാൻ നാടക ലോകത്തിൽത്തന്നെയായിരുന്നു. തുടരെ പരിപാടികളുമില്ലാതില്ല. ക്രമാതീതമായ ഉറക്കമില്ലായ്മയും നിരപ്പില്ലാത്ത ദിനചര്യകളും കൊണ്ട് ഏതുതരം രോഗത്തിനും എന്നിൽ നുഴഞ്ഞു കയറുവാൻ സാധിക്കും. ആയിടയ്ക്ക് ഒരു നാലഞ്ചു ദിവസം എനിക്ക് പതിവില്ലാത്ത ക്ഷീണം തോന്നി. ശരീരം ഒട്ടാകെ ഒരു വേദന. തല പൊക്കുവാൻ പോലും ഒത അത തായ്ക. മാംസപേശികളും സന്ധികളുമൊക്കെ തരിച്ചു കയറുന്നു. ശ്വാസോച്ഛ്വാസത്തിന് ഒരു വല്ലാത്ത തടസ്സം. ഞാൻ കൂട്ടാക്കിയില്ല. ഈ അസ്വാസ്ഥ്യങ്ങളും ചുമന്നുകൊണ്ട് ഞാൻ തുടരെ നാടകമഭിനയിച്ചു. ഒരു ഒഴുക്കൻ മട്ടിലുള്ള അഭിനയമല്ലായിരുന്നു അത്. ശരീരക്ലേശങ്ങളൊന്നും കലാപ്രകടന വേളയിൽ കാര്യമായെടുത്ത് അലസതയും കള്ളത്തരവും കാണിക്കുന്ന സ്വഭാവം എനിക്കു തീരെയില്ല. പരവശമായ മുഖവും പതറിയ കാൽവെയ്പുമായി ഞാൻ ഒടുവിലത്തെ നാടക സ്ഥലത്തു നിന്നും കൊല്ലത്തെ ഒരു വലിയ ഹോട്ടലിലെത്തി. കൊല്ലത്തെ എന്റെ ക്യാമ്പ് അവിടെയാണ്. എന്തോ പന്തികേടുണ്ടെന്ന് അനുമാനിച്ച് എന്റെ ഉററ ചങ്ങാതിമാരായ ഹോട്ടലുടമസ്ഥനും കരീപ്പുഴ പാച്ചൻപിള്ളയും എന്നെ പിടിച്ചുകൊണ്ട് പോയി കട്ടിലിൽ കിടത്തി.

(തുടരും)

അരമന രഹസ്യം... അങ്ങാടിപ്പാട്ട്...

അടുപ്പവും അകൽച്ചയും



തകരയ്ക്കു തമിഴിൽ വലിയ തിരക്കാണ്. ധാരാളം ചിത്രങ്ങളുണ്ട്. ഏതു നടന്റെ ചുററിനുമാണോ എപ്പോഴും യുവനടികൾ കൂടുന്നത് ആ നടന് മാക്കററുണ്ടെന്നാണർത്ഥം. ഇപ്പോൾ തകരയ്ക്കു ചുററും നടികൾ ഒരു വലയം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഒരു പ്രസിദ്ധ തമിഴ് മലയാളം (ഇപ്പോൾ ഹിന്ദിയും) നടന്റെ ജ്യേഷ്ഠന്റെ മകളായ ഒരു തമിഴ് നടി ഈയിടെ തകരയോട് കൂടുതൽ അടുപ്പം കാണിച്ചിരുന്നു. രണ്ടുപേരെയുമൊന്നിച്ച് എവിടെയും കാണും. ഫോട്ടോ എടുക്കുന്നതും ഇൻറർവ്യൂ നല്കുന്നതും പലപ്പോഴും ഇരുവരുമൊരുമിച്ചാണ്. എന്നാൽ ഈയിടെ നടിക്കൊരു ഭ്രതോദയമുണ്ടായി. അതായത് നടിയെ പുതിയ പല ചിത്രങ്ങളിലേയ്ക്ക് പല സംവിധായകരും കരാർ ചെയ്യുന്നുണ്ട്. അതിലൊക്കെ പുതിയ നായകന്മാരുമാണ്. പല നായകന്മാരോടൊത്തഭിനയിക്കുന്ന ഒരു നടി ഒരു നായകനോടു മാത്രം അടുപ്പം കാണിച്ചാൽ അതവരുടെ നിലനില്പിനെ ബാധിക്കുമെന്ന സത്യം നടിക്കിയിടെ ബോദ്ധ്യം വന്നതുപോലെ. എന്തായാലും ഇപ്പോൾ നടി തകരയോടു വലിയ അടുപ്പം കാണിക്കുന്നില്ല. തകരയ്ക്കിതൊന്നും പ്രശ്നമല്ലതാനും. ആ നടനോട് പല നടികളും ഇങ്ങനെ യൊക്കെ പെരുമാറുകയും വിട്ടുനില്ക്കുകയും ചെയ്യുന്നുണ്ട്. ഈ കാലമതാണ്. ആ രഹസ്യം നടനും മനസ്സിലാക്കിയിരിക്കുന്നു.

കാലം ഒരു കനിവുള്ള മാന്ത്രികനാണെന്നു തോന്നുന്നു അല്ലെങ്കിൽ ഇങ്ങനെയൊക്കെ സംഭവിക്കുമോ?

'കഥയറിയാതെ' സിനിമാരംഗത്തെത്തിയ നടിയുടെ അമ്മ മുമ്പ് ഒരു കേസ്സിൽ പെട്ടിരുന്നു. വെറും കേസല്ല. വ്യഭിചാരക്കേസ്. ആ വാർത്ത മദ്രാസ് പത്രക്കാർ വളരെയധികം പൊടിപ്പും, തൊങ്ങലും വച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈയിടെ മദ്രാസ്സിലെ ഒരു പത്രലേഖകൻ നടിയുടെ അമ്മയോട് ആ കേസ്സിനെപ്പററി ചോദിച്ചപ്പോൾ അവരുടെ മറുപടി ഇങ്ങനെയായിരുന്നു.

'അതൊന്നും സാരമില്ല. അന്ന് പത്രക്കാർ എഴുതിവിട്ടതാണതെല്ലാം. പിന്നെ ഞങ്ങൾക്കതൊരു പബ്ലിസിററിയുമായി....'

ഇപ്പോൾ നടിയായിത്തീർന്ന മകളുടെ അച്ഛനെപ്പററി ആരാഞ്ഞപ്പോൾ വളരെ നിസ്സാര ഭാവത്തിൽ അവർ മറുപടി പറഞ്ഞു.

'അതോ— ഒരു ബംഗാളി ആറുമാസം എന്നോടൊത്തു താമസിച്ചു. പിന്നെ അയാൾ പറയാതെ പോയി. ഞാൻ അന്വേഷിക്കാനും പോയില്ല.'

അമ്മയുടെ മറുപടി കേട്ടുകൊണ്ടിരുന്ന മകൾ ഇടയ്ക്കു കയറി ഇത്രയുംകൂടി പറഞ്ഞു,

'അതു' ഞാനായാലും അങ്ങനെയേ ചെയ്യൂ, പറയാതെ പോയ ഒരാളെ എന്തിനാണന്വേഷിക്കുന്നതു'. പോകുന്നവർ പോകട്ടെ.'

പോനാൽ പോകട്ടും പോടാ...



മണ്ണല്ല അവൾ മണ്ണ നീ...


മലയാളം, തമിഴ് ചലച്ചിത്രവേദിയിലാകെ ശോഭ വിതറിയ നടി മൺമറഞ്ഞിട്ട് ഒന്നര വർഷത്തോളമായി. അവരുടെ ഭർത്താവായിരുന്ന 'ഛായാഗ്രാഹക—സംവിധായകൻ' ഇപ്പോൾ മറെറാരു തമിഴ് പുതുമുഖനടിയെ കണ്ടെത്തിയിരിക്കുന്നു. അവൾക്കും പേരിന് രണ്ടക്ഷരമാണ്. രണ്ടക്ഷരം മാത്രമല്ല അർത്ഥവും ഏകദേശം ഒരുപോലെ തന്നെ.

'നിന്നെയും മൺമറഞ്ഞവളെപ്പോലെയാക്കിത്തീർക്കാമെന്ന്,' ഛായാഗ്രാഹകനും സംവിധായകനുമായ ഈ സിനിമാവിരുതൻ നടിക്ക് വാക്കു കൊടുത്തു വലയിൽ വീഴ്ത്തിയത്രെ. ഇനി എല്ലാക്കാര്യവും മൺമറഞ്ഞവളെപ്പോലെയായിത്തീരുമോ എന്നാണു കണ്ടറിയേണ്ടതു്.



ഞാൻ സെക്സിയായി അഭിനയിക്കില്ല

രാജ്യലക്ഷ്മി



മദ്രാസ്, കോടമ്പാക്കത്തിൽ രങ്കരാജപുരം തെരുവിലെ അഞ്ചാം നമ്പർ വീട്ടിൽ രണ്ടാം നിലയിൽ താമസിച്ചിരുന്ന ഇരുനിറവും, വശ്യതയാർന്ന വലിയ കണ്ണുകളുമുള്ള ഒരു പെൺകുട്ടി പെട്ടെന്നൊരു ദിവസം മദ്രാസിലാകെ പ്രസിദ്ധയായി. അതിനു കാരണം ശങ്കരാഭരണം എന്ന ചിത്രമായിരുന്നു.

ശങ്കരാഭരണത്തിൽ മഞ്ജുഭാർഗ്ഗവി അവതരിപ്പിച്ച തുളസിയെപ്പോലെതന്നെ പ്രാധാന്യമുള്ള കഥാപാത്രമായിരുന്നു ശാരദയും. നവാഗതയായ ആ നടിയ്ക്ക് ആ ചിത്രം ഒരനുഗ്രഹമായിത്തീർന്നു. അതോടുകൂടി അവർ തമിഴിലും തെലുങ്കിലും മലയാളത്തിലുമെല്ലാം ശ്രദ്ധിക്കപ്പെട്ടു.

കോണിപ്പടികൾ കയറി മുകളിലുള്ള സ്വീകരണമുറിയിൽ പ്രവേശിക്കുമ്പോൾ രാജലക്ഷ്മിയുടെ—രാജലക്ഷ്മിയല്ല. രാജ്യലക്ഷ്മിയെന്നാണ് ശരിയായ നാമം. രണ്ടു വർണ്ണചിത്രങ്ങൾ. ഒന്ന് മേക്കപ്പില്ലാതെ ഒരു മസ്കാരി മാത്രമിട്ട് നിഷ്കളങ്കമായി ചിരിക്കുന്ന ശങ്കരശാസ്ത്രികളുടെ മകൾ ശാരദ, മറ്റൊന്ന് മേക്കപ്പണിഞ്ഞു നില്ക്കുന്ന സുജാത എന്ന ചിത്രത്തിലെ കഥാപാത്രം. ടീപ്പോയിൽ ധാരാളം കത്തുകളും അവയ്ക്കു തയ്യാറാക്കിവച്ചിരിക്കുന്ന മറുപടികളും. ഏതാണ്ട് മുന്നൂറിൽ കൂടുതൽ കത്തുകളുണ്ടാകും. ആരാധകരുടേതാണ്. എല്ലാററിനും ഒഴിവുസമയങ്ങളിൽ രാജ്യലക്ഷ്മി മറുപടി എഴുതുന്നു.

ആന്ധ്രയിലെ തെനാലി ഗ്രാമമാണ് രാജ്യലക്ഷ്മിയുടെ ജന്മസ്ഥലം.

വിദ്യാഭ്യാസകാലത്തുതന്നെ രാജ്യലക്ഷ്മി സ്കൂൾനാടകങ്ങളിലഭിനയിക്കുമായിരുന്നു. അങ്ങിനെ അവളുടെ കലാസ്നേഹികളായ ചില അദ്ധ്യാപകർ സംവിധായകനായ കെ. വിശ്വനാഥനോട് ശുപാർശ നടത്തി. രാജ്യലക്ഷ്മിക്ക് നല്ല അഭിനയ പാടവമുണ്ടെന്ന് മനസ്സിലാക്കിയിരുന്ന അവർ അവൾക്ക് സിനിമയിൽ ഒരു നല്ല ഭാവിയുണ്ടെന്നൂഹിച്ചിരുന്നു.

1979 ജൂലൈ ഇരുപത്തിയഞ്ചാം തീയതിയാണ് രാജ്യലക്ഷ്മി ആദ്യമായി ക്യാമറയെ അഭിമുഖീകരിച്ചത്. അതിനു മുമ്പൊരിക്കൽ അവർ വിശ്വനാഥന്റെ മുന്നിൽ മേക്കപ്പ് ടെസ്റ്റിനു വിധേയയായിരുന്നു. വിശ്വനാഥന്റെ നിർദ്ദേശപ്രകാരം രാജ്യലക്ഷ്മി ഒരു സീൻ ആദ്ദേഹത്തിന്റെ മുമ്പിൽ അഭിനയിച്ചുകാണിച്ചു. ആ പെൺകുട്ടിയുടെ പ്രകടനം കണ്ട സംവിധായകൻ അവളെത്തന്നെ തന്റെ ചിത്രത്തിലേയ്ക്ക് കരാർ ചെയ്തു.

ശങ്കരാഭരണത്തിലെ ശാരദ...

'സാമജവരഗമന....എന്ന ഗാന ചിത്രീകരണമായിരുന്നു ആദ്യദിവസം. അതു രാജ്യലക്ഷ്മി വളരെ നന്നായി ചെയ്തു. പരിഭ്രമവും ഭയവും ഗ്രസിച്ചിരുന്ന അവളെ വേണ്ട നിർദ്ദേശങ്ങളും നൽകിയും അഭിനയിച്ചു കാണിച്ചും സംവിധായകൻ ഉത്സാഹിപ്പിച്ചു

അവിചാരിതമായി ശങ്കരാഭരണത്തിനു ലഭിച്ച അത്ഭുതപൂർവ്വമായ സ്വീകരണം രാജ്യലക്ഷ്മിയെ പെട്ടെന്നു പ്രസിദ്ധയാക്കി. ശങ്കരശാസ്ത്രികളുടെ മകളാം ശാരദ പ്രേക്ഷകരുടെ മനസ്സുകളിൽ, വിഷാദവും ആഹ്ലാദവും സൃഷ്ടിച്ചു

ഞാനൊരു നല്ല കലാകാരിയായി ഇത്തരത്തിൽ പ്രസിദ്ധയാകാൻ കാരണം. കെ. വിശ്വനാഥൻ എന്ന സംവിധായകനാണ്—രാജ്യലക്ഷ്മി നന്ദിയോടെ ഓർത്തു

രാജ്യലക്ഷ്മിയുടെ രണ്ടാമത്തെ ചിത്രമാണ് മോഹൻ സംവിധാനം ചെയ്ത സുജാത. ശാലിനി എന്റെ കൂട്ടുകാരി എന്ന മലയാള ചിത്രത്തിൽ ജലജ അഭിനയിച്ച കഥാപാത്രമായിട്ടാണ് രാജ്യലക്ഷ്മി വേഷമിട്ടത്. കഥാപാത്രത്തിന്റെ മാനസികാവസ്ഥ മനസ്സിലാക്കിത്തരുകയും, അത് നന്നായി അവതരിപ്പിക്കാൻ തനിക്ക് ആത്മവിശ്വാസം നൽകുകയും ചെയ്തത് മോഹനാണെന്ന് ആ നടി പറഞ്ഞു.

'കുടിബാടിദര സ്വർഗ്ഗസുഖ' എന്ന കന്നട ചിത്രത്തിലാണ് രാജ്യലക്ഷ്മി പിന്നീടഭിനയിച്ചത് സിദ്ധലിംഗയ്യയാണ് ഈ ചിത്രത്തിന്റെ സംവിധായകൻ ശിവകുമാറിന്റെ നായികയായി കോടീശ്വരൻ മകൾ എന്ന ചിത്രത്തിൽ ഈ നടി അഭിനയിക്കുന്നുണ്ട്.

രാജ്യലക്ഷ്മിയുടെ അമ്മ ഒരു സ്റ്റേജു നടിയാണ് അച്ഛൻ ഒരു മെൻറൽ ഡോക്ടറും. മല്ലികാർജ്ജുനറാവു എന്ന സഹോദരൻ എം. കോമിന് പഠിക്കുന്നു

ഇപ്പോൾ രാജ്യലക്ഷ്മി ഐ വി. ശശിയുടെ തൃഷ്ണ എന്ന ചിത്രത്തിലഭിനയിച്ചുകഴിഞ്ഞു. എം. ടി യാണ് തൃഷ്ണയുടെ തിരക്കഥാകൃത്ത്. വളരെയേറെ പ്രതീക്ഷയുള്ള ഈ ചിത്രം ഈ നടിക്ക് ഇനിയും മലയാളത്തിൽ പോപ്പുലാരിറ്റി നേടിക്കൊടുക്കും.

'തൃഷ്ണയിലെ നായികയാണെന്നു പറഞ്ഞുവല്ലോ. അതിൽ സെക്സ് സീൻസുണ്ടോ?'

'ഇല്ല'

'അല്ല ഐ വി ശശിയുടെ ചിത്രമായതുകൊണ്ട് ചോദിച്ചതാണ്.'

'അല്ല, ഉണ്ട്'. പക്ഷേ രാജലക്ഷ്മിക്കില്ല.'

'സെക്സിയായ വേഷങ്ങൾ ഇഷ്ടമല്ലേ?'

'അയ്യേ അതൊന്നും എനിക്ക് പിടിക്കില്ല. അങ്ങിനെ എത്ര അവസരം വന്നാലും ഞാൻ അഭിനയിക്കില്ല. അതുപോലെ സ്വിമ്മിംഗ് ഡ്രസ്സിലൊന്നും അഭിനയിക്കാൻ ഞാൻ ഒരിക്കലും തയാറാകുകയില്ല.'

ശങ്കരാഭരണത്തിലെ അഭിനയത്തിനു നല്ല സെക്കൻറ് ഹിറോയിനുള്ള അവാർഡ് രാജ്യലക്ഷ്മിക്ക ലഭിച്ചു. സുജാതയിൽ അവതരിപ്പിച്ച കഥാപാത്രത്തിനാകട്ടെ നല്ല പുതുമുഖനടിയ്ക്കുള്ള അവാർഡും കിട്ടി.

'ശാലിനി എന്റെ കൂട്ടുകാരി'യാണ് രാജ്യലക്ഷ്മി കാണുന്ന ആദ്യമലയാളചിത്രം. അതവർക്ക് വളരെ ഇഷ്ടപ്പെട്ടു. ശങ്കരാഭരണം എത്ര തവണ കണ്ടെന്ന് അവർക്കുപോലുമറിയില്ല. ധാരാളം പ്രാവശ്യം അവർ ആ ചിത്രം കണ്ടു. പക്ഷേ മലയാളം ഡബ്ബിംഗ് കാണാൻ കഴിഞ്ഞില്ല. ഇനി ഐ. വി. ശശിയുടെ പുതിയ ചിത്രമായ അഹിംസയിൽ അഭിനയിക്കാൻ കോഴിക്കോട്ട പോകുമ്പോൾ ശങ്കരാഭരണത്തിന്റെ മലയാളം പതിപ്പ കാണണമെന്ന് അവർ ആഗ്രഹം പ്രകടിപ്പിച്ചു

ശങ്കരാഭരണം ശാസ്ത്രീയ സംഗീതവുമായി അഭേദ്യമായി ബന്ധപ്പെട്ട കിടക്കുന്ന ചിത്രമാണ്. അതിലഭിനയിച്ചുവെങ്കിലും രാജ്യലക്ഷ്മിക്ക് ശാസ്ത്രീയ സംഗീതത്തിൽ യാതൊരു പിടിയുമില്ല. എന്നാൽ നല്ലൊരു നർത്തകിയാണവർ. ശാരദ, ജയസുധ, ശോഭ എന്നീ നടിമാരാണ് രാജ്യലക്ഷ്മിയുടെ ഇഷ്ടതാരങ്ങൾ

അച്ഛനും അമ്മയും മകൾ അഭിനേത്രി ആകുന്നതിനോട് യോജിപ്പുണ്ടായിരുന്നോ എന്ന ചോദ്യത്തിന്, അവർ തികച്ചും അനുകൂലിച്ചിരുന്നു എന്ന മറുപടിയാണ് രാജ്യലക്ഷ്മിയിൽ നിന്നുണ്ടായത് മാത്രമല്ല, മകൾ പ്രശസ്തിയുള്ള ഒരു താരമായി കഴിഞ്ഞതിൽ അവർക്ക് വളരെയേറെ സന്തോഷമുണ്ട്.

വിവാഹത്തെപ്പററി ചോദിച്ചപ്പോൾ അതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ലെന്നായിരുന്നു അവരുടെ മറുപടി.

'ഒരു നടനെ വിവാഹം കഴിക്കുമോ?'

'നടനെ വിവാഹം കഴിക്കണമെന്നില്ല. ഒരു പക്ഷേ ആയിക്കൂടെന്നുമില്ല. ആരുമറെ വിവാഹം കഴിക്കാനിരുന്നാൽ ചിലപ്പോൾ ഡോക്ടറെയായിരിക്കും വിവാഹം കഴിക്കുക.''


നാനയിൽ വന്ന അവരുടെ ഒരു ചിത്രം കാണിച്ചിട്ട് അതിന്റെ അടിയിൽ കൊടുത്തിരിക്കുന്ന നോട്ട് എന്താണെന്ന് രാജ്യലക്ഷ്മി അന്വേഷിച്ചു.


മലയാള പ്രേക്ഷകരുടെ സ്റ്റാൻഡേർഡിൽ രാജ്യലക്ഷ്മിക്ക് മതിപ്പുണ്ട്. തൃഷ്ണ റിലീസ് ചെയ്യുന്നതോടെ കൂടുതൽ മലയാള ചിത്രങ്ങളിൽ അഭിനയിക്കാനുള്ള അവസരങ്ങൾ തന്നെ തേടിവരുമെന്നവർ വിശ്വസിക്കുന്നു. ഇപ്പോൾ അരഡസനോളം തമിഴ് ചിത്രങ്ങളിൽ രാജ്യലക്ഷ്മി അഭിനയിക്കുന്നുണ്ട്.

അഭിനയത്തിലുള്ള ജന്മവാസനയും, ആകാരസൗഷ്ഠവവും ഈ നടിയെ വേണ്ടുവോളം അനുഗ്രഹിച്ചിട്ടുണ്ട്. മലയാള നായികമാരുടെ നിരയിലേയ്ക്ക് രാജ്യലക്ഷ്മിയും കടന്നു വരികയാണ്. ശങ്കരാഭരണത്തിലെ ശാരദയെ പ്രേക്ഷകർ മറന്നിട്ടില്ല തൃഷ്ണയിൽക്കൂടി ഒരു പുതിയ കഥാപാത്രത്തിന്റെ രൂപഭാവമണിഞ്ഞു 'ശാരദ' വീണ്ടും. മലയാളികളുടെ മുന്നിലെത്തുന്നു.

—എസ്സാർ

'തൃഷ്ണ'യിൽ രാജലക്ഷ്മി, മമ്മൂട്ടി, സ്വപ്ന






നാടക രംഗം

കെ. പി. എ. സി.യുടെ 'കൈയും തലയും പുറത്തിടരുത്'

കെ. പി. എ. സി.യുടെ പുതിയ നാടകമാണ് കൈയും തലയും പുറത്തിടരുത്. നാടകത്തിന്റെ പേര് കേൾക്കുമ്പോൾ തന്നെ നമ്മൾ പെട്ടെന്ന് ഓർത്തു പോകുന്നത് ട്രാൻസ്പോർട്ട് ബസ്സുകളെയാണ്. അതിൽ തെററില്ല. ഈ ബസ്സിന്റെ അന്തരീക്ഷത്തിലാണ് ഈ നാടകം അവതരിപ്പിക്കുന്നത്.

ഒരു ട്രാൻസ്പോർട്ട ബസ്സ് പുതിയ റൂട്ടിൽക്കൂടി ആദ്യമായി വരുന്നതു പ്രമാണിച്ചുള്ള വരവേല്പും, അതുമൂലം സ്വാർത്ഥതാല്പര്യങ്ങൾക്ക് വേണ്ടി മുതലെടുപ്പ് നടത്തുന്നവരും: മകന്റെ രോഗം അന്വേഷിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിലെത്താൻ വരുന്ന വയസ്സിത്തള്ളയും. തിരുവനന്തപുരത്ത് ഒരു ഉദ്യോഗത്തിന്റെ ഇന്റർവ്യൂവിനു പോകാൻ വരുന്ന അപ്പുപ്പനും പെറുമക്കളും, രാഷ്ട്രീയ ജീവിതത്തിൽ ഒന്നും നേടാത്ത പരിശുദ്ധനായ രാഷ്ട്രീയ നേതാവിന് യുവതലമുറക്കാരായ രാഷ്ട്രീയക്കാരിൽ നിന്നു ഉണ്ടാകുന്ന പീഢനങ്ങൾ. സമരസേനാനിയും, രക്തസാക്ഷിയുമായ സഖാവിന്റെ മകൾക്ക് സാമൂഹ്യവിരുദ്ധരിൽ നിന്ന് അനുഭവപ്പെട്ട കണ്ണീരിന്റെ കഥ, സ്വന്തം കണവന് സുഖക്കേട് കൂടുതലാണെന്ന് ടെലഗ്രാം വന്നതിൻപ്രകാരം പുതിയതായി പുറപ്പെട്ട ബസ്സിൽ തിരിച്ച യുവതിയുടെ കുട്ടി മരിച്ചിട്ടും എത്താൻ കഴിയാത്ത ദുഃഖത്തിന്റെ കഥ. ഒരു കുട്ടിയുടെ മരണം; അതേ അവസരത്തിൽ പൂർണ്ണ ഗർഭിണിയായ ഒരു സ്ത്രീയുടെ പ്രസവം; കറാക്കാരനായ പുള്ളിയെ ജയിലിലടയ്ക്കാൻ പുറപ്പെട്ട പോലീസുകാരന്റെ കയ്യിൽ വിലങ്ങ് അണിയിച്ചിട്ട് തടിതപ്പിയ പോക്കററടിക്കാരൻ: ഇങ്ങനെ വിവിധ മേഖലകളിലുള്ളവരുടെ നീറുന്ന പ്രശ്നമാണ് ഈ ട്രാൻസ്പോർട്ട് ബസ്സിനകത്ത് നടക്കുന്ന സംഭവം. നിസ്സാരമായ ഒരു സംഭവത്തിൽ പിടിവാശിക്കാരനായ, ബസ്സിലെ കണ്ടക്ടറുടെ വിവേകശൂന്യമായ പ്രവർത്തിയാണ് ഇതിനെല്ലാം കാരണം. അവതരണത്തിൽ മേന്മ പുലർത്താൻ സംവിധായകനും കഥാകൃത്തുമായ തോപ്പിൽ ഭാസിക്കു കഴിഞ്ഞു. സ്വന്തം മാതാക്കളുടെ മുന്നിൽ ദിവസവും ബസ്സ് നിറുത്തിയാൽ അതു കൊണ്ട് തങ്ങൾക്ക് നേട്ടമെന്നു കരുതി അവിടെ ഒരു സ്വീകരണം. മുതൽ, ഒരു യാത്രക്കാരൻ കയ്യേററം ചെയ്തു എന്ന കാരണത്താൽ നടുറോഡിൽ നിന്ന് ബസ്സ് എടുക്കാൻ ഡ്രൈവറെ അനുവദിക്കാതെ മുന്നിലും പുറകിലും വന്ന സകല വാഹനങ്ങളെല്ലാം കെട്ടിക്കിടന്നു. ഒരു വൃദ്ധന്റെ കൊലപാതകത്തോടെ അവസാനിക്കുന്ന കൈയും തലയും പുറത്തിടരുത് സാമാന്യ ജനതയുടെ നിത്യജീവിത സംഭവങ്ങളാണ് കാട്ടുന്നത്. അഭിനയത്തിൽ എല്ലാപേരും മികവുററതാണ്. കരകുളം ചന്ദ്രന്റെ ബസ്സ് കണ്ടക്ടറും, തോപ്പിൽ കൃഷ്ണപിള്ളയുടെ പഴയ രാഷ്ട്രീയ നേതാവും, ജോൺസന്റെയും ശങ്കരപ്പിള്ളയുടെയും പോലീസുകാരനും, പോക്കററടിക്കാരനും, രാജമ്മയുടെ പാറുവും, ഖാനും, ജോസഫ് കൈകാര്യം ചെയ്ത സ്വീകരണക്കമ്മിററി പ്രസിഡന്റും, മെമ്പറും, രമയുടെ രക്തസാക്ഷിയുടെ മകളും എല്ലാം തന്നെ മികച്ചതാണ്. വയലാറിന്റെ കവിതാസമാഹാരത്തിൽ നിന്നു എടുത്തിട്ടുള്ള വരികളെ ദേവരാജൻ സംഗീതം നൽകി ഉല്ലാസും വാസന്തിയും കൂടി പാടുന്നു. ആർട്ടിസ്റ്റ് കേശവനും, സുജാതനും കൂടി രംഗത്ത് ഒരുക്കിയിരിക്കുന്ന ഒരു ട്രാൻസ്പോർട്ട് ബസ്സിന്റെ ഉള്ളടക്കവും മനോഹരമായിട്ടുണ്ട്. രണ്ടര മണിക്കൂർ പ്രേക്ഷകരെ വിവിധ ചിന്താമണ്ഡലങ്ങളിലേയ്ക്കു കൊണ്ടുപോകാൻ ഈ നാടകത്തിനു കഴിഞ്ഞിട്ടുണ്ട്.


—ബാലൻ തിരുമല



സീമ, രതീഷ്
ചിത്രം: കരിമ്പൂച്ച


നാന
സിനിമാവാരിക


ശുഭ
ചിത്രം: അമ്പൽപ്പൂവ്
ഫോട്ടോ:



ശോഭന, സോമൻ
ചിത്രം: രക്തം





ഓപ്പോൾ 101 -ാം ദിവസം ആഘോഷം

മദ്രാസിലെ ന്യൂവുഡ്‌ലാൻഡ്സ് ഹോട്ടൽ ആഡിറ്റോറിയത്തിൽ വച്ച് ജൂലൈ ഇരുപത്തിയാറാം തീയതി ഓപ്പോളിന്റെ നൂറ്റിയൊന്നാം ദിവസം ആഘോഷിക്കപ്പെട്ടു. തമിഴ്, മലയാള ചലച്ചിത്ര വേദികളിലെ ധാരാളം പ്രമുഖ വ്യക്തികൾ ചടങ്ങിൽ സംബന്ധിച്ചിരുന്നു.

സൗത്ത് ഇന്ത്യൻ ഫിലിം ചേംബർ ഓഫ് പ്രസിഡന്റ് ശ്രീ: ഡി. രാമാനുജമാണ് ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിച്ചതു്. തമിഴ്നാട് സ്പീക്കർ കെ. രാജാറാം അദ്ധ്യക്ഷത വഹിച്ചു. തമിഴ്നാട് പ്രൊഡ്യൂസേഴ്സ് കൗൺസിലിലെ കൃഷ്ണമൂർത്തി, അഡയാർ ഫിലിം ഇൻസ്റ്റിട്യൂട്ടിലെ പി. നീലകണ്ഠൻ, എസ്. എ എഫ്. ഇ. യൂണിയൻ പ്രസിഡന്റ് ടി പ്രകാശ്‌റാവു, ഡോ: പവിത്രൻ തുടങ്ങിയവർ ആശംസാപ്രസംഗങ്ങൾ നടത്തി.

ഋജുവും ലളിതവുമായ കഥയാണ് ഓപ്പോളിന്റേതെന്നും, അതിന്റെ ഹൃദയാവർജ്ജകമായ ദൃശ്യവ്യാഖ്യാനമാണ് പ്രസ്തുത ചിത്രമെന്നും ശ്രീ: രാമാനുജം അഭിപ്രായപ്പെട്ടു. എം. ടി. വാസുദേവൻ നായരേയും കെ. എസ്. സേതുമാധവനേയും അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു.





നാന തിരക്കഥാ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ

ഒപ്പൻ

സീൻ അറുപത്തിനാല്

പകൽ ഇടവഴി

ചന്തുവും മുത്തുക്കോയയും സംസാരിച്ചുകൊണ്ടു വരുന്നു.

ചന്തു: നിനക്കെന്താ എപ്പഴും ഒരു വിഷമം പോലെ?

മുത്തുക്കോയ ഒഴിഞ്ഞു മാറുന്നു; ഏയ്, നിനക്ക് തോന്നുവാ?

ചന്തു: കള്ളയ്....എന്താ കാര്യം?

മുത്തുക്കോയ ശബ്ദിക്കുന്നില്ല. ചന്തു അവനെ ശ്രദ്ധിച്ചു നോക്കി.

മുത്തുക്കോയ പെട്ടെന്ന്: ഞാൻ കഴിഞ്ഞ ദിവസം കൗസൂൻറടുത്തുപോയി.

ചന്തു; അങ്ങനെ വരാ, എന്നിട്ട് കൗസു എന്തു പറഞ്ഞു.

മുത്തുക്കോയ; അവളെ എല്ലാവരും സ്നേഹംകൊണ്ട് കൊല്ലാണെന്ന്....അവളുടെ സ്വഭാവത്തിന് വല്ലാത്ത മാററം വന്നിട്ടുണ്ട്' ചന്തു.

ചന്തു; അത് നല്ലതല്ലെ....ങ്ഹാ, മൂപ്പത്ത്യാർക്ക് ഇമ്പിച്ചീക്കോട് വല്യ സ്നേഹമാണെന്നാ കേട്ടത്.

മുത്തുക്കോയ ഗൗരവത്തിൽ: ഒഴിഞ്ഞുമാറിയ എന്നെ വീണ്ടും വലിച്ചടുപ്പിച്ചത് അവളാ. ഞാൻ തലശ്ശേരിക്ക് പോണുണ്ടെങ്കില് കൗസൂം എൻെറ കൂടെ കാണും. അത് തീർച്ച.

ചന്തു മിഴിച്ചു നില്ക്കുന്നു.

സീൻ അറുപത്തിയഞ്ച്

രാത്രി ശങ്കമൂത്തശ്ശൻെറ വീട് അകം

ശങ്കമൂത്തശ്ശൻ ദേഷ്യത്തിൽ സംസാരിക്കുന്നത് നാം കാണുന്നു.

ശങ്കമൂത്തശ്ശൻ: മനസ്സിലു് വിചാരിക്കാത്ത കാര്യങ്ങള് നീ പറഞ്ഞു. അത് ഞാൻ കേട്ട നിൻെറ തോന്നലുകള് മാറുമ്പം മാറ്യം മതീന്ന് ഞാൻ കരുതി. ഇപ്പ്യോ തോന്നണ് അതൊക്കെ തെററായീന്ന്

അത് കേട്ടുകൊണ്ട് നില്ക്കുന്ന ശേഖരൻ വെറുപ്പോടെ ശങ്കമൂത്തശ്ശനെ നോക്കുന്നു.

ശേഖരൻ: പറഞ്ഞു കഴിഞ്ഞോ? എനിക്ക് പോണം. വിളിപ്പിച്ചപ്പോ കരുതീ—

ശങ്കമൂത്തശ്ശൻ: പട്ടും വളേം തരാനാന്ന്. അല്ലേ?

ശേഖരൻ പല്ലിറുമ്മുന്നു.

ശങ്കമൂത്തശ്ശൻ തുടരുന്നു: നീ തെക്കേക്കരേല ചിന്നുനെ അറിയോ?

ശേഖരൻ: (പുച്ഛത്തോടെ) തെക്കേക്കരേല് പല ചിന്നുമാരുണ്ട്. അതിലേതാ—

ശങ്കമൂത്തശ്ശൻ: (ഉറക്കെ) നീ പെഴപ്പിച്ച ചിന്നു.

ശേഖരൻ: അതെ, ഞാൻ പെഴപ്പിച്ചു. ഞാനതേ ചെയ്തുള്ളു. നിങ്ങളോ? നിങ്ങളാ... നിങ്ങളാ....

ക്യാമറ അവരിൽ നിന്നു നീങ്ങി വാതിൽ കടന്ന് പുറത്തേയ്ക്ക് അങ്ങോട്ട് കയറിവരുന്ന ചന്തുവിനെ നാം കാണുന്നു. മുററത്തെത്തിയ ചന്തു പെട്ടെന്ന് നിന്നു. അകത്തു നിന്ന് ശബ്ദങ്ങൾ:

ശങ്കമൂത്തശ്ശൻ: പറയ്, എന്താ നീ നിർത്തീത്.

ശേഖരൻ: എന്നെക്കൊണ്ട് അതൊന്നും പറയിപ്പിക്കരുത്. ചന്തുൻെറ അച്ഛനെ കത്തീട്ട് ആരാ? ഞാനാണോ? എൻെറമ്മയെ കൊന്നതാരാ? ഞാനാണോ? പറയ്, നാവിറങ്ങിയോ?

ഇത് കേട്ട് ഞെട്ടിത്തെറിക്കുന്ന ചന്തു, അവൻ ഓടി ഉമ്മറത്തേയ്ക്ക് കയറുന്നു. അവൻ വിറയ്ക്കുകയാണ്. വാതിലിന് നേരെ ആഞ്ഞ ചന്തു ഒന്നു നിന്നു. പിന്നെ പതുക്കെ ഇറങ്ങുന്നു.

സീൻ അറുപത്തിയാറ്

രാത്രി ചന്തുവിൻെറ വീട്

ഇരുട്ടിലൂടെ വീടിനു നേരെ നടന്നു വരുന്ന ചന്തു. അവനാകെ തളർന്നിരിക്കുന്നു.

സീൻ അറുപത്തിയാറ് എ

ഇരുട്ടിലൂടെ വേഗത്തിൽ ക്രൗര്യത്തോടെ ഓടി വരുന്ന ശങ്കമൂത്തശ്ശൻ.

തോട്ടിലെ ചെളിയിൽ കിടന്നു പിടയുന്ന നാരായണൻ.

സീൻ അറുപത്തിയാറ് ബി

കിടക്കുന്ന ചന്തു ഞെട്ടി നിലവിളിക്കുന്നു. വിയർപ്പിൽ പൊതിഞ്ഞ മുഖം. അവൻ ചാടിയെഴുന്നേററു. എന്നിട്ട് അക്രമാസക്തനെപ്പോലെ തിടുക്കത്തിൽ മുററത്തേയ്ക്കിറങ്ങി.

പിറകിൽ നിന്നു ലക്ഷ്മിയുടെ ഒച്ച; 'നിൽക്ക്—'

ചന്തു രോഷത്തോടെ തിരിഞ്ഞു.

റാന്തൽ വിളക്കിൻെറ പ്രകാശത്തിൽ ലക്ഷ്മി നില്ക്കുന്നു.

ലക്ഷ്മി: (ശാന്തതയോടെ) രാത്രീല് എങ്ങട്ടും പോണ്ട.

ചന്തു: (ഉറക്കെ) അമ്മേ.

ലക്ഷ്മി: നിനക്കെന്താ പററീത്?

ചന്തു: (ദേഷ്യത്തിൽ) എനിക്ക് പററീതോ...നിങ്ങളെല്ലാം എന്നെ മറച്ചുവച്ചു. എന്നെ പൊട്ടനാക്കി. ഇപ്പോ എനിക്ക് മനസ്സിലായി.

ലക്ഷ്മി: എന്ത്?

ചന്തു: എൻെറച്ഛനെ ...എൻെറച്ഛനെ കൊന്നതാരാണെന്ന്.

ലക്ഷ്മി: (സംയമനത്തോടെ) ആരാ?

ചന്തു: ശങ്കമൂത്തശ്ശനെന്ന് ഞാൻ വിളിക്കണ ആ മനുഷ്യൻ.

ലക്ഷ്മി പെട്ടെന്ന് ചിരിക്കുന്നു.

ചന്തു അമ്പരപ്പോടെ: അമ്മേ....?

ലക്ഷ്മി: നീ വന്ന് കെടക്കാൻ നോക്ക്—

ലക്ഷ്മി അകത്തേയ്ക്ക്.

പകച്ചു നില്ക്കുന്ന ചന്തു.

സീൻ അറുപത്തിയേഴ്

പകൽ മണൽത്തിട്ട

മണൽത്തിട്ടയിലെ കാൽപ്പാടുകളിൽ നിന്ന് ക്യാമറ അടുത്തു വരുമ്പോൾ. അസ്വസ്ഥനായി ഇരിക്കുന്ന ചന്തു. തൊട്ടപ്പുറത്ത് മുത്തുക്കോയ. മുത്തുക്കോയ മണലിൽ കോറി വരച്ചുകൊണ്ടിരിക്കുന്നു. ഈ സമയം ചന്തുവിൻെറ ചോദ്യം:

ചന്തു: അപ്പോ എല്ലാം എൻെറ തോന്നലാണെന്നാ നീ പറേണത്?

മുത്തുക്കോയ: തലയുയർത്തുന്നു.

മുത്തുക്കോയ: പിന്നല്ലാണ്ട്. അതോണ്ടല്ലേ നിൻറമ്മ ചിരിച്ചത്.

ചന്തു; (സംശയത്തോടെ) അപ്പോ ശേഖരൻ?

മുത്തുക്കോയ: ചെലപ്പോ അങ്ങേര്ടെ മോനായിരിക്കും. അതെ, മോൻ തന്നെ. അല്ലെങ്കിലെന്തിനാ അന്ന് എന്നെ വന്ന് തടുത്തത്?

കുറച്ചു നേരത്തെ മൂകത—അവർക്കിടയിൽ.

ചന്തു: അപ്പോ അവൻ ശങ്കമൂത്തശ്ശനോട് പറഞ്ഞതു "....? ഞാൻ കേട്ടത്....?

മുത്തുക്കോയ: ആർക്കെന്തും പറയാൻ പററാത്തെ? നിൻെറ പോലത്തെ ഒരാള് തന്ന്യാവും ഈ ശേഖരനും. കാണുന്നോരെ മുഴുവനും സംശയം.

ചന്തു: എന്തോ (അസ്വാസ്ഥതയോടെ) എനിക്കൊന്നുമറിയില്ല.

മുത്തുക്കോയ: അതാ നല്ലത്...ങ്ഹാ, നാളെ നമ്മക്ക് പോണ്ടെ?

ചന്തു: (ഉന്മേഷം ഇല്ലാതെ) പോണം.

മുത്തുക്കോയ: ഇത് ചാന്സും. പിന്നെ ഇക്കൊല്ലം സുഖവർഷം.

ചന്തു: ങ്ഉം.

മുത്തുക്കോയ: നിയ്യെന്താ ഓർക്കണെത്?

ചന്തു: കച്ചോടത്തിന്.... കച്ചോടത്തിന് ഇനി പോണ്ട മുത്തു.

മുത്തുക്കോയ: നിനക്ക് പ്രാന്താ. കച്ചോടത്തിന് പോയെ പററൂ.... വിഷമല്യാത്തോര് ആരാ ഉള്ളത്. എനിക്കും വിഷമംണ്ട്. ഈ ഉത്സവപറമ്പിലു് ചെന്നുനിന്നാ അത് കുറച്ചൊക്കെ വിട്ടുനിക്കും. അതൊരു മെച്ചാ.

ചന്തു മണൽവാരി വിരലുകൾക്കിടയിലൂടെ വീഴ്ത്തിക്കൊണ്ടിരിക്കുന്നു. അപ്പോൾ മുത്തുക്കോയ—

മുത്തുക്കോയ: എന്നിട്ട് നാളെ പോണ്ടേ?

ചന്തു: ങ്ഉം.

സീൻ അറുപത്തിയെട്ട്

രാത്രി ചന്തുവിൻെറ വീട്

ചന്തു ഉമ്മറത്തിരിക്കുന്നു. അപ്പോൾ അകത്തുനിന്നും ലക്ഷ്മിയുടെ ശബ്ദം.

ലക്ഷ്മി: നാളെക്കൂടി പോയാപ്പിന്നെ കച്ചോടം തീർന്നോ?

ചന്തു: ങ്ഉം?

വീണ്ടും ലക്ഷ്മിയുടെ ശബ്ദം.

ലക്ഷ്മി: എത്ര നാള് കഴിയും തിരിച്ചുവരാൻ?

ടി.വി. കൊച്ചുബാവ

ചന്തു ഒരു ബീഡികഷ്ണ് തീപിടിപ്പിച്ച്‌ ഏതോ ആലോചനയിൽ–

ചന്തു: ഒന്നുരണ്ടുദിവസം.–

കത്തിക്കൊണ്ടിരിക്കുന്ന റാന്തൽവിളക്കിലേയ്ക്ക്‌ ക്യാമറ.

സീൻ അറുപത്തിയൊൻപത്‌

പ്രഭാതം.

പ്രഭാതവെളിച്ചത്തിനു നേരെ, കുന്നുമ്പുറത്തേയ്ക്കു നടന്നുപോകുന്ന ഇമ്പിച്ചി.

സീൻ അറുപത്തിയൊൻപത്‌-എ

കുന്നുമ്പുറം.

കുന്നുമ്പുറത്ത്‌ ഏതോ ഓർമ്മയിൽ ലയിച്ചു നില്ക്കുന്ന ഇമ്പിച്ചി. താഴ്വരയിൽ ആടുകൾ മേയുന്നു.

ആടുകൾ കരയുന്നു.

ഇമ്പിച്ചി കണ്ണു തിരുമ്മി നോക്കുമ്പോൾ ആഴ്വര ശൂന്യം. ഇമ്പിച്ചിയുടെ ദുഃഖിതമായ മുഖം.

സീൻ അറുപത്തിയൊൻപത്‌-ബി

കുന്നിറങ്ങുന്ന ഇമ്പിച്ചി.

ഇമ്പിച്ചിയുടെ നേരേ ഒരാൾ കയറിവരുന്നു. തടിച്ചു കറുത്ത ഒരാൾ. ഇമ്പിച്ചിയെ അയാൾ കൈ നീട്ടി തടുത്തുനിർത്തി. എന്നിട്ട്‌–

വന്ന മനുഷ്യൻ: നിന്നോട്‌ ചെല്ലാൻ പറഞ്ഞു്‌–

ഇമ്പിച്ചി: ആര്‌?

വന്ന മനുഷ്യൻ: ഹാജ്യാര്‌.

ഇമ്പിച്ചി: ആടിനെ ഞാൻ തിരിച്ചു കൊടുത്തല്ലോ. പിന്നെന്തിനാ?

വന്ന മനുഷ്യൻ: ചെല്ലണം. ചെന്നേ തീരൂ–

ഇമ്പിച്ചി: പററില്ലാന്ന്‌ പറഞ്ഞേക്ക്‌.

വന്ന മനുഷ്യനെ പിന്നെ ശ്രദ്ധിക്കാതെ ഇമ്പിച്ചി നടന്നകലാൻ തുടങ്ങി. അയാൾ അവൻ പോകുന്നതും നോക്കി നിന്നു.

സീൻ എഴുപത്‌

പകൽ ഇമ്പിച്ചിയുടെ വീട്‌

അകം.

പൊട്ടിയ ഒരു കണ്ണാടിയിൽ നോക്കി കൗസു കുളികഴിഞ്ഞു വന്ന്‌ മുടിചീകുന്നു. പൊട്ടിയ കണ്ണാടിയിൽ അവ്യക്തമായ ഒരു രൂപം. കൗസു സന്തോഷത്തോടെ തിരിയുന്നു. പെട്ടെന്ന്‌ അവൾ വിരണ്ടുപോയി. തുറിച്ച കണ്ണുകളുമായി, നിലവിളിക്കാൻപോലും കഴിയാതെ അവൾ നിന്നു.

അവളുടെ വീക്ഷണത്തിലൂടെ.

തുറന്ന വാതിലിൽചാരി വൃത്തികെട്ട ഒരു ചിരിയുമായി നില്ക്കുന്ന ഹാജി. അയാൾ ആ നില്പിൽത്തന്നെ കൈകൾ നീട്ടി പിറകിൽ വാതിലടയ്ക്കുന്നു.

ക്യാമറ അടഞ്ഞ വാതിലിൽ.

സീൻ എഴുപത്‌-എ

അകത്തു കമിഴ്ന്നു കിടക്കുന്ന കൗസു

അവളുടെ ദേഹത്തിൽ മുറിപ്പാടുകൾ. കീറിയ ചമ്രങ്ങൾ.

അവൾ തേങ്ങുന്നു.

സീൻ എഴുപത്‌-ബി

പടി കടന്ന്‌ ഇമ്പിച്ചി. വെപ്രാളത്തിൽ ഓടിവരുന്നു.

കോലായിലേയ്ക്ക്‌ കയറുന്നു.

സീൻ എഴുപത്‌-സി

അകം.

അകത്തേയ്ക്കു കടന്നുവരുന്ന ഇമ്പിച്ചിയെ തലതിരിച്ചു നോക്കുന്ന കൗസു.

അവൾ വിതുമ്പലോടെ മുഖം കയ്യിലേയ്ക്ക്‌ പൂഴ്ത്തുന്നു.

ഇമ്പിച്ചി അവളെ അടിമുടി നോക്കുന്നു. അവന്റെ സങ്കടം കൊണ്ടു കനക്കുന്ന മുഖം. അവനെല്ലാം മനസ്സിലാവുകയാണ്‌.

ക്യാമറ പഴയ പുറത്തേക്ക്‌–പുറത്തെ ദൃശ്യങ്ങളിൽ എന്തോ തിരയുന്നപോലെ.

പെട്ടെന്ന്‌ തിടുക്കത്തിൽ പുറത്തുവരുന്ന ഇമ്പിച്ചിയെ നാം കാണുന്നു. അവ



നിൽ അസാധാരണമായ കരുത്തുണ്ട്. അവൻ ധൃതിയിൽ നടക്കുന്നു.

സീൻ എഴുപത്തിയൊന്ന്

പകൽ — ഹാജിയുടെ മാളിക

പടിവാതിൽ കടന്ന്, മാളികയ്ക്കു നേരെ ധൃതിയിൽ വരുന്ന ഇമ്പിച്ചി.

അവൻ കതരത്തോടെ മാളികയുടെ മുൻവാതിൽ കടക്കുന്നു. അവൻ ഉറക്കെ വിളിക്കുന്നു. 'ഹാജ്യാരേ—' ക്യാമറ അവിടെ നിന്നു തിരിഞ്ഞ് മാളികയുടെ മുൻവശത്തെ കൊത്തുപണികളിലൂടെ നീങ്ങുന്നു.

സീൻ എഴുപത്തിയൊന്ന്-എ

മാളികയുടെ മുൻവാതിൽ കടന്നുവരുന്ന ഇമ്പിച്ചി. അവൻ നടക്കുകയല്ല. നിരങ്ങുകയാണ്. കനത്ത പ്രഹരമേററ്, വീങ്ങിയ മുഖവും ദേഹവും നിറയെ ചോരപ്പാടുകളും.

ഇമ്പിച്ചി വലിഞ്ഞിഴഞ്ഞ് മുററത്തേക്കിറങ്ങുന്നു. നിരങ്ങി നീങ്ങുന്നു.

സീൻ എഴുപത്തിയൊന്നു-ബി

ആട്ടിൻകൂട്.

ഇമ്പിച്ചി ഇഴഞ്ഞ് അതിനടുത്തെത്തുന്നു.

കൂട്ടിൽ ആടുകളുടെ കരച്ചിൽ—അതവന്റെ തോന്നലാണ്. കൂടിന്റെ വാതിൽ പ്രയാസപ്പെട്ട് തുറക്കുന്നു ഇമ്പിച്ചി. അവൻ അതിനുള്ളിലേക്ക് വലിഞ്ഞു കയറുന്നു. ഒരിടത്തായി വീണു കിടക്കുന്നു.

സീൻ എഴുപത്തിരണ്ട്

ഒരു സൂര്യാസ്തമയം.

സീൻ എഴുപത്തിമൂന്ന്

രാത്രി. — ഇമ്പിച്ചിയുടെ വീട്.

നടുങ്ങിക്കരയുന്ന കൗസു. സർവ്വതും നഷ്ടപ്പെട്ടതുപോലെ അവൾ തലയിൽ കൈ വയ്ക്കുന്നു.

സീൻ എഴുപത്തിമൂന്ന്-എ

ആട്ടിൻകൂട്.

ഏറമ്പുകൾ ഇഴയുന്ന ഇമ്പിച്ചിയുടെ മുഖം, ശരീരം.

സീൻ എഴുപത്തിനാല്

പ്രഭാതം. — ഉത്സവപ്പറമ്പ്.

താല്ക്കാലികമായി വച്ചുകെട്ടിയ കടകളും മററും പൊളിക്കുന്ന ചിലർ, അവരിൽ നിന്ന് ഒഴിഞ്ഞ ഉത്സവപ്പറമ്പിലൂടെ ക്യാമറ നീങ്ങിയെത്തുമ്പോൾ, തോൾ സഞ്ചിക്കുമേലെ തല വെച്ച് ഉറങ്ങുന്ന മുത്തുക്കോയ, അവനരികിൽ ചന്തു.

ചന്തു മുത്തുക്കോയയെ കലുക്കിവിളിക്കുന്നു.

ചന്തു: എണീക്കെടാ.... കച്ചോടക്കാരൊക്കെ പോയിക്കഴിഞ്ഞു.... വെയിലുദിക്കാറായി.

മുത്തുക്കോയ ഒരു വശം തിരിഞ്ഞു കിടക്കുന്നു. ചന്തു അവനെ വലിച്ചെഴുന്നേൽപ്പിക്കുന്നു.

മുത്തുക്കോയ എഴുന്നേററിരുന്ന് കോട്ടുവാ വിട്ടുകൊണ്ട്:

മുത്തുക്കോയ: നിനക്കെന്താ ഇത്ര ധൃതി? പത്തുക്കെ പോകാമെന്നേ—

ചന്തു: എന്നാല് നീ കിടന്നുറങ്ങിക്കോ. ഞാൻ പോകുവാ.

മുത്തുക്കോയ അലസനായി എഴുന്നേല്ക്കുന്നു. ബലൂൺ വടിയും തോൾസഞ്ചിയും എടുക്കുന്നു.

ചന്തു തോൾസഞ്ചിയുടെ കയ്യിട്ട് മൂന്നു നാല് കാററടിക്കാത്ത ബലൂണുകൾ പുറത്തെടുത്തു.

മുത്തുക്കോയ: (ആശ്ചര്യത്തോടെ) ഇതെന്തിനാ?

ചന്തു: ഇത് ഇമ്പിച്ചിക്കോയ്ക്ക് വീർപ്പിച്ചു കെട്ടി കൊടുക്കണം.

മുത്തുക്കോയ അമർത്തിച്ചിരിക്കുന്നു.

സീൻ എഴുപത്തിയഞ്ച്

പകൽ — ഗ്രാമത്തിലെ വഴി

ശൂന്യമായ വഴിയുടെ അററത്തുനിന്ന് കുറച്ചാളുകൾ ചേർന്നു ചൊല്ലുന്ന ദിക്റിന്റെ ശബ്ദം ആദ്യം ഉയർന്നു കേൾക്കുന്നു.

'ലാ ഇലാഹ് ഇല്ലള്ളാഹ്—
ലാ ഇലാഹ് ഇല്ലള്ള'

ആ ശബ്ദം കൂടിവരുന്നതിനോടൊപ്പം ക്യാമറ നീങ്ങി നീങ്ങിയെത്തുന്നു. അപ്പോൾ പത്തു പതിനഞ്ചു പേർ ഒരു മയ്യത്തുംകട്ടിൽ ചുമന്നു കൊണ്ടു വരുന്നത് നാം കാണുന്നു. അവർ ഈണത്തിൽ ചൊല്ലുന്നുണ്ട്.

'ലാ ഇലാഹ് ഇല്ലല്ലാഹ്—'

സീൻ എഴുപത്തിയഞ്ച്-ബി

വഴിയിലൂടെ ചന്തുവും മുത്തുക്കോയയും വരുന്നു. ഉത്സവപ്പറമ്പിൽ നിന്നു വരുന്ന വഴിയാണ്. അകലെ നിന്നടുക്കുന്ന വിലാപ സംഘം.

ചന്തുവും മുത്തുക്കോയയും വഴിയുടെ ഓരത്തേയ്ക്ക് മാറി നിന്നു. വിലാപ സംഘം അവരെ കടന്നുപോകുന്നു.

ഏററവും പിറകിലായി ഒപ്പമെത്താൻ തിടുക്കപ്പെട്ടു നടക്കുന്ന ഒരാളെ കൈ കാണിച്ച് മുത്തുക്കോയ വിളിക്കുന്നു. എന്നിട്ട്—

'ആരാ മയ്യത്തായത്?'

'ഇമ്പിച്ചിക്കാ.'

മുത്തുക്കോയ നിശ്ചലനായിപ്പോയി.

ചന്തുവിന്റെ സ്തബ്ധമായ മുഖം അവൻ അകലേയ്ക്കു നീങ്ങിപ്പോകുന്ന മയ്യത്തിലേയ്ക്ക് ശ്രദ്ധിച്ച്, ഈറൻ കണ്ണുകളോടെ നിന്നു.

അവന്റെ കൈ വിരലുകൾ, അവനറിയാതെ തോൾസഞ്ചിയിലേയ്ക്ക് നീങ്ങിപ്പോയി. വലിച്ചെടുത്ത അവന്റെ കൈ വെള്ളയിൽ ബലൂണുകൾ. അതിലേയ്ക്കുതന്നെ നോക്കിനില്ക്കുന്ന ചന്തു ചന്തു അറിയാതെ വിതുമ്പിപ്പോയി—

ഇപ്പോൾ ചന്തുവിന്റെ കയ്യിൽ വീർത്ത ബലൂണുകളാണ്. അവ കാററിലേയ്ക്ക് അവന്റെ കൈകളിൽ നിന്നും പൊങ്ങി ഉയർന്നുപോകുന്നു.

ചന്തുവിന്റെ ശ്രദ്ധ വീണ്ടും കയ്യിലേയ്ക്ക്—

കാററടിക്കാത്ത ഒഴിഞ്ഞ ബലൂണുകൾ മാത്രമാണ് കയ്യിൽ. അവ അവനറിയാതെ കയ്യിൽ നിന്നും നിലത്തേയ്ക്കു ഉതിർന്നുവീണു.

സീൻ എഴുപത്തിയാറ്

പകൽ — ശങ്കുമുത്തശ്ശന്റെ വീട്.

വീടിനു മുമ്പിലുള്ള വഴിയിലൂടെ തികച്ചും അലസനായി ചന്തു നടന്നു വരുന്നു. പടിക്കലെത്തിയപ്പോൾ ചന്തു ഒന്നു നിന്നു. അറച്ചറച്ച് വീടിനു നേരെ ഒന്നു നോക്കി.

വീടിന്റെ മുൻവശത്ത് ശങ്കുമുത്തശ്ശനിരിപ്പുണ്ട്. അയാൾ ചന്തുവിനെ ആകാംക്ഷയോടെ നോക്കുകയാണ്.

ചന്തു പെട്ടെന്ന് തല തിരിച്ച് നടക്കുവാൻ തുടങ്ങുന്നു അപ്പോൾ മുത്തശ്ശന്റെ ശബ്ദം: 'നീ പോകുവാണോ ചന്തുട്ട്യേ?'

ചന്തു സ്വയം: പോരയ തീർത്തു.. അല്ലെന്നു വിശ്വസിക്കാൻ ശ്രമിച്ചാലും ശങ്കുമുത്തശ്ശാ, നിങ്ങളെന്റെ ശത്രുവാണ്'.

ചന്തു നടന്നുകൊണ്ടിരിക്കുന്നു. വീണ്ടും ശങ്കുമുത്തശ്ശന്റെ ശബ്ദം:


'അല്ല കുട്ട്യേ. ഒക്കെ നിന്റെ തോന്നലാ!'

ചന്തു സ്വയം: ആയിരിക്കാം. എങ്കിലും ശേഖരൻ പറഞ്ഞതാണ് സത്യമെന്ന് ഞാനെന്നും വിശ്വസിച്ചോട്ടെ മുത്തശ്ശാ.

ചന്തു നടക്കുകയാണ്.

(തുടരും.)


ഇവർ



ഏ. എം. ബൈജു

തിരുവനന്തപുരം സ്വദേശിയായ എ. എം. ബൈജുവിൻെറ ജീവിതത്തിലെ ഏററവും വലിയ ആഗ്രഹമാണ് ഒരു നടനായിത്തീരുക എന്നതു്. അവസരം ലഭിച്ചാൽ ഏതു റോളും ഭംഗിയായി കൈകാര്യം ചെയ്യും എന്ന ആത്മവിശ്വാസമാണ് ഈ യുവകലാകാരനുള്ളതു്.

വിലാസം:
എ. എം. ബൈജു,
T. C 4/544
പത്മശ്രീ ഹൗസ്,
കവിടിയാർ,
തിരുവനന്തപുരം—3.



പി. ഏ. കലാം

അഭിനയത്തിൽ ആത്മസംതൃപ്തി കണ്ടെത്താൻ ശ്രമിക്കുന്ന പി. എ. കലാം എന്ന ചെറുപ്പക്കാരൻ പുനലൂർ സ്വദേശിയാണ്. ഹൈസ്കൂളിൽ പഠിക്കുന്ന കാലം മുതല്ക്കേ നിരവധി അമച്വർ നാടകങ്ങൾക്കുവേണ്ടി വേഷമിട്ടിട്ടുള്ള കലാം ഇപ്പോൾ കൊമ്പ്, മാനസമൈന എന്നീ ചലച്ചിത്രങ്ങളിൽ ചെറിയ വേഷങ്ങളിൽ അഭിനയിച്ചുവരുന്നു. ചിത്രരചന, വൈക്കോൽ കൊണ്ടുള്ള കലാശില്പങ്ങൾക്ക് രൂപം നൽകുക, പെയിൻറിംഗ് എന്നിവ ഹോബിയാണ്.

വിലാസം:
പി. എ. കലാം,
മാളികവീട്,
മുസാവരിക്കുന്ന്,
പുനലൂർ.



ജി. എൻ. ഉണ്ണിത്താൻ

കലാക്ഷേത്രത്തിൻെറ ശ്രീകോവിലിൽ കടന്നുകൂടാൻ അഞ്ജലിബദ്ധനായി നിലകൊള്ളുന്ന ഒരു ഉപാസകനാണ് ശ്രീ: ഉണ്ണിത്താൻ. ബാല്യം മുതൽ ചലച്ചിത്രാസ്വാദകനായും, ക്രമേണ അനുകരണത്തിൽ കൂടി അഭിനയവും തന്മയത്വം നിറഞ്ഞ ഭാവാവിഷ്കരണത്തിനും ഉടമയായി. 'വായിക്കുക വളരുക' എന്നപോലെ 'ചലച്ചിത്ര'ങ്ങൾ കാണുക, 'അഭിനയിക്കുക' എന്ന തത്വം പ്രായോഗികമാക്കി. അവസരം കിട്ടുമ്പോഴെല്ലാം ചലച്ചിത്രങ്ങൾ കാണും. അഭിനേതാക്കളുടെ ഓരോ ചലനവും അതീവ ശ്രദ്ധാലുവായി മനസ്സിലാക്കും. ഉണ്ണിത്താൻ ഏററവും ഇഷ്ടപ്പെട്ടററ താരം ശ്രീ: ഉമ്മറാണ്. 'വില്ലൻ' റോളുകളും, ഗൗരവ കഥാപാത്രങ്ങളും അഭിനയിക്കാനാണ് ആഗ്രഹം.

മേൽവിലാസം:
ജി. നാരായണൻ ഉണ്ണിത്താൻ,
മഠത്തിൽ
അമ്മച്ചിവീട്, കൊല്ലം—12



ശശികുമാർ

പടിഞ്ഞാറേകൊല്ലം മേടയിൽ മുക്കിനു സമീപം തേപ്പിൽ പുരയിടത്തിൽ താമസിക്കുന്ന ഈ പന്ത്രണ്ടു വയസ്സുകാരൻ മുളങ്കാടകം സ്കൂളിൽ അഞ്ചാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയാണ്. കൊല്ലം ശശികുമാർ, കലാവതി കലാമണ്ഡലം വിഷ്ണുനമ്പൂതിരി എന്നീ ഡാൻസ്സാറന്മാരുടെ ശിക്ഷണത്തിൽ നൃത്തം അഭ്യസിച്ചിട്ടുള്ള ഈ കൊച്ചു കലാകാരൻ ധാരാളം നാടകങ്ങളിൽ ബാലനടൻെറ വേഷമണിഞ്ഞു് പ്രേക്ഷകരുടെ പ്രശംസ ആർജ്ജിച്ചിട്ടുണ്ട്. ഇപ്പോൾ അമ്മയുടെ സംരക്ഷണയിൽ കഴിയുന്ന നിർദ്ധന കുടുംബത്തിൽ ജനിച്ച ഈ കലാകാരൻെറ അച്ഛൻ വളരെ ചെറുപ്പത്തിലേ മരിച്ചുപോയി. സിനിമയിൽ അഭിനയിക്കാനാണ് ഈ കൊച്ചു കലാകാരൻെറ അതിയായ മോഹം. പല യുവ കലാകാരന്മാരെയും വളർത്തിയ നാനയിലൂടെ ഗോപാലകൃഷ്ണൻ തൻെറ ആഗ്രഹം സിനിമാ നിർമ്മാതാക്കളുടെ മനസ്സിൽ സവിനയം സമർപ്പിക്കുകയാണ്.



സലിം

ചുനക്കര സ്വദേശിയായ ശ്രീ: സലിം ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് ആദ്യമായി നാടകരംഗത്തേയ്ക്കു കടന്നുവന്നതു്. അരങ്ങേററത്തിലൂടെ തന്നെ പ്രേക്ഷകരുടെ പ്രശംസ പിടിച്ചുപററിയ ഇദ്ദേഹം സ്കൂൾ—ഐ. ററി. ഐ. തലങ്ങളിൽ നടത്തപ്പെട്ടിട്ടുള്ള നാടക മത്സരങ്ങളിൽ പലപ്പോഴും മികച്ച അഭിനയത്തിനു സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. നാടകകൃത്തും ഗാനരചയിതാവും കൂടിയായ ഈ യുവാവിന് ഹാസ്യകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിൽ അനിതരസാധാരണമായ പാടവമുണ്ട്. സിനിമാരംഗത്തേയ്ക്കു കടന്നുവരാനും താല്പര്യമുണ്ട്.

മുരളി എന്ന പ്രൊഡക്ഷൻ മാനേജർ

ഏതൊരു സിനിമയായാലും അതിന്റെ നിർമ്മാണഘട്ടത്തിൽ പ്രൊഡക്ഷൻ മാനേജർ എന്നൊരാൾ പ്രധാനിയായിരിക്കും. താരങ്ങൾ എത്താതിരുന്നാലും, രംഗസജ്ജീകരണങ്ങൾക്കുള്ള സാധനങ്ങൾ ലഭിക്കാതിരുന്നാലും, താരങ്ങളുടെ താമസസൗകര്യവും ഭക്ഷണവും ശരിയാകാതിരുന്നാലോ ആദ്യം വിയർക്കുന്നത് 'പ്രൊഡക്ഷൻ മാനേജർ' എന്ന വ്യക്തിയാണ്. എല്ലാററിനും സമാധാനം പറയേണ്ടതും അദ്ദേഹം മാത്രം.

ഒരു ചിത്രം വിജയമായിത്തീർന്നാൽ ഏററവും പിറകിൽ തള്ളപ്പെടുന്ന വ്യക്തിയും പ്രൊഡക്ഷൻ മാനേജർ തന്നെ. വിജയമാഘോഷിക്കുമ്പോൾ പ്രൊഡക്ഷൻ മാനേജരുടെ, അല്ലെങ്കിൽ പ്രൊഡക്ഷൻ എക്സിക്യൂട്ടീവിന്റെ സേവനങ്ങളെപ്പററി ആരും ഓർക്കാറില്ല. കൂട്ടത്തിൽ ഒരു ഷീൽഡ് കൊടുത്തേക്കും. അത്ര മാത്രം. ആദ്യകാലത്ത് പ്രൊഡക്ഷൻ എക്സിക്യൂട്ടീവുകളായി പ്രവർത്തിച്ച പലരും പിന്നീട് പ്രൊഡ്യൂസറന്മാരായിത്തീർന്നിട്ടുണ്ട്. അങ്ങിനെയുള്ളവർ മലയാളസിനിമയിലും ധാരാളമുണ്ട്.

പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഒരു സിനിമയുടെ നിർമ്മാണഘട്ടത്തിൽ വഹിക്കുന്ന പങ്കിനെപ്പററി ഓർമ്മപ്പെടുത്താനാണ് ഇത്രയും പറഞ്ഞത്. ഇനി കാര്യത്തിലേയ്ക്ക് കടക്കാം.

ഷൂട്ടിംഗിനു വേണ്ടി എല്ലാ കാര്യങ്ങളുമൊരുക്കിവച്ചിരുന്നാൽപ്പോലും ചിലപ്പോൾ നിസ്സാര സംഗതികൾക്കു വേണ്ടി ബുദ്ധിമുട്ടേണ്ടി വരും, ഷൂട്ടിംഗ് തന്നെ ക്യാൻസലാക്കേണ്ടിയും വരുന്നു....

മോഹൻ സംവിധാനം ചെയ്യുന്ന 'വിടപറയും മുമ്പേ' എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് മദ്രാസ് മെറീനാ ബീച്ചിൽ നടക്കുന്ന സമയം. അതിരാവിലെയായിരുന്നു ഷൂട്ടിംഗ്. നസീറുണ്ട്, ലക്ഷ്മിയുണ്ട്, മററു സാങ്കേതിക വിദഗ്ദ്ധരുണ്ട്, നിർമ്മാതാക്കളായ ഇന്നസെന്റും, ഡേവിഡ് കാച്ചപ്പിള്ളിയുമുണ്ട്. എല്ലാം മുറപോലെ നടന്നു. ലക്ഷ്മി പങ്കെടുക്കുന്ന രംഗങ്ങളുടെ ചിത്രീകരണമെല്ലാം കഴിഞ്ഞപ്പോൾ അവർ പോകാനായി അല്പം അകലെ കിടന്നിരുന്ന കാറിനടുത്തേയ്ക്കു നടന്നു. കൂളിംഗ്ഗ്ലാസ്സിട്ട കാറാണ്. ലക്ഷ്മി കാറിനടുത്തു ചെന്നു. പിറകിലെ ഡോർ തുറന്നു കയറി ഇരിക്കാൻ തുനിഞ്ഞതും, ഒരു കാഴ്ചകണ്ട് അമ്പരന്നുപോയി. ഒരാൾ ഉടുതുണിയില്ലാതെ സീററിൽ പതുങ്ങിയിരിക്കുന്നു. ഷർട്ട് ധരിച്ചിട്ടുണ്ട്. ഒരു ഷഡ്ഡിയുമിട്ടിട്ടുണ്ട്. എന്നാൽ മുണ്ടില്ല. ജാള്യതയോടെയാണെങ്കിലും ആളാരെന്നറിയാൻ വേണ്ടി ഒന്നുകൂടി നോക്കിയിട്ട് പെട്ടെന്നവർ കാറിന്റെ ഡോർ അടച്ചു. അതിനുള്ളിൽ വിടപറയും മുമ്പേ എന്ന ചിത്രത്തിന്റെ തന്നെ പ്രൊഡക്ഷൻ മാനേജർ മുരളിയായിരുന്നു.

കാറിനുള്ളിൽ പ്രൊഡക്ഷൻ മാനേജർ ഇരിക്കുന്നു എന്നറിഞ്ഞ (മുണ്ടുടുക്കാതെയാണിരിക്കുന്നതെന്നറിഞ്ഞില്ല) സംവിധായകൻ മോഹൻ കോപംകൊണ്ടു വിറച്ചു. ജോലി നീണ്ടുകൊണ്ടിരിക്കുമ്പോൾ അനാവശ്യമായി എന്തെങ്കിലും തടസ്സം നേരിട്ടാൽ അതു സഹിക്കുന്ന പ്രകൃതക്കാരനല്ല മോഹൻ. എല്ലാവരും വിശ്രമമില്ലാതെ ജോലിയെടുക്കുമ്പോൾ ഉത്തരവാദിത്വമുള്ള ഒരാൾ കാറിൽക്കയറി സുഖിച്ചിരിക്കുന്നു ആർക്കെങ്കിലും അതു പിടിക്കുമോ?

മോഹൻ ആരോടോ തട്ടിക്കയറി....

...ആ....അവൻ കാറിൽക്കയറി സുഖിച്ചിരിക്കുന്നതു കണ്ടില്ലേ ...മര്യാദയ്ക്കിറങ്ങി ജോലി നോക്കാൻ പറ. അല്ലെങ്കിൽ ഷൂട്ടിംഗ് ക്യാൻസൽചെയ്തു മടങ്ങുകയാണ്. ഇതുപോലുള്ളവന്മാരെ എന്തുചെയ്യണമെന്നെനിക്കറിയാം.....

എന്തൊക്കെയോ മോഹൻ പറഞ്ഞുകൊണ്ടിരുന്നു.... ഇതുകേട്ട് നിർമ്മാതാക്കളായ ഡേവിഡ് കാച്ചപ്പിള്ളിയും, ഇന്നസെന്റും ത്രിശങ്കുസ്വർഗ്ഗത്തിൽ അകപ്പെട്ടതുപോലെയായി. എങ്കിലും ഇന്നസെന്റ് മോഹന്റെ സമീപം ചെന്ന് ചെവിയിൽ എന്തോ മന്ത്രിച്ചു. പെട്ടെന്നവിടെ ഒരു പൊട്ടിച്ചിരി മുഴങ്ങി. കേട്ടവർ കേട്ടവർ ചിരിച്ചു. എല്ലാവരെയും രസിപ്പിച്ച ആ സംഭവം ഇനി പറയാം.

അതിരാവിലെയായിരുന്നല്ലോ ഷൂട്ടിംഗ്. നസീറും ലക്ഷ്മിയും പങ്കെടുക്കുന്ന ഒരു രംഗം ചിത്രീകരിച്ചു കഴിഞ്ഞപ്പോൾ സംവിധായകൻ മോഹന് പുതിയ ഒരു ഐഡിയ തോന്നി. മറെറാരു രംഗം കൂടി അവിടെ വച്ചുതന്നെ എടുക്കണമെന്ന്. ഉടനെ നസീറിന്റെ ഡ്രസ്സ് മാററണം. നസീർ ധരിച്ചിരിക്കുന്ന പാന്റ്സും ഷർട്ടും മാററി പുതിയൊരു പാന്റും ഷർട്ടും അണിയണം! 'ഡേയ് ഡ്രസ്സ് ചെയ്ഞ്ച്....' എന്നു മോഹൻ വിളിച്ചു പറഞ്ഞു. പ്രൊഡക്ഷൻ മാനേജർക്കാണല്ലോ ഉത്തരവാദിത്വം. അദ്ദേഹം കോസ്റ്റ്യൂമറുടെ അടുത്തു ചെന്ന് പുതിയൊരു പാന്റും ഷർട്ടുമായി നസീറിനെ സമീപിച്ച്, ഡ്രസ്സ് ചെയ്ഞ്ച് ചെയ്യാൻ അഭ്യർത്ഥിച്ചു. അപ്പോഴാണ് മറെറാരു പ്രശ്നമുദിക്കുന്നത്. നസീർ ധരിച്ചിരിക്കുന്നത് പാന്റാണ്. അതു മാററി പുതിയ പാന്റിടണമെങ്കിൽ ഒരു മുണ്ട് വേണം. മുണ്ടെവിടെയെന്ന് നസീർ അന്വേഷിച്ചു. അപ്പോഴാണ് മുണ്ടിന്റെ ആവശ്യകതയെപ്പററി പ്രൊഡക്ഷൻ മാനേജർ ഓർക്കുന്നത്. കോസ്റ്റ്യൂമറുടെ കയ്യിൽ വേറെ മുണ്ടില്ല. കടൽപ്പുറമാണ് എല്ലാവരുടെയും മുന്നിൽ വച്ച് മുണ്ടില്ലാതെ എങ്ങിനെ നസീർ പാന്റഴിക്കും?....പ്രൊഡക്ഷൻ മാനേജർ വിഷമത്തിലായി—മുണ്ടുടുത്തിരിക്കുന്ന രണ്ടു വ്യക്തികളേ അവിടെയുള്ളൂ. ഒന്ന് നിർമ്മാതാക്കളിലൊരാളായ ഇന്നസെന്റ്, മറെറാന്ന് പ്രൊഡക്ഷൻ മാനേജർ. നിർമ്മാതാവിനോട് മുണ്ട് ചോദിക്കാൻ പററുമോ, അതുകൊണ്ട് പ്രൊഡക്ഷൻ മാനേജർ മുരളി കോസ്റ്റ്യൂമറെയും വിളിച്ചുകൊണ്ട് നേരെ കാറിനടുത്തു ചെന്നു. മുണ്ടഴിച്ച്, കോസ്റ്റ്യൂമറെ ഏല്പിച്ച്, കാറിനകത്തു കയറി ഇരിപ്പായി. നസീർ വേഷം മാറിയശേഷം മുണ്ട് കൊണ്ടുവരുമ്പോൾ പുറത്തിറങ്ങാം. ആരെയുമറിയിക്കാതെ പ്രശ്നം പരിഹാരമുണ്ടാകുമല്ലോ എന്നാണ് പാവം മുരളി കരുതിയത്. അങ്ങിനെ മുണ്ടില്ലാതെ ഗ്ലാസ്സിട്ട കാറിനുള്ളിൽ ഇരിക്കവെയാണ് ദൗർഭാഗ്യത്തിന് തന്റെ ഊഴം കഴിഞ്ഞ ലക്ഷ്മി കാറിൽ വന്നു കയറാനൊരുങ്ങിയതും. വിഷമസന്ധിയിലായതും.





ഇന്നസെന്റ്

കണ്ടതും

കേട്ടതും



വിട പറയും മുമ്പേ എന്ന ചിത്രത്തിൽ നസീർ, ലക്ഷ്മി

താണ്ഡവത്തിലെ ഭാരോദ്വഹനം

ഹിന്ദി സിനിമയിലെ സെക്സ് ബോംബായിട്ടാണല്ലോ കോമിള്ളാവിർക്ക് അറിയപ്പെടുന്നത്. ഈയിടെ പുറത്തിറങ്ങിയ 'സംഘർഷം' എന്ന ചിത്രത്തിൽ കോമിള്ളാവിർക്കും, ജഗതി ശ്രീകുമാറും പങ്കെടുക്കുന്ന ഒരു നൃത്തരംഗമുണ്ട്. കോമിള്ളാവിർക്കുമായി നൃത്തം ചെയ്ത തന്റെ അനുഭവങ്ങളെപ്പററി ജഗതി ശ്രീകുമാർ ഇങ്ങിനെ പറഞ്ഞു.

വളരെ കനമുള്ള നടിയാണവർ. ഒന്നു് തലക്കനം, രണ്ടു് കനം. അതായതു് ഭാരം.....ആർക്കും താങ്ങാനാവാത്ത ഭാരം. ഡാൻസ് ചിത്രീകരിക്കുന്നതിനിടയിൽ തന്റെ കൈകളിൽ തൂങ്ങിയ 'കോമിള്ളവൃക്ഷ' ('വൃക്ഷ'യെന്നതു് ജഗതി ശ്രീകുമാറിന്റെ വിശേഷണം) യെ താങ്ങിയതിന്റെ വേദന ഇപ്പോഴും മാറിയിട്ടില്ലെന്നാണു് ജഗതി പറയുന്നതു്.

ഡാൻസ് ചിത്രീകരണത്തിനു മുമ്പു് സംവിധായകൻ പി. ജി. വിശ്വംഭരൻ ജഗതിശ്രീകുമാറിനെ കോമിള്ളയ്ക്കു പരിചയപ്പെടുത്തി.

'ദിസ് ഈസ് വെരി ഫേമസ് മലയാളം കോമഡിയൻ മിസ്റ്റർ. ജഗതി ശ്രീകുമാർ.'

'വാട്ട്? ഹി ഈസ് എ കോമഡിയൻ? നോ........'

ഒരു വെറും കോമഡിയനുമായി നൃത്തം ചെയ്യാൻ പററില്ലെന്നായി അവർ. പിന്നീടു് ഹീറോ ഇമേജുള്ള നടനാണു് ജഗതിയെന്നു് പി. ജി. വിശ്വംഭരൻ അവരെ പറഞ്ഞു മനസ്സിലാക്കിച്ച ശേഷമാണു് ജഗതിയോടൊത്തു് നൃത്തം ചെയ്യാൻ കോമിള്ള തയ്യാറായതു്.

ജഗതി അതു് തമാശയായിട്ടെടുത്തെങ്കിലും കോമഡിയന്മാരെ ഇത്രയും താണവരായി കാണുന്നതിൽ ആ നടനമർഷമുണ്ടു്. അഭിനയിച്ചു ഫലിപ്പിക്കാൻ ഏററവും പ്രയാസം കോമഡി വേഷങ്ങളാണു്. പല ചിത്രങ്ങളുടേയും തലയിലെഴുത്തു് മാറിയിട്ടുള്ളതു് കോമഡിയന്മാരുടെ പ്രകടനങ്ങൾ മൂലമാണു്. എല്ലാവരും അവരെ ഇഷ്ടപ്പെടുന്നു, ഒപ്പം വില കുറച്ചു കാണുകയും ചെയ്യുന്നു. ഇതിന്റെ കാരണമെന്തെന്നു് തനിക്കു് പിടി കിട്ടുന്നില്ലെന്നാണു് ജഗതി പറയുന്നതു്.




നായികയുടെ ഇമേജ്

ഹരികുമാർ സംവിധാനം ചെയ്യുന്ന 'ആമ്പൽപ്പൂവ്' എന്ന ചിത്രത്തിൽ ഒരു കാബറേ നർത്തകിയുടെ വേഷത്തിൽ അഭിനയിച്ച ശേഷമാണു്, നടി രൂപയ്ക്കു് 'ഒരു തലൈ രാഗം' എന്ന തമിഴ് ചിത്രത്തിലൂടെ ഒരു വലിയ ഇമേജുണ്ടാകുന്നതു്. സാരികൊണ്ടു് കഴുത്തററം മൂടി നടക്കുന്ന നായികയാണു് ഒരു തലൈരാഗത്തിൽ രൂപ. അവർ കാബറേ നൃത്തത്തിന്റെ വേഷത്തിൽ അഭിനയിച്ചിട്ടുണ്ടെന്നറിഞ്ഞ തമിഴ് പത്രക്കാർ ആ ഫോട്ടോകൾക്കുവേണ്ടി ഒരവസരത്തിൽ പരക്കം പായുകയും ചെയ്തു.

ഈയിടെ ആമ്പൽപ്പൂവിന്റെ റിലീസിംഗ് തീയതി നിശ്ചയിച്ചു കഴിഞ്ഞപ്പോഴാണു് സംവിധായകനു്, മുമ്പു് എടുത്ത നൃത്തരംഗങ്ങൾക്കു് പെർഫെക്ഷൻ പോരെന്നു തോന്നി. ആ രംഗങ്ങൾ വീണ്ടും ചിത്രീകരിക്കാൻ തീരുമാനിച്ചു. രൂപ കാബറേ വേഷത്തിൽ നൃത്തം ചെയ്യുന്ന രംഗങ്ങളാണു് പെർഫെക്ഷന്റെ പേരിൽ വീണ്ടും എടുക്കേണ്ടതു്. ഇതറിഞ്ഞപ്പോൾ തന്നെ അതിൽ നിന്നും പിൻതിരിക്കാൻ പലരും ഹരികുമാറിനെ ഉപദേശിച്ചു. കാരണം ഇപ്പോഴത്തെ ഇമേജനുസരിച്ചു് രൂപ ഇനിയും അങ്ങിനെയുള്ള രംഗങ്ങളിൽ അഭിനയിക്കാൻ കൂട്ടാക്കുകയില്ലെന്നു് അവർക്കറിയാമായിരുന്നു. ചിത്രത്തിലെ നായകൻ സുകുമാരനും, ആ നടി ഒരിക്കലും അഭിനയിക്കാൻ തയ്യാറാകില്ലെന്നു് സംവിധായകനോടു തീർത്തു പറഞ്ഞു. എന്നാൽ സംവിധായകൻ രൂപയോടു വിവരങ്ങൾ പറഞ്ഞപ്പോൾ യാതൊരു വൈമനസ്യവും കൂടാതെ അവർ ആ രംഗങ്ങളിൽ അഭിനയിക്കാൻ സമ്മതിക്കുകയാണുണ്ടായതു്. ഇതേപ്പററി ഒരു പത്രലേഖകൻ ചോദിച്ചപ്പോൾ രൂപയുടെ മറുപടി ഇങ്ങിനെയായിരുന്നു

'ഒരു തലൈരാഗത്തിനു ശേഷം എനിക്കു കിട്ടുന്ന ഏററവും നല്ല വേഷമാണിതു്. എനിക്കേററവും ഇഷ്ടപ്പെട്ട കഥാപാത്രം. അതുകൊണ്ടു തന്നെ പെർഫെക്ഷനു വേണ്ടി ഈ രംഗത്തഭിനയിക്കുന്നതിൽ എനിക്കു് സന്തോഷമേ ഉള്ളു. എന്റെ കഥാപാത്രത്തിനു് കൂടുതൽ തിളക്കം കിട്ടാനല്ലേ അങ്ങിനെ ചെയ്യുന്നതു്.'

ആമ്പൽപ്പൂവ് പുറത്തു വരുന്നതോടെ തനിക്കു് മലയാള പ്രേക്ഷകരുടെ ഹൃദയങ്ങളിൽ കയറിപ്പറ്റാനാകുമെന്നു് രൂപ വിശ്വസിക്കുന്നു. സ്വന്തം കുടുംബത്തെ രക്ഷിക്കാൻ വേണ്ടി ഇഷ്ടമില്ലാത്ത പലതും ചെയ്യേണ്ടി വരുന്ന ഒരു യുവതിയുടെ കദന കഥയാണിതു്. പ്രേക്ഷക ഹൃദയങ്ങളെ ആർദ്രമാക്കുന്ന ഈ കഥാപാത്രത്തിന്റെ സവിശേഷത രൂപയ്ക്കു് വളരെ ഇഷ്ടമായിട്ടുണ്ടു്.






'ആമ്പൽപ്പൂവിൽ' രൂപ



നിർമ്മാണം
പുഷ്പരാജൻ

സംവിധാനം
ശശികുമാർ



ഹരി
അങ്ങാടിയിൽ തോറ്റതിന് അമ്മയോട്?
'മണ്ണിന്റെ മാറിൽ' എന്ന ചിത്രം പരാജയപ്പെട്ടത് എം.ടിക്ക് അതിനെക്കുറിച്ച് ഗന്ധമില്ലാത്തതുകൊണ്ടാണെന്ന് ബേക്കർ
ഭഗവാൻ... ഭഗവാൻ..
പടംമുതലാളി
കമേഴ്സ്യൽ ചിത്രം അനിവാര്യമെന്ന് ഐ.വി.ശശി.
ദാ- എന്നെ തല്ല്യാ നശ്രമമാ... പത്രത്തിൽ തട്ടിയേര്
'അട്ടിമറി' എന്ന ചിത്രത്തിൽ ജയൻ
പപ്പുവിനെ വധിക്കാൻ ശ്രമം - വാർത്ത
താർ കലാകാരികളെ വിവാഹം കഴിക്കില്ലെന്ന് സംവിധായകൻ ഫാസിൽ
" ചൂടുവെള്ളത്തിൽ വീണ പൂച്ചയ്ക്ക്.... "
തമിഴ്
തമ്പി
തെലുങ്ക്
തമ്പിയുടെ പടമോ മറുപടി അങ്ങേ, നഷ്ടപ്പെട്ടാൽ മറുഭാഷാ ചിത്രങ്ങൾ തേടും - ശ്രീവിദ്യ.
HARI


തെററിലൂടെ....

ആൾത്തിരക്കും ആരവവുമുള്ള ആലുവായിൽ നിന്നും ആറു കിലോമീററർ അകലെയുള്ള ചെങ്ങമനാട്ട് പ്രദേശം, ഇടവഴികളും, തോട്ടം, കുന്നും, ക്ഷേത്രവും. ക്ഷേത്രക്കുളവും, മുളങ്കൂട്ടങ്ങളും കൈയ്യുള്ള ഈ പ്രദേശത്തിന് ഒരുകാലത്ത് ഗ്രാമത്തിന്റേതായ എല്ലാ അലംഭംഗിയുമുണ്ടായിരുന്നു. സംഗീതത്തിന്റെ ലഹരിയിലിരുന്ന് ഭക്ഷണം കഴിക്കാൻ കഴിയുന്ന ഹോട്ടലുകളും, സ്റ്റേഷനറി കടകളും, സിനിമാ തിയേററും, പോലീസ് സ്റ്റേഷനും, അങ്ങിങ്ങ് ഉയർന്ന പൊങ്ങിയിട്ടുള്ള കോൺക്രീററു സൗധങ്ങളും. ഇന്ന് ഈ പ്രദേശത്തിന്റെ ഗ്രാമീണ മുഖദർശനത്തിന് പുഴക്കുത്ത് വീഴ്ത്തിയിരിക്കുന്നു—എങ്കിലും പഴയ ചെങ്ങമനാട്ട് ഗ്രാമത്തിന്റെ നിശ്ശബ്ദ ഗാംഭീര്യം ഇന്നും മുഴുവനും ചോർന്നു പോയിട്ടില്ല. ഈ ഗ്രാമത്തോട ചേർന്ന് നാലുവശവും വെള്ളത്താൽ ചുററപ്പെട്ടു കിടക്കുന്ന പ്രകൃതി തന്നെ പണിതുയർത്തിയ തുരുത്തിൽ വെച്ചായിരുന്നു വസ്റ്റചിത്രാലയായുടെ കന്നി ചിത്രമായ 'തിര'യുടെ ദൃശ്യങ്ങൾ ഫിലിമിൽ പകർത്തിയത്.

അരയും പതയുമായി കലങ്ങി മറിഞ്ഞൊഴുകുന്ന പുഴ മുറിച്ചു കടന്ന് ലൊക്കേഷനിലെത്തിയപ്പോൾ, ഷൂട്ടിംഗ് കാണാനെത്തിയ ഗ്രാമനിവാസികൾ അവിടമൊരു ഉത്സവപ്പറമ്പാക്കി മാററിക്കഴിഞ്ഞിരുന്നു.

യൂണിററു പ്രവർത്തകർ ഓടി ചാടി നടന്ന് ഷൂട്ടിംഗിനു വേണ്ടിയുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിൽ നടത്തുന്നതിനിടയിലൂടെ മുഖങ്ങൾ തേടിയപ്പോൾ ക്യാമറയ്ക്കു പിന്നിൽ ഉയരം കൂടിയ താടിക്കാരനായ ലക്ഷ്മണനെ കണ്ടു. പിന്നാലെ തിരക്കഥാകൃത്തും സംവിധായകനുമായ സലീജിനെ, പിന്നെ ചായം തേച്ച മുഖങ്ങൾ.





പുതുമകൾ തേടുന്ന പ്രേക്ഷകരെ മുന്നിൽ കണ്ടുകൊണ്ട് നമ്മുടെ പതിവു സിനിമാകഥകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു കഥ വെള്ളിത്തിരയിൽ വരച്ചുകാണിക്കാനാണ്, കുറഞ്ഞൊരു കാലയളവിനുള്ളിൽ കൂടുതൽ ചിത്രങ്ങളിൽ സഹ സംവിധായകനായി പ്രവർത്തിച്ച സലീജ് ശ്രമിക്കുന്നത്.

ജീവിതത്തിന്റെ നാൽക്കവലികളിൽ പെട്ട് നട്ടം തിരിയുന്ന മനുഷ്യന്റെ വികാരങ്ങളും, വിഷമങ്ങളും, വീർപ്പുമുട്ടലുകളും ചിത്രം കാണുന്ന പ്രേക്ഷകർക്കനുഭവപ്പെടുന്ന വിധത്തിൽ സലീജിന്റെ നിർദ്ദേശത്തോടെ തിരക്കഥയ്ക്കും സംഭാഷണത്തിനും ഒപ്പിച്ച് ചെറു ചെറു ഷോട്ടുകളാക്കി ഛായാഗ്രാഹകനായ ലക്ഷ്മണൻ സെല്ലുലോയിഡിൽ പകർത്തി.

റിഫ്ളക്ടറുകൾ ഉപയോഗിച്ച് സൂര്യപ്രകാശത്തെ തടഞ്ഞു നിർത്തി ദൃശ്യങ്ങൾ ഫിലിമിൽ ഒതുക്കുന്നതിനിടയ്ക്ക് സൂര്യൻ കാർമേഘത്തിലൊളിച്ചപ്പോൾ ചിത്രീകരണം തെല്ലൊന്ന് മുടങ്ങി. ആ സമയം സലീജിനോട് ഈ ലേഖകൻ സംസാരിച്ചു. 'തിര'യുടെ കഥയെക്കുറിച്ച് അദ്ദേഹം പറഞ്ഞു. നമ്മുടെ സമൂഹത്തിൽ എന്തെല്ലാം സംഭവങ്ങൾ ദൈനംദിനം നടക്കുന്നു. അവയിലൊന്നിലൂടെ ഓർമ്മയിൽ പച്ചച്ചു നില്ക്കുന്ന മനുഷ്യജീവിത കോലങ്ങളെ വരച്ചു കാണിക്കുകയാണ് എന്റെ ലക്ഷ്യം.

പ്രകൃതി സുന്ദരമായ ഒരു ഗ്രാമം. ആ ഗ്രാമത്തിന് വെള്ളിയരഞ്ഞാണം ചാർത്തിയതുപോലെ കളകളം പാടി ഒഴുകുന്ന പുഴ. പുഴ വേനൽക്കാലത്ത് വരണ്ടുണങ്ങും, വർഷകാലത്ത് ഭ്രാന്തിയെപ്പോലെ അലറും.

ഒരു വേനൽക്കാലം.

പുഴയിൽ വെള്ളം വെറുമൊരു നീർച്ചാൽ മാത്രമായി ഒഴുകുന്നു. പുഴയോരത്ത പഞ്ചസാര പോലുള്ള മണൽ ഹിമകണങ്ങളാൽ അലിഞ്ഞു ചേർന്ന ഒരു പ്രഭാതത്തിൽ രഘു എന്ന പേരായ ഒരു ചെറുപ്പക്കാരൻ തൊഴിൽ അന്വേഷിച്ച് അവിടെ എത്തുന്നു. മണൽപ്പുറത്തോട് തൊട്ടു കിടക്കുന്ന തടിക്കളത്തിലെ ഡ്രൈവർ ഗോപാലന്റെ സഹായത്തോടെ രഘുവിന് തടിക്കളത്തിൽ ജോലി കിട്ടി. അവിടത്തെ ഒരു പ്രമുഖ തൊഴിലാളി നേതാവാണ് അബു. സംഘടനാ ബോധം വന്ന തടിമില്ലിലെ തൊഴിലാളികൾ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്തു. സമരം പൊളിക്കാൻ മുതലാളിമാരും ഗുണ്ടകളും കൂടി ഭഗീരഥപ്രയത്നം നടത്തി. പക്ഷേ—അതൊന്നും ഫലിച്ചില്ല. സമരം വിജയിച്ചു എന്നാൽ ഒരു പ്രഭാതം പൊട്ടിവിടർന്നത് കൊലചെയ്യപ്പെട്ട അബുവിന്റെ മൃതദേഹവുമായാണ്.

ഡ്രൈവർ ഗോപാലന്റെ മരുമകനാണ് അപ്പു. തന്റെ മകൾ വിലാസിനിയെ അപ്പുവിനെക്കൊണ്ട് വിവാഹം കഴിപ്പിക്കണമെന്ന് ഗോപാലൻ ആഗ്രഹിക്കുന്നു. അപ്പുവാകട്ടെ വിലാസിനിയെ സ്വപ്നം കണ്ടു കഴിയുകയുമാണ്.

രഘുവും, വിലാസിനിയും തമ്മിൽ കണ്ടുമുട്ടിയതോടെ പ്രേമത്തിന്റെ ഒരു പുതുമുള അവരിൽ മൊട്ടിട്ടു. ഓരോ ദിവ

തിര

സം ചെല്ലുന്തോറും അതു കൂടുതൽ കൂടുതൽ വിരിഞ്ഞു. അവരുടെ പ്രേമം കാമത്തിലെത്തിയപ്പോഴാണ് അപ്പു വിവരമറിഞ്ഞത്. അവൻ നിശ്ശബ്ദമായി ദുഃഖിച്ചു. വിവരം ഗോപാലനെ അറിയിക്കുകയും ചെയ്തു. അയാൾ അതു കേട്ട് പൊട്ടിത്തെറിച്ചു. മകളെ അയാൾ മൃഗീയമായി മർദ്ദിച്ചു

പ്രഭാതത്തിൽ വിലാസിനി കുളിക്കാനിറങ്ങി. പുഴയിലേയ്ക്ക് ചാടി. പുഴക്കരയിൽ എന്തോ കണ്ട് അവൾ ഉറക്കെ കരഞ്ഞു.

രഘു വെള്ളത്തിൽ മരിച്ചു കിടക്കുന്നു.

ഇവിടെ 'തിര'യുടെ ഒന്നാം പകുതി അവസാനിക്കുന്നു.

തുടർന്ന് മറ്റൊരു കഥയാണ് 'തിര' പറയുന്നത്".

കരയെ പിടിച്ചടക്കാൻ ആവേശത്തോടെ നടുക്കടലിൽ നിന്നും പാഞ്ഞുവന്ന തിരകളെപ്പോലെ ആവേശം കാണിച്ച മനുഷ്യ മനസ്സുകളുടെ കഥ!


കരയെ തൊട്ടുരുമ്മിയപ്പോഴേയ്ക്കും ശക്തി ക്ഷയിച്ചുപോയ തിരകൾ കണക്കെ ഒന്നിനുമൊന്നിനും കഴിവില്ലാതായിത്തീർന്നവരുടെ കഥ!!


ഇറുന്നു വീഴാതെ ഇമകളിൽ ഇററു നില്ക്കുന്ന ബാഷ്പകണംപോലെ ആർദ്ര മധുരമായ കഥ!!!

രഘുവായി സത്താറും, വിലാസിനിയായി അരുണയും, ഗോപാലനായി അച്ചൻകുഞ്ഞും, അപ്പുവായി പപ്പുവും, അമ്പുവായി അല്ലുവും അഭിനയിക്കുന്നു

കൂടാതെ ശങ്കർ, മമ്മൂട്ടി, കരുവാററ വാസു, ഗായത്രി, ഫിലോമിന, ശാന്തകുമാരി, ജയ, സുരേഷ്ബാബു, ബേബി ഷീബ, മാസ്റ്റർ സൈനീഷ് തുടങ്ങിയവരോടൊപ്പം ഏതാനും പുതുമുഖങ്ങളും വേഷമിടുന്നു.

പൂവച്ചൽ ഖാദറിന്റെ വരികൾക്ക് കെ. രാഘവൻ സംഗീതം നൽകിയിരിക്കുന്നു. 'എന്തു നൽകാൻ അനുജത്തീ....' എന്നു തുടങ്ങുന്ന ഗാനം യേശുദാസും, 'ആകാശം ഞൊറിയും . പുഴയുടെ മാറിൽ....' എന്നു തുടങ്ങുന്ന ഗാനം എസ്. ജാനകിയും പാടിയിരിക്കുന്നു.





ചിത്രങ്ങൾ ചിത്രങ്ങൾ വീണ്ടും ചിത്രങ്ങൾ

അമ്പതു വർഷങ്ങൾക്ക് മുമ്പുള്ള, തമിഴ് സിനിമയിലെ ഏററവും വലിയ നായികയായിരുന്ന എസ്. ടി. സുബ്ബലക്ഷ്മി. അക്കാലത്തു് സുബ്ബലക്ഷ്മി വലിയ പ്രതിഫലം വാങ്ങിയിരുന്നു. അതായത്തു് ഒരു ചിത്രത്തിന് അയ്യായിരം രൂപ. ത്യാഗരാജ ഭാഗവതർക്ക് പോലും, അന്ന് ആറായിരം രൂപയാണ് ഒരു ചിത്രത്തിന് കിട്ടിക്കൊണ്ടിരുന്നതു്, ഇക്കാര്യം കൊണ്ടുതന്നെ സുബ്ബലക്ഷ്മിയുടെ പദവി എന്തായിരുന്നുവെന്ന് ഊഹിക്കാവുന്നതേ ഉള്ളു.

ഇന്ന്.

തമിഴ് സിനിമയുടെ മൂല്യ നിർണ്ണയം നടത്തുന്ന കമ്മിററി അംഗങ്ങളിൽ ഒരാളാണ് സുബ്ബലക്ഷ്മി. ഗവണ്മെൻറ് നോമിനിയാണവർ. ഇന്നത്തെ തമിഴ് സിനിമയിലെ ഏററവും പുതിയ നായികയാണല്ലൊ സുഹാസിനി. ദേശീയ അവാർഡ് വിവാദത്തിലൂടെ അവർ ഇന്ത്യയൊട്ടുക്ക് പ്രസിദ്ധയാകുകയും ചെയ്തു.

ഈയിടെ പഴയ നായിക എസ്. ടി. സുബ്ബലക്ഷ്മിയും, പുതിയ നായിക സുഹാസിനിയും തമ്മിൽ കണ്ടുമുട്ടാനിടയായി. തമിഴ്നാട്ട് ഗവണ്മെൻറിൻെറ കമ്മിററിയിലെ മെമ്പർ എന്ന നിലയിൽ ഇപ്പോഴുള്ള എല്ലാ തമിഴ് ചിത്രങ്ങളും സുബ്ബലക്ഷ്മി കാണുന്നുണ്ട്, മിക്കവാറും എല്ലാ ചിത്രങ്ങളിലും ഒരേ നടീനടന്മാരെയാണ് അവർ കാണുന്നതു്. അതുപോലെ തന്നെ ഒരു സംവിധായകൻെറ ഒന്നിലധികം ചിത്രങ്ങളും. ക്യാമറാമാന്മാരുടേയും, എഡിററർമാരുടേയും കാര്യങ്ങളും മറിച്ചല്ല.

'ഒരു സമയം ഒരു ചിത്രത്തിൽ മാത്രമാണ് ഞങ്ങൾ അഭിനയിച്ചിരുന്നതു്. അന്നത്തെ കാലത്തിൽ നിന്നും ഇന്ന് സാങ്കേതികമായി വളരെയേറെ പുരോഗമിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ സമയം ഒന്നിലധികം ചിത്രങ്ങളിൽ അഭിനയിക്കാൻ നടീനടന്മാർക്കെങ്ങിനെ കഴിയുന്നു? ഒരു സമയം മൂന്നും നാലും ചിത്രങ്ങൾ സംവിധാനം ചെയ്യാൻ എങ്ങിനെ ഡയറക്ടർമാർ തയ്യാറാകുന്നു?' ഇതായിരുന്നു സുബ്ബലക്ഷ്മിയുടെ ചോദ്യം.

സുഹാസിനി ഇങ്ങിനെയാണതിനു മറുപടി പറഞ്ഞതു്.

'എല്ലാവർക്കും ഒരു ലക്ഷ്യമേ ഉള്ളു. സിനിമയിലെ പേരും പ്രസിദ്ധിയും. അതാകട്ടെ വളരെ ചുരുങ്ങിയ കാലമേ നിലനിൽക്കു. അതുകൊണ്ട്. ആ സമയത്തിനുള്ളിൽ നേടാനുള്ളതൊക്കെ നേടാനാണ് എല്ലാവരുടേയും ആഗ്രഹം.'

ഇത്തരം പരക്കം പാച്ചിലുകൾ കൊണ്ടുണ്ടാകുന്ന ദോഷത്തെപ്പററി, ഇക്കൂട്ടർ ഒട്ടും ചിന്തിക്കുന്നേ ഇല്ലെന്നതാണ് പരിതാപകരമായ കാര്യം, സിനിമക്ക് അടിസ്ഥാനപരമായുണ്ടാകേണ്ട പല ഗുണങ്ങളും ഇതുമൂലം നഷ്ടമാകുന്നു. ഒരു കലാരൂപമെന്ന നിലയിൽ അതിൻെറ രൂപഭംഗിയും, ഭാവഭംഗിയും മങ്ങലേററു നില്ക്കുന്നതും ഇവർ കാണുന്നില്ല. അഥവാ കണ്ടില്ലെന്നു നടിക്കുന്നു.

രണ്ടോ മൂന്നോ വർഷം മുമ്പുവരെ ഒരു സിനിമ പിടിക്കാൻ ഒരു വർഷം എടുക്കുമായിരുന്നു. ചുരുങ്ങിയതു് ആറു മാസം എങ്കിലും ഇല്ലാതെ പടമെടുക്കാൻ ആരും ചിന്തിക്കുകപോലുമില്ല. ഇപ്പോഴാകട്ടെ സ്ഥിതി എത്രയോ മാറിയിരിക്കുന്നു. പത്തു ദിവസത്തെ കാൾഷീററിൽ കൂടുതൽ ഒരു താരത്തിൽ നിന്നും കിട്ടാതായിരിക്കുന്നു.

ഒരു ചിത്രത്തിൻെറ നിർമ്മാണം അവസാനിക്കാൻ പതിനഞ്ചു ദിവസത്തിൽ കൂടുതൽ വേണ്ട. അതിനിടയിൽ 'കാര്യങ്ങൾ എങ്ങിനെയെങ്കിലും ഒപ്പിച്ചിരിക്കും.'

ഈ സമയലാഭത്തെപ്പററി ചിന്തിക്കുമ്പോൾ ആദ്യം മനസ്സിലോടിയെത്തുന്നതു് താരങ്ങളുടെ കാൾഷീററാണ്. മിക്കവാറും എല്ലാ ചിത്രങ്ങളിലും ഒരേ താരങ്ങളായിരിക്കുമല്ലോ അഭിനയിക്കുന്നതു്. അതു

കൊണ്ട് അവരെ വളരെക്കുറച്ച സമയത്തിനുള്ളിൽ അഭിനയിപ്പിക്കാൻ നിർമ്മാതാക്കൾ നിർബ്ബന്ധിതരാകുന്നു. രണ്ടാമത്തെ കാര്യം പണമാണ്. ചിത്രമെടുക്കുന്ന സമയം ലാഭിച്ചാൽ, പണം ലാഭിക്കാം, രണ്ടും, മൂന്നും ഷെഡ്യൂൾ എന്നത് ഒററ ഷെഡ്യൂളാക്കിയാൽ പണം വളരെ ലാഭം.

ഇപ്പോൾ കാശില്ലാത്ത നിർമ്മാതാക്കളാണ് അധികവും ഈ രംഗത്തെത്തുന്നത്. അവരാകട്ടെ അമിതമായ പലിശയ്ക്ക് എവിടെ നിന്നെങ്കിലും പണം കടം വാങ്ങിയിരിക്കും. ഈ പണം വാങ്ങുന്നതാകട്ടെ നസീറിൻേറയോ, മധുവിൻേറയോ, ഷീലയുടേയോ, സോമൻേറയോ കാൾഷീററ് കാണിച്ചിട്ടായിരിക്കും. അപ്പോൾപ്പിന്നെ എങ്ങിനെയെങ്കിലും പടം പൂർത്തിയാക്കി തീയേററുകളിലെത്തിച്ച് ഉള്ള കാശു വാങ്ങി കടം തീർക്കാനാണ് നിർമ്മാതാവിന് താല്പര്യം. ഇതിനിടയിൽ ഈ കഥയെപ്പററിയും, പെർഫെക്ഷനെപ്പററിയുമൊക്കെ ചിന്തിക്കുന്നതാരു? സിനിമ ഒരു കലാരൂപമാണെന്ന സത്യം ഒരിക്കൽ പോലും ഇക്കൂട്ടരുടെ മനസ്സിൽ ഓടിയെത്താറില്ല.

ഇക്കാര്യങ്ങൾ കൊണ്ടൊക്കെ നശിക്കുന്നത് സിനിമയാണ്. പണ്ട് പത്തു പടം പുറത്തിറങ്ങുമ്പോൾ രണ്ടെണ്ണം പരാജയപ്പെട്ടമായിരുന്നെങ്കിൽ— ഇന്ന് പത്തു പടം പുറത്തിറങ്ങുമ്പോൾ എട്ടെണ്ണവും പരാജയമടയുന്നു. കലാപരമായും സാമ്പത്തികമായും ഉള്ള പരാജയം മിക്ക ചിത്രങ്ങൾക്കും അവകാശപ്പെട്ടതു തന്നെ.

എല്ലാവർക്കും ഒററക്കാര്യത്തെപ്പററിയേ ചിന്തയുള്ളൂ. സമയം, 'ഉള്ള സമയം കൊണ്ട് എങ്ങിനെയെങ്കിലും തീർക്കാനാണ്' എല്ലാവരുടെയും ശ്രമം, നടീനടന്മാരും, സംവിധായകരും, ക്യാമറാമാന്മാരും എല്ലാം ഇങ്ങിനെയാണിപ്പോൾ ചിന്തിച്ചുവരുന്നത്. ഇതുമൂലം നല്ലൊരു കഥ തിരഞ്ഞെടുക്കാനുള്ള സാവകാശമോ, അതിന് നല്ലൊരു ദൃശ്യവ്യാഖ്യാനം നൽകുന്നതിനെപ്പററി ചിന്തിക്കാനുള്ള സമയമോ ആർക്കും ലഭിക്കുന്നില്ല. ക്യാമറാമാനും സംവിധായകനും ഒരേ സമയം ഡസൻ കണക്കിന് ചിത്രങ്ങളുടെ ജോലിയിലേർപ്പെട്ടിരിക്കും. താരങ്ങളുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ.

* * *


ഷോക്കേസ്

മികച്ച ചിത്രങ്ങൾ സംവിധാനം ചെയ്യണമെന്ന് ആത്മാർത്ഥമായി വിചാരിക്കുന്ന സംവിധായകന് തിരക്ക് ഒരു ശാപമാണ്. അവളുടെ രാവുകളുടെ നിർമ്മാണഘട്ടത്തിൽ 'അലാവുദീനും അത്ഭുതവിളക്കും' എന്ന ചിത്രത്തിൻെറ നിർമ്മാണത്തെക്കുറിച്ച് ശശി എന്തൊക്കെയാണ് പറഞ്ഞിരുന്നത്.

'അറബിക്കഥകളുടെ കൂട്ടത്തിൽ ലോകപ്രസിദ്ധമായ ഒരു കഥയാണിതു്. ഇന്ത്യയിൽ ഇതിന് മുമ്പും മൂന്നുനാലു ഭാഷകളിൽ ഇക്കഥ ചലച്ചിത്രമായിട്ടുണ്ട്. സാങ്കേതിക വശങ്ങൾ ഇത്രത്തോളം വളർന്നിട്ടില്ലാത്ത ഒരു കാലമായിരുന്നു അതു്. ഈ കഥയെ മികച്ച ഒരു ക്ലാസ്സിക്കാക്കിത്തീർക്കാനാണ് ഞാൻ ശ്രമിക്കുന്നതു്. പ്രത്യേകിച്ച് മലയാളത്തിലെ ആദ്യത്തെ സിനിമാസ്കോപ് ചിത്രം.'

അന്ന് ഇങ്ങിനെ പറഞ്ഞ ശശിക്ക് തൻെറ സങ്കല്പങ്ങൾ പ്രാവർത്തികമാക്കാനായില്ല. കാരണം അത്രയ്ക്ക് തിരക്കായിരുന്നു ആ സംവിധായകന്. ഒരു ഹിന്ദി ചിത്രം രണ്ടുമൂന്ന് തമിഴ് ചിത്രങ്ങൾ, ഇതിനും പുറമേ, ധാരാളം മലയാള ചിത്രങ്ങളും. എല്ലാം കൂടിയായപ്പോൾ അലാവുദീൻെറ നിർമ്മാണം വൈകി എന്നു മാത്രമല്ല, ഒടുവിൽ ചിത്രം ഒരു പരാജയമായി കലാശിക്കുകയും ചെയ്തു.

ധന്യയിലഭിനയിച്ചുകൊണ്ടിരുന്ന ശ്രീവിദ്യയുടെ രണ്ടു ദിവസം കിട്ടാൻവേണ്ടി സംഭവം എന്ന ചിത്രത്തിൻെറ നിർമ്മാതാക്കളായ മജീന്ദ്രനും, ബാബുവും ബോബൻ കുഞ്ചാക്കോയുടെ പ്രത്യേക അനുമതി തേടി. പിന്നീട് വിദ്യ സംഭവത്തിലഭിനയിച്ചുകൊണ്ടിരുന്നപ്പോൾ അവർ പങ്കെടുക്കുന്ന ചില രംഗങ്ങൾ ചിത്രീകരിക്കാനായി അവരുടെ ഒരു ദിവസം ലഭിക്കാൻ ബോബൻ കുഞ്ചാക്കോ മജീന്ദ്രൻെറ അനുമതി തേടേണ്ടിവന്നു. ഇങ്ങിനെയാണ് നടീനടന്മാരുടെ കാൾഷീററു പ്രശ്നങ്ങൾ.



മധു ഈയിടെ ഒരു ചിത്രത്തിലഭിനയിക്കാൻ പറഞ്ഞിരുന്ന ഡേററിൽ എറണാകുളത്ത് ചെന്നിരുന്നെങ്കിലും രണ്ടുമൂന്നു ദിവസം വെറുതെ ഹോട്ടൽ മുറിയിലിരിക്കേണ്ടിവന്ന കാരണം—സ്ക്രിപ്ററ് ശരിയാകാത്തതാണ്, എന്തെടുക്കണമെന്നോ ആരെ അഭിനയിപ്പിക്കണമെന്നോ സംവിധായകന് പിടിയില്ലാതെ പോയി.

രണ്ടോ മൂന്നോ ചിത്രങ്ങൾ സംവിധാനം ചെയ്യാൻ കരാർ ചെയ്യപ്പെട്ടരുന്നാലും ഒരേ സമയം ഒന്നിൽ കൂടുതൽ ചിത്രങ്ങൾ സംവിധാനം ചെയ്യാൻ ഒരു സംവിധായകനും ധൈര്യം കാണിച്ചിട്ടില്ല, നല്ല അസിസ്റ്റൻറുകൾ ഉണ്ടായാൽ കൂടി. എന്നാൽ ഇക്കാര്യത്തിൽ ചന്ദ്രകുമാർ എന്ന സംവിധായകൻ റിക്കാർഡു സൃഷ്ടിക്കുന്നു. ചന്ദ്രകുമാറിൻെറ ഗുരുക്കന്മാരായ ഡോക്ടർ ബാലകൃഷ്ണനോ ജേസിയോ ഇത്തരം സാഹസത്തിനു മുതിർന്നിട്ടില്ല. വിഗ്രഹ മോഷണത്തെ വിഷയമാക്കിയുള്ള ഒരു ചിത്രം പൂർത്തിയാകുന്നതിനു മുമ്പുതന്നെ, ഇതേ വിഷയത്തെ അധികരിച്ചെടുക്കുന്ന മറെറാരു ചിത്രത്തിൻെറ സംവിധാനച്ചുമതലയും ഈ സംവിധായകൻ ഏറെറടുത്തു. അത്രയ്ക്ക് തൻെറ തൊഴിലിനോട് ആത്മാർത്ഥത പുലർത്തുന്ന ആളാണ് ചന്ദ്രകുമാർ. അതു് അദ്ദേഹം തന്നെ പറയുകയും ചെയ്യുന്നു. എൻെറ ചിത്രങ്ങളുടെ എണ്ണം കൂടിയതുകൊണ്ട് എൻെറ ആത്മാർത്ഥത കുറയുന്നില്ലെന്ന്".

ഭരതൻെറ രണ്ടു ചിത്രങ്ങൾ ഒരേ സമയം പുറത്തിറങ്ങാൻ സാദ്ധ്യതയുണ്ടെങ്കിലും തൻെറ തൊഴിലിനോട് പരമാവധി നീതി പുലർത്താൻ ഭരതൻ ശ്രമിക്കാറുണ്ട്. ശ്രീകുമാരൻ തമ്പിയും ഏതാണ്ടിതുപോലെ തന്നെ. ഒരു ചിത്രം തീർത്തിട്ട് മാത്രം മറെറാരു ചിത്രം തുടങ്ങണമെന്നും, പൂർത്തിയായ ചിത്രം രണ്ടു മാസത്തിനകം പുറത്തിറക്കണമെന്നുമുള്ള നിർബ്ബന്ധം അദ്ദേഹത്തിനുണ്ട്.

പി. ജി. വിശ്വംഭരനും, ജോഷിയും ഒന്നിലധികം ചിത്രങ്ങൾക്കുവേണ്ടി കരാർ ചെയ്യാറുണ്ടെങ്കിലും ഒരു സമയം ഒരു ചിത്രമേ എടുക്കുക പതിവുള്ളൂ. എന്നാൽ ഒരു ചിത്രം പൂർത്തിയാക്കിയിട്ടല്ല മറെറാരു ചിത്രമെടുക്കുന്നതു്.


ഒരു ചിത്രം പൂർത്തിയാക്കിയ ശേഷമേ മറെറാരു ചിത്രത്തിൻെറ ജോലിയാരംഭിക്കൂ എന്നു് നിർബ്ബന്ധമുള്ളയാളാണ് മോഹൻ. ഈ തീരുമാനത്തിൻെറ ഗുണഫലങ്ങൾ ആ സംവിധായകൻെറ ചിത്രത്തിൽ ദർശിക്കുകയും ചെയ്യാം.

ഒരു ചിത്രം തീർന്ന ശേഷമേ മറെറാരു ചിത്രം തുടങ്ങുകയുള്ളൂ എന്ന നിർബ്ബന്ധബുദ്ധി തീർച്ചയായും ചിത്രങ്ങളുടെ മേന്മ വർദ്ധിപ്പിക്കുകയേ ഉള്ളൂ. . തിരക്കഥയിലും മററു സാങ്കേതിക കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ ഇതു സഹായകമാകും.

ആദ്യകാലത്തു് ഒന്നിനു പിറകേ ഒന്നായി ഐ. വി. ശശി സംവിധാനം ചെയ്ത കൊച്ചു കൊച്ചു ചിത്രങ്ങൾ പ്രേക്ഷകർ സർവ്വാത്മനാ സ്വീകരിച്ചിരുന്നു.

സിനിമയെ കുറെക്കൂടി ഗൗരവമായി കാണാൻ ഈ രംഗത്തുള്ള ഓരോരുത്തർക്കും സന്മനസ്സുണ്ടാകണം. എങ്കിൽ മാത്രമേ ഇവിടെ നല്ല ചിത്രങ്ങൾ കൂടുതലായി ജന്മമെടുക്കുകയുള്ളൂ.

—എസ്സാർ







വായനക്കാരുടെ കത്തുകൾ

ഹലോ ശ്രീകുമാരൻതമ്പീ

ഈയിടെ നാനയിലും മററും താങ്കളുടെ ചില പ്രസ്താവനകളും അതിനെ പരാമർശിച്ച് ശ്രീവിദ്യയുടെ മറു പ്രസ്താവനയും വായിച്ചപ്പോൾ കഷ്ടം തോന്നി.

താങ്കൾ നല്ലൊരു സംവിധായകനാണ്. സിനിമയുടെ വിവിധ മണ്ഡലങ്ങളിലേക്ക് തന്റെ പ്രതിഭയുടെ കരം നീട്ടിയിട്ടുള്ള അനുഗൃഹീത കലാകാരനായ താങ്കളുടെ മനസ്സ് ഇത്രയും നിർമ്മലമായതു്, ഒരു സാഹിത്യകാരനായതുകൊണ്ട് കൂടിയാവാം. പക്ഷേ, അയാളെന്റെ മനസ്സിനെ വേദനിപ്പിച്ചു. ഇയാളെന്റെ മനസ്സിനെ വിഷമിപ്പിച്ചു. ഇവരെന്നെ ദുഃഖിതനാക്കി എന്നെല്ലാം പ്രസ്താവനയിറക്കി, സിനിമാ വാരികകളുടെ സ്ഥലം മുടക്കിയതു്, സിനിമാക്കാരെന്തെഴുതിയാലും അതു വായിക്കാൻ ആളു കാണുമല്ലോ എന്നു കരുതിയാണോ? ഒരു വിലാപ കാവ്യമെഴുതാമായിരുന്നല്ലോ. മലയാള സാഹിത്യത്തിന് ഒരു മുതൽക്കൂട്ടുമായേനേ, അതു്.

പണ്ട് ജയഭാരതി താങ്കളെ കുറെ വേദനിപ്പിച്ചതിന്റെ ഫലമായിട്ടാവാം, പിന്നീട് താങ്കൾ നിർമ്മിച്ച ആക്രമണത്തിൽ അവർ അഭിനയിച്ചതു്. അരിക്കാരി അമ്മുവിനെ അവതരിപ്പിക്കാനും വിഷമക്കാരിയായ ജയഭാരതി തന്നെ വേണ്ടിവന്നു എന്നറിയുമ്പോൾ ഇതെല്ലാം വായിച്ചും കണ്ടും കേട്ടും നടക്കുന്ന ഞങ്ങൾ, ചിരിക്കണോ കരയണോ?

ശ്രീവിദ്യയുടെ മറുപ്രസ്താവനയും വായിച്ചിരുന്നു. സിനിമാ പ്രവർത്തകരുടെ പ്രസ്താവനകളെ മുഖവിലയ്ക്കെടുക്കരുതു് എന്നു പറഞ്ഞതു് അർത്ഥവത്താണ്. ഇവർ തന്നെയാണല്ലോ കുറച്ചുകാലം മുമ്പ്, മധുവിനോടൊത്തു് അഭിനയിക്കില്ലെന്നും മററും പ്രസ്താവനയിറക്കിയതു്. ഇന്നു്, ഏററവും കൂടുതൽ ചിത്രങ്ങളിൽ അവരഭിനയിക്കുന്നതു് മധുവിനോടൊത്താണ്. പ്രേംനസീറിനോടൊപ്പം അഭിനയിക്കില്ലെന്നു പറഞ്ഞ ഷീലയും അനുഭവവും ഇതുതന്നെയായിരുന്നു.

സംഗതി ഇതേയുള്ളു. സിനിമാക്കാർ എന്തു പ്രസ്താവിച്ചാലും ഞങ്ങൾ അതു വെളിവാഴങ്ങണം. പിന്നൊരിക്കൽ മറു പ്രസ്താവനയും. ശ്രീകുമാരൻതമ്പിയെപ്പോലുള്ള വിദ്യാസമ്പന്നരായ സിനിമാപ്രവർത്തകരും അതുതന്നെയാണാവർത്തിക്കുക.

അജയൻ ഇ. എൻ,
ആലുവ

സുഗതനെന്ന വാക്ക് പറയുവാനുള്ള യോഗ്യത ശ്രീകുമാരൻതമ്പിക്കില്ല

സർ,


നാന മുപ്പത്തിഏഴാം ലക്കത്തിൽ ശ്രീകുമാരൻ തമ്പിയുടെ ഇന്റർവ്യൂവിൽ പറഞ്ഞിരിക്കുന്ന ഒരു വാക്കാണ് എന്നെ ഈ കത്തെഴുതുവാൻ പ്രേരിപ്പിച്ചതു്. തൊഴിലാളി വർഗ്ഗത്തോടുള്ള ഒരു പരിഹാസമായിരുന്നു തമ്പിയുടെ ഈ പ്രസ്താവന. ആർ. സുഗതനെന്ന തൊഴിലാളി നേതാവ് തിരുവനന്തപുരത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി സ്റ്റേറ്റ് കൗൺസിൽ ആഫീസിൽ കിടന്നാണ് മരിച്ചതു്. അദ്ദേഹത്തെ ആയിരങ്ങളുടെ അകമ്പടിയോടു കൂടിയുള്ള വിലാപയാത്രയോടെയാണ് ആലപ്പുഴ വലിയ ചുടുകാട്ടിൽ സംസ്കരിച്ചതു്. അതിനു് നേതൃത്വം നൽകിയവരിൽ അന്തരിച്ച ററി. വി. തോമസും പാർട്ടിയുടെ സമുന്നത നേതാക്കന്മാരും ആയിരുന്നു. തമ്പിയെപ്പോലുള്ളവർക്ക് അത്തരം സംഭവങ്ങൾ കാണാൻ കഴിഞ്ഞെന്നുവരില്ല. അവരൊക്കെ നാലുകെട്ടിനകത്തു കഴിഞ്ഞവരല്ലേ? പക്ഷേ വിവരക്കേടുകൾ വിളമ്പുമ്പോൾ അതു് വായനക്കാർ വായിക്കുമെന്നും തന്റെ വിവരക്കേടിനെപ്പററി ജനം മനസ്സിലാക്കുമെന്നും അറിയണമായിരുന്നു. ലോകത്തു് താൻ മാത്രമാണു് വലിയവനെന്നും മറെറല്ലാവരും എനിക്കു് പുല്ലാണെന്നും കരുതുന്ന മൂഢത്വം തമ്പിയെപ്പോലുള്ളവരിൽ തോന്നാത്തതു് തെററില്ല. വയലാർ ഇരുപത്തിരണ്ടു് ചിത്രങ്ങൾക്കു് പാട്ടെഴുതിയപ്പോൾ തമ്പി ഇരുപത്തിനാലു് ചിത്രങ്ങൾക്കു് പാട്ടെഴുതിയെന്നാണു് വാദം. വയലാർ എഴുതിയതു് ഗാനങ്ങൾ ആയിരുന്നു. പക്ഷേ തമ്പിയെഴുതിയതു് കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനുകളായിരുന്നു. ഇനി അല്പം കഴിയുമ്പോൾ തമ്പി ഡയറക്ട് ചെയ്ത പടങ്ങളുടെ എണ്ണത്തിനേക്കാൾ കൂടുതൽ ചിലപ്പോൾ തമ്പിയുടെ മകൻ ഡയറക്ട് ചെയ്യുന്നിരിക്കും. എന്നു കരുതി ശ്രീകുമാരൻ തമ്പി അല്പം രാജ്കുമാരൻ തമ്പി മകനല്ലാതാകുമോ? അതുപോലെയാണു്. വയലാറും തമ്പിയും ആയുള്ള വ്യത്യാസം. അതുകൊണ്ടു് എന്റെ പ്രിയപ്പെട്ട തമ്പീ വിവരക്കേടുകൾ അധികം വിളമ്പാതെ തങ്ങളുടെ പ്രവൃത്തി മാത്രം നോക്കുക.

പി. കെ. കേശവൻ,
തിരുവനന്തപുരം

ഭരതം

ജനനം





ശരത്ബാബു.

19-7-81-ലെ നാനയിൽ പ്രസിദ്ധീകരിച്ചിരുന്ന ശ്രീകുമാരൻ തമ്പിയുടെ അഭിമുഖ സംഭാഷണത്തിന് അദ്ദേഹം തന്നെ ഒരു ടിപ്പിണി എഴുതി അയച്ചതാണ് ചുവടെ ചേർക്കുന്നത്.

അഭിമുഖ സംഭാഷണത്തിൽ തമ്പിയുടെ വാക്കുകളായി വന്നവയെല്ലാം അക്ഷരം പ്രതി അദ്ദേഹം പറഞ്ഞതു തന്നെയാണ്. ഇപ്പോൾ തമ്പി അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലെത്തിച്ചേർന്നിരിക്കുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ 'ബുദ്ധിമുട്ട്' മനസ്സിലാക്കി ആ കത്ത് അതുപോലെ ഇവിടെ പ്രസിദ്ധീകരിക്കുന്നു. ഇതോടുകൂടി ഈ അഭിമുഖ സംഭാഷണത്തെത്തുടർന്നുണ്ടായ വാദകോലാഹലങ്ങൾ അവസാനിക്കുമെന്ന് ഞങ്ങൾ കരുതുന്നു.

പത്രാധിപർ

അഭിമുഖത്തിന് ഒരു ടിപ്പണി

ശ്രീകുമാരൻ തമ്പി-

നാനാ പത്രാധിപർക്ക്,

താങ്കളുമായി ഞാൻ നടത്തിയ സുദീർഘമായ ചർച്ചയിൽ പൊന്തിവന്ന എന്റെ ആശയങ്ങളും അഭിപ്രായങ്ങളും സംക്ഷിപ്ത രൂപത്തിലാക്കി നിങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന ലേഖനം വായിച്ചു. അതിനു മറുപടിയായി അടുത്ത ലക്കത്തിൽ തന്നെ ശ്രീവിദ്യ എഴുതിയ കാര്യങ്ങളും വായിക്കാൻ ഭാഗ്യമുണ്ടായി. 'ഗാനം' എന്ന ചിത്രത്തിന്റെ ചിത്രീകരണം നടക്കുന്ന സമയമായിരുന്നതുകൊണ്ട് കഴിഞ്ഞ മാസം മുഴുവനും ഞാൻ തിരക്കിലായിരുന്നു. അതുകൊണ്ട് നാനയുടെ ലക്കങ്ങൾ തെരയിച്ചാണ് ഇന്നലെ വായിക്കാൻ തരപ്പെട്ടത്. ഞാൻ വിശദമായി പറഞ്ഞ കാര്യങ്ങൾ ചുരുക്കി രണ്ടര പേജിലൊതുക്കിയത് ശരിയായില്ല. ഞാൻ പറഞ്ഞ കാര്യങ്ങൾ മുഴുവൻ അതേപടി പകർത്താമെന്നും രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിക്കാമെന്നുമാണല്ലോ അന്ന് താങ്കൾ എന്നോട് പറഞ്ഞിരുന്നത്. പല വിവരങ്ങളും ചുരുക്കിയെഴുതിയതുകൊണ്ട് ചില ആശയങ്ങൾ വ്യക്തമാകാതെപോയി എന്നെനിക്ക് തോന്നുന്നു. അത് ദുർവ്യാഖ്യാനങ്ങൾക്ക് കളമൊരുക്കുകയും ചെയ്തു. പാലക്കാടിനടുത്തുള്ള ഗ്രാമപ്രദേശങ്ങളിൽ എന്റെ ചിത്രത്തിന്റെ ഷൂട്ടിംഗ് നടന്നുകൊണ്ടിരിക്കെ എന്റെ ആരാധകരിൽ ചിലർ നേരിൽ വന്ന് 'നാന'യിലെ ലേഖനത്തെപ്പററി ചർച്ച ചെയ്തപ്പോഴാണ് എനിക്കീ സംശയം തോന്നിയത്. പിന്നീടാണ് 'നാന' വായിച്ചത്.

ആദ്യമായി സ: ആർ. സുഗതന്റെ കാര്യം തന്നെയെടുക്കാം. ആദർശത്തോടുള്ള കമിററ്മെന്റിന്റെ പ്രതീകമായിട്ടാണല്ലോ ഞാൻ സുഗതൻ സാറിനെ അവതരിപ്പിച്ചത്. അദ്ദേഹം അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ടിക്കററിൽ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ച വിവരവും പാർട്ടി വിഭജിച്ചതിനു ശേഷം അതേ ചിഹ്നവുമായി വീണ്ടും മത്സരിച്ചപ്പോൾ ദയനീയമായി പരാജയപ്പെട്ട വിവരവും ഞാൻ പറഞ്ഞു. അദ്ദേഹം തിരുവനന്തപുരത്ത് സത്രത്തിൽ അവശനായി കിടന്ന കാലത്ത് ചേരിതിരിവിന്റെ പേരിൽ പല കമ്മ്യൂണിസ്റ്റുകാരും അദ്ദേഹത്തെ തിരിഞ്ഞുനോക്കിയില്ല എന്ന് ഞാൻ പറഞ്ഞു. ('സത്രത്തിൽ കിടന്നു മരിച്ചു' എന്നു ഞാൻ പറഞ്ഞിട്ടില്ല. അദ്ദേഹം മരിക്കാറായപ്പോൾ ആശുപത്രിയിലേയ്ക്കു മാററപ്പെട്ട സംഗതി ആർക്കാണറിഞ്ഞുകൂടാത്തത്?)

കമ്മ്യൂണിസ്റ്റ് പാർട്ടി (വലത്)യോട് എനിക്ക് യാതൊരു പിണക്കവുമില്ല. ഒരിക്കൽ സ: കാമ്പിശ്ശേരി കരുണാകരനോടൊപ്പം ഞാൻ സുഗതൻസാറിനെ പോയി കണ്ടിരുന്നു. അന്ന് എന്റെ മനസ്സിൽ തോന്നിയ കാര്യമാണിത്.

—ഇനി ശ്രീവിദ്യയുടെ കാര്യം: ഇനിയൊരിക്കലും അവരെ എന്റെ ചിത്രങ്ങളിൽ അഭിനയിപ്പിക്കുകയില്ല എന്നോ എന്നെന്നേയ്ക്കുമായി ഞങ്ങൾ പിണങ്ങിപ്പിരിഞ്ഞു എന്നോ ഞാൻ പറഞ്ഞില്ല. ഇപ്പോൾ ഞാൻ സംവിധാനം ചെയ്തുകൊണ്ടിരിക്കുന്ന ചിത്രങ്ങളിൽ എന്തുകൊണ്ട് ശ്രീവിദ്യയെ ഉൾപ്പെടുത്തിയിട്ടില്ല? എന്ന് നിങ്ങൾ ചോദിച്ചു. അതിനു ഞാൻ മറുപടി പറഞ്ഞു. എന്റെ ചിത്രങ്ങളിൽ അഭിനയിക്കുന്നത് ഒരു വലിയ കാര്യമായി അവർ കരുതുന്നില്ല. അങ്ങനെയാണെങ്കിൽ എല്ലാ ചിത്രങ്ങളിലും അവരെ ഉൾപ്പെടുത്തുന്നത് പാഴ്‌വേലയല്ലേ എന്ന് ഞാൻ ചോദിച്ചു. ലേഖനത്തിൽ അച്ചടിച്ചിരിക്കുന്ന വാചകവും ഉപശീർഷകത്തിലും പുറംപേജിലും കൊടുത്തിരിക്കുന്ന വാചകവും തമ്മിൽ വ്യത്യാസമുണ്ട്. 'ആ പാഴ്‌വേലയ്ക്ക് ഞാനില്ല! എന്ന ഒരു വാചകമേ ഞാൻ പറഞ്ഞിട്ടില്ല സുഹൃത്തേ! സോമന്റെ കാര്യവും വ്യത്യസ്തമല്ല. ഭാവികാര്യം എനിക്കെങ്ങിനെ പ്രവചിക്കാൻ കഴിയും? ഞാൻ എത്രകാലം ജീവിച്ചിരിക്കുമെന്ന് എനിക്കറിയില്ല. എത്രകാലം സിനിമാരംഗത്തു തുടരുമെന്നും നിശ്ചയമില്ല. ആ സ്ഥിതിക്ക് ഭാവിയിൽ എന്തു സംഭവിക്കുമെന്ന് എനിക്കെങ്ങനെ പറയാൻ കഴിയും...

'ജീവിതം ഒരു ഗാനം' എന്ന ചിത്രത്തിലെ ഷൂട്ടിംഗിനിടയിൽ ചാണകം വാരാൻ വിസമ്മതിച്ചതുകൊണ്ടാണ് ഞാൻ ശ്രീവിദ്യയെ എന്റെ ചില ചിത്രങ്ങളിൽ നിന്നൊഴിവാക്കിയതെന്ന് അർത്ഥം വരുന്ന രീതിയിൽ ഒരു കാർട്ടൂൺ ഹരി 'നാന'യിൽ തന്നെ പരസ്യപ്പെടുത്തിയിരുന്നു. വരികൾ വായിക്കാതെ വരികൾക്കിടയിൽ വായിച്ച് അഭിപ്രായം രൂപീകരിക്കുന്നത് ഒരു നല്ല കാർട്ടൂണിസ്റ്റിനു ചേർന്ന സ്വഭാവമല്ല. 'ജീവിതം ഒരു ഗാന'ത്തിനു ശേഷം ശ്രീവിദ്യ എന്റെ മൂന്നു ചിത്രങ്ങളിൽ കൂടി അഭിനയിച്ചു. 'സ്വന്തമെന്ന പദം', 'അമ്പലവിളക്ക്', 'ആക്രമണം' എന്നീ ചിത്രങ്ങൾ 'ജീവിതം ഒരു ഗാന'ത്തിനുശേഷം പുറത്തു വന്നവയാണല്ലോ.

ശ്രീമതി വിദ്യയുടെ മറുപടിയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ചില ആരോപണങ്ങൾ എന്നെ രസിപ്പിച്ചു. 'പ്രേംനസീറിനെയും ജയഭാരതിയെയും അഭിനയിപ്പിക്കുകയില്ലെന്നു പറഞ്ഞ തമ്പി അവരെ രണ്ടുപേരെയും ബുക്ക് ചെയ്തില്ലേ? എന്ന് അവർ ചോദിച്ചിരിക്കുന്നു. ജീവിതത്തിലിന്നേവരെ ഞാൻ ശ്രീ: പ്രേംനസീറിനോട് മുഖം കറുത്തു സംസാരിച്ചിട്ടില്ല. അദ്ദേഹത്തെ അഭിനയിപ്പിക്കുകയില്ലെന്ന് ഞാൻ എന്നു പ്രസ്താവനയിറക്കി? 'ചന്ദ്രകാന്ത'ത്തിന്റെ ഷൂട്ടിംഗിനിടയിൽ ജയഭാരതിയുമായി ഒരു ചെറിയ അഭിപ്രായവ്യത്യാസമുണ്ടായി എന്നതു സത്യം തന്നെ. പക്ഷേ അന്നും അവരെ എന്റെ ചിത്രങ്ങളിൽ അഭിനയിപ്പിക്കുകയില്ല എന്ന് ഞാൻ പരസ്യപ്രസ്താവന നടത്തിയിട്ടില്ല. അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ നസീർസാറും ജയഭാരതിയും തുറന്നുപറയട്ടെ. ഞാൻ സംവിധാനം ചെയ്യുന്ന ഒരു ചിത്രത്തിന്റെ നിർമ്മാതാവ് ഒരു നടനെയോ നടിയെയോ അഭിനയിപ്പിക്കണമെന്നു പറയുകയും കഥാപാത്രങ്ങൾക്ക് അവർ അയോഗ്യരാണെന്ന് എനിക്കു തോന്നുകയും ചെയ്താൽ ആ വ്യക്തി എന്റെ ഏററവും വലിയ ശത്രുവായാലും ഞാൻ എതിരു നില്ക്കുകയില്ല. കാരണമില്ലാതെ ഒരു കലാകാരനെയോ കലാകാരിയെയോ വേണ്ടെന്നുവെയ്ക്കാൻ ഒരു സംവിധായകനും അവകാശമില്ല. അതേസമയം സംവിധായകന്റെ പരമാധികാരത്തെ അംഗീകരിക്കാത്ത നടീനടന്മാരെ ഇരുത്തേണ്ടിടത്ത് ഇരുത്തുവാൻ ആയാൾക്ക് അധികാരമുണ്ടുതാനും.

'ഞാൻ അവസരം നൽകിയില്ലെങ്കിൽ തുണ്ടിച്ചാവുകയും മററുമില്ല' എന്ന് ശ്രീമതി വിദ്യ പറഞ്ഞിരിക്കുന്നു. ഈ കാരണം കൊണ്ടല്ലല്ലോ ഒരു കാരണവശാലും ആ സഹോദരി തൂങ്ങിച്ചാവാൻ പാടില്ല. അവർ നല്ല നടിയാണെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. അവർക്ക് ഞാൻ ദീർഘായുസ്സു നേരുന്നു.



Published by R. Krishnaswamy at Quilon and printed at The Pioneer Press Private Ltd., Sivakasi.